34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 28, 2026 Vol. XXXIV No. 39

3 ഇഡി കത്തിൽ എഫ്ഐആർ വേണ്ടേയെന്ന് ഹൈക്കോടതി

8 ദുർമന്ത്രവാദ നിരോധന നിയമം; കരട് ബില്ലായി

10 സൂര്യ കൃഷ്ണമൂർത്തി അന്തരിച്ചു

21 ലോക കേരളസഭയും ഒരു സാഹിത്യ സമ്മേളനവും

23 അധ്യ. ജോബ് മൈക്കിളിന് ഹൂസ്റ്റണിൽ സ്വീകരണം

## ഗ്യാനേഷ് കുമാറിനെതിരെ പ്രതിപക്ഷം കോടതിയെ സമീപിക്കാൻ ഒരുക്കം

ന്യൂഡൽഹി: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിലുൾപ്പെടെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിലെ അഭിപ്രായഭിന്നത പുറത്തുവന്നതിനു പിന്നാലെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ നീക്കണമെന്ന ആവശ്യം ശക്തമാക്കി പ്രതിപക്ഷ പാർട്ടികൾ. വോട്ടർപട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണ പ്രക്രിയ (എസ്ഐആർ), ഇസി ഐ നെറ്റ് പോർട്ടൽ ഉപയോഗം എന്നിവയിൽ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചകളിൽ സ്വമേധയാ കേസെടുക്കണമെന്നാവശ്യപ്പെട്ടു സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്തിന് പ്രമുഖരുടെ തുറന്ന കത്ത്. ഗ്യാനേഷ് കുമാറിനെ കുറ്റവിചാരണ ചെയ്യാനുള്ള പ്രമേയം പ്രതിപക്ഷം പാർലമെന്റിന്റെ ഇരുസഭകളിലും വീണ്ടും അവതരിപ്പിക്കും. ഗ്യാനേഷ് കുമാർ സ്ഥാനമൊഴിഞ്ഞ് മാപ്പുസാക്ഷിയാകണമെന്നു ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു. രാജിവെച്ചില്ലെങ്കിൽ രാജ്യവ്യാപക പ്രക്ഷോഭം തുടങ്ങുമെന്നു കോക്രോച്ച് ജനതാ പാർട്ടിയും (സി



ജെപി) പ്രഖ്യാപിച്ചു.

ഗ്യാനേഷിനെ നീക്കാനുള്ള പ്രമേയം മൂന്നാം തവണയാണ് പ്രതിപക്ഷം കൊണ്ടുവരുന്നത്. കോൺഗ്രസ് മുൻകയ്യെടുത്ത് കൊണ്ടുവരുന്ന പ്രമേയത്തിന് ഇന്ത്യാസഖ്യത്തിലെ കക്ഷികളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. പ്രമേയത്തിനുള്ള നോട്ടീസിന്റെ കരട് തയാറാക്കുകയാണെന്നു കോൺഗ്രസ് വൃത്തങ്ങൾ പറഞ്ഞു. ലോക്സഭയിലും രാജ്യസഭയിലും അവതരിപ്പിക്കും. വോട്ടർപട്ടികയിൽ കൃത്രിമം കാട്ടിയെന്ന് ആരോപിച്ച് ഗ്യാനേഷിനെതിരെ തൃണമൂൽ കോൺഗ്രസ് എം.പി. മഹുവ മൊയ്ത്ര പാർലമെന്റ് സ്ട്രീറ്റ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

എല്ലാ സംസ്ഥാനങ്ങളിലും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർമാരുടെ ഓഫീസുകളിലേക്ക് കോൺഗ്രസ് മാർച്ച് നടത്തി.

ഗ്യാനേഷ് കുമാറിന്റെ രാജിയടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് സിജെപി ഓൺലൈൻ പെറ്റീഷൻ സംവിധാനവും ആരംഭിച്ചു. പേജ് തുറന്നു മിനിറ്റുകൾക്കുള്ളിൽ ആറായിരത്തിലേറെ പെറ്റീഷനുകളാണ് എത്തിയത്.

"എന്റെ മാതാപിതാക്കളുടെയോ മുത്തച്ഛന്റെയോ അല്ലെങ്കിൽ ബന്ധുവിന്റെയോ ഇലക്ടറൽ റോൾ നമ്പർ ഞാൻ എന്തിനാണ് (ശേഷം 34-ാം പേജിൽ)

## മലയാളിതാരം ആൻസി സോജന് ഏഷ്യൻ ഗെയിംസ് ലോങ്ജംപിൽ വെള്ളി




ഏഷ്യൻ ഗെയിംസ് ലോങ്ജംപിൽ വെള്ളിമെഡൽ നേടിയ ഇന്ത്യയുടെ മലയാളിതാരം ആൻസി സോജന്റെ ആഹ്ലാദം.

നഗോയ: ഏഷ്യൻ ഗെയിംസിലെ വനിതാ ലോങ്ജംപിൽ മലയാളിതാരം ആൻസി സോജന് വെള്ളിത്തിളക്കം. ഒമ്പതുദിനം പിന്നിടുമ്പോൾ നാല് സ്വർണവും 16 വെള്ളിയും 17 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ കൈവശം 37 മെഡലുകളായി. സെപ്റ്റംബർ 27-നു മാത്രം ഏഴ് മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ നേടിയത്. അവസാനറൗണ്ട് വരെ മുന്നിട്ടുനിന്നശേഷമാണ് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത്. ചൈനീസ് താരം യിങ് യിങ് ഹുവാങ് 6.55 മീറ്റർ ചാടിയാണ് സ്വർണം നേടിയത്. ആൻസി 6.53 മീറ്ററാണ് പിന്നിട്ടത്. തൃശൂർ നാട്ടിക സ്വദേശിനിയാണ്.പുരുഷവിഭാഗം ഹൈജംപിൽ ഇന്ത്യയുടെ സർവേശ് കുശാരെ വെള്ളി നേടി.

(ശേഷം 34-ാം പേജിൽ)

## കോഹ്‌ലിയ്ക്ക് ചരിത്രനേട്ടം

തിരുവനന്തപുരം: രാജ്യാന്തര ഏകദിന ക്രിക്കറ്റിൽ അതിവേഗം 15,000 റൺസ് എന്ന റിക്കാർഡ് സ്വന്തമാക്കി



വിരാട് കോഹ്‌ലി. ഇന്ത്യൻ ഇതിഹാസം സച്ചിൻ തെണ്ടുൽക്കറെയാണ് കോഹ്‌ലി മറികടന്നത്. 315 മത്സരങ്ങളിലെ 303 ഇന്നിംഗ്സിലാണ് കോഹ്‌ലിയുടെ അതുല്യ നേട്ടം. 377 ഇന്നിംഗ്സിലായിരുന്നു സച്ചിൻ 15,000 റൺസ് പിന്നിട്ടത്. സെപ്റ്റംബർ 27-ന് കാര്യവട്ടത്ത് വെസ്റ്റ് ഇൻഡീസിനെതിരെ നടന്ന ഒന്നാം ഏകദിനത്തിൽ ഇന്ത്യക്കായി പുറത്താകാതെ 139 റൺസ് നേടിയ ഇന്നിംഗ്സിനിടെയായിരുന്നു കോഹ്‌ലിയുടെ റിക്കാർഡ് നേട്ടം. മത്സരത്തിൽ ഇന്ത്യ എട്ട് വിക്കറ്റിന്റെ ആധികാരിക ജയം നേടി.

കാര്യവട്ടത്ത് രണ്ടാം സെഞ്ചുറിയാണ് വിരാട് കുറിച്ചത്. കരിയറിലെ 55-ാം ഏകദിന സെഞ്ചുറിയും. നിലവിൽ കളിക്കുന്നവരിൽ സെഞ്ചുറി നേട്ടത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കരിയറിന്റെ സായാഹ്നത്തിലെത്തിയിരിക്കുന്ന രോഹിത് ശർമയാണ്-34 സെഞ്ചുറി. ഏകദിന ക്രിക്കറ്റിലെ റൺ സ്കോറർമാരിൽ സച്ചിനു (18,426) പിന്നിൽ രണ്ടാം സ്ഥാനത്താണ് കോഹ്‌ലി (15080).

ഏകദിന ക്രിക്കറ്റിൽ ഏറ്റവും അധികം ശരാശരിയും (59.14) കോഹ്‌ലിക്കാണ്. പതിനായിരം റൺസ് പിന്നിട്ടവരിൽ എം.എസ്. ധോണിക്കു മാത്രമാണ് അമ്പതിനു മുകളിൽ ശരാശരിയുള്ളത്.

## നിയമസഭാ കയ്യാങ്കളി കേസ്; 11 വർഷത്തിനുശേഷം വിചാരണയ്ക്ക് തുടക്കം



തിരുവനന്തപുരം: സംസ്ഥാന രാഷ്ട്രീയത്തിൽ ഏറെ വിവാദത്തിനിടയാക്കിയ നിയമസഭാ കയ്യാങ്കളിക്കേസിൽ 11 വർഷത്തിനുശേഷം വിചാരണ നടപടികൾക്ക് തുടക്കമാകുന്നു. നവംബർ മൂന്നിന് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി കേസിന്റെ വിചാരണ ആരംഭിക്കും. ആദ്യദിനം കേസിലെ ഒന്നാം സാക്ഷിയും മുൻ നിയമസഭാ സെക്രട്ടറിയുമായ ശാരംഗധരനെ കോടതി വിസ്തരിക്കും. മുൻ എംഎൽഎമാരായ വി. ശിവൻകുട്ടി, ഇ.പി. ജയരാജൻ, കെ.ടി. ജലീൽ, കെ. അജിത്, കെ. കുഞ്ഞഹമ്മദ്, സി.കെ. സദാശിവൻ എന്നിവരാണ് മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രധാന പ്രതികൾ.

2015 മാർച്ച് 13-നായിരുന്നു കേസിനാസ്പദമായ സംഭവം. അന്നത്തെ ധനമന്ത്രി കെ.എം. മാണി ബജറ്റ് അവതരിപ്പിക്കുന്നത് തടസ്സപ്പെടുത്തുന്നതിനിടെ സഭയ്ക്കുള്ളിൽ അക്രമം അഴിച്ചുവിടുകയും 2.20 ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിക്കുകയും ചെയ്തുവെന്നാണ് പൊതുമുതൽ നശീകരണ നിമപ്രകാരം പോലീസ് കേസ്. സ്പീക്കറുടെ വേദിയിൽ അതിക്രമിച്ചുകയറി കസേര, കംപ്യൂട്ടറുകൾ, മൈക്ക്, ഇലക്ട്രോണിക് പാനലുകൾ എന്നിവ തകർത്ത് 2.20 ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിച്ചെന്നാണ് കേസ്. (ശേഷം 34-ാം പേജിൽ)

SUNNY FINANCIAL STRATEGIES
Forbes 2026 BEST-IN-STATE FINANCIAL SECURITY PROFESSIONALS SHOOK RESEARCH
Member MDRT
CFP

RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.
Integrated financial planning for retirees, pre-retirees, professionals, executives, and business owners.
ONE RELATIONSHIP • ONE PLAN • GREATER CLARITY

Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor

COMPREHENSIVE FINANCIAL PLANNING
Six Key Planning Areas. One Coordinated Strategy.

✓ Retirement & Financial Planning
Cash-flow planning • Social Security • Medicare • RMDs
Build a sustainable, tax-aware retirement income plan

✓ Tax-Smart Planning Strategies
Roth conversions • tax diversification • capital-gain planning
Qualified plan deductions, withdrawal sequencing and CPAs

✓ Wealth & Investment Management
Stocks • ETFs • mutual funds • bonds • advisory portfolios
Alternatives, hybrid annuities, retirement optimization

✓ Business & Executive Planning
Solo 401(k) • SEP IRA • cash balance • defined benefit
Executive benefits, succession and continuity planning

✓ 401(k), IRA & Pension Rollovers
401(k) • 403(b) • 457(b) • TSP • pensions • IRAs
Consolidate and gain investment and distribution flexibility

✓ Estate, Legacy & Protection Planning
Wills • trusts • life • disability • long-term care
Health & financial POAs, liquidity and wealth transfer

Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.

COMPLIMENTARY FINANCIAL STRATEGY REVIEW
Identify gaps. Prioritize opportunities.
Gain access to your financial planning portal.
847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com
SCAN TO CONNECT

Tom Sunny, Financial Adviser with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services
DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling


TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available


Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend


Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# ഇഡി കത്തിൽ എഫ്ഐആർ വേണ്ടേയെന്ന് ഹൈക്കോടതി



കൊച്ചി: പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അടക്കമുള്ളവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം അന്വേഷണത്തിനു ശിപാർശ ചെയ്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടതല്ലേ എന്നു ഹൈക്കോടതി ചോദിച്ചു.

ആദ്യം തന്നെ എഫ്ഐആർ ആവശ്യമില്ലെന്നും ഇതുസംബന്ധിച്ചു സുപ്രീം കോടതി ഉത്തരവുണ്ടെന്നും അഡ്വക്കറ്റ് ജനറൽ ജാജു ബാബു അറിയിച്ചു. എന്നാൽ, കള്ളപ്പണം വെളുപ്പിക്കൽ നിരോധന നയമത്തിന്റെ 66 (2) പ്രകാരം നൽകിയ കത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യേണ്ടത്, സുപ്രീം കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിർബന്ധമാണെന്ന് ഇഡി അഭിഭാഷകൻ ജയശങ്കർ വി. നായർ വാദിച്ചു.

ഇതുമായി ബന്ധപ്പെട്ടു നിയമപ്രശ്നം ഹൈക്കോടതി പരിശോധിക്കും. വിശദവാദം കേൾക്കും. ഡിജിപിക്ക് ഇ.ഡി. നൽകിയ കത്തിന്റെ പകർപ്പ് മുദ്ര വെച്ച കവറിൽ ഹാജരാക്കാനും ജസ്റ്റിസ് എ. ബദറുദ്ദീൻ നിർദേശം നൽകി.

പിണറായി വിജയൻ, മകൾ ടി. വീണ, മരുമകനും മുൻ മന്ത്രിയുമായ പി. എ. മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കാത്തതു ചോദ്യം ചെയ്ത് കെ.എം. ഷാജഹാൻ നൽകിയ ഹർജിയാണു ഹൈക്കോടതി പരിഗണിക്കുന്നത്. എന്നാൽ ഹർജി തന്നെ നിലനിൽക്കില്ലെന്നു വാദിച്ച അഡ്വക്കറ്റ് ജനറൽ പൊതുതാൽപര്യ ഹർജിയായിരുന്നു നൽകേണ്ടിയിരുന്നതെന്ന് അറിയിച്ചു.

അതല്ലെങ്കിൽ ഇ.ഡിയാണു കോടതിയെ സമീപിക്കേണ്ടത്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണു പ്രാഥമികാന്വേഷണത്തിനു തീരുമാനമെടുത്തതെന്നും വിശദീകരിച്ചു. എന്നാൽ ഇത് ഗൗരവമുള്ള വിഷയമാണെന്നും നിയമപ്രശ്നത്തിൽ വാദം കേൾക്കേണ്ടതുണ്ടെന്നും കോടതി വ്യക്തമാക്കി.

സിഎംആർഎൽ ക്രമക്കേടുമായി ബന്ധപ്പെട്ട് ഇഡി നൽകിയ കത്തിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയനും മുൻമന്ത്രി പി.എ. മുഹമ്മദ് റിയാസിനും എതിരേ ക്രൈംബ്രാഞ്ചിന്റെ പ്രാഥമികാന്വേഷണം സർക്കാർ പ്രഖ്യാപിച്ചിരുന്നു.

മാസപ്പടി, ഹവാല ഇടപാട് ആരോപണങ്ങളിൽ ക്രൈംബ്രാഞ്ച് എഡിജിപി എച്ച്. വെങ്കിടേഷിന്റെ മേൽനോട്ടത്തിൽ പ്രത്യേക സംഘമാകും അന്വേഷണം നടത്തുക. സമയപരിധി നിശ്ചയിച്ചിട്ടില്ല. കരിമണൽ കമ്പനിയിൽ നിന്നുള്ള മാസപ്പടിയും ദുബായിലേക്കുള്ള ഹവാല ഇടപാടുമെല്ലാം അന്വേഷിക്കും. തെളിവുണ്ടെങ്കിൽ കേസെടുക്കും. ക്രൈംബ്രാഞ്ചിന്റെ പ്രാഥമികാന്വേഷണത്തിൽ അഴിമതിക്കു തെളിവു കണ്ടെത്തിയാൽ വിജിലൻസ് അന്വേഷണവുമുണ്ടാകും.

മാസപ്പടിക്കേസിലെ അന്വേഷണത്തിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ (ശേഷം 34-ാം പേജിൽ)

# മുഖ്യമന്ത്രിയുടെ സുരക്ഷ കൂട്ടണമെന്ന് ഇന്റലിജൻസ് എഡിജിപി

തിരുവനന്തപുരം: മുഖ്യമന്ത്രി പങ്കെടുക്കുന്ന പൊതുപരിപാടികളിൽ സുരക്ഷ ശക്തമാക്കണമെന്നു ജില്ലാ പോലീസ് മേധാവിമാർക്ക് ഇന്റലിജൻസ് എഡിജിപിയുടെ നിർദ്ദേശം. അനിയന്ത്രിതമായി ജനക്കൂട്ടം അദ്ദേഹത്തെ സമീപിക്കുകയും ശരീരത്തിൽ സ്പർശിക്കുന്ന വിധത്തിൽ അടുത്തിടപഴകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത വേണമെന്നാണ് നിർദ്ദേശം. പൊതുപരിപാടികളിലും അദ്ദേഹം യാത്ര ചെയ്യുന്ന ഇടങ്ങളിലും യൂണിഫോം ഡ്യൂട്ടിയിലുള്ള പോലീസുകാർക്കു പുറമെ മഫ്തിയിലും ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്നും നിർദേശത്തിലുണ്ട്.

മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധവുമായി പ്രതിപക്ഷ കക്ഷികൾ കരിങ്കൊടി കാണിക്കുന്ന സാഹചര്യത്തിൽ യാത്രയിൽ അദ്ദേഹത്തിന്റെ സുരക്ഷ ഉയർത്തണമെന്നും പോലീസ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ, തനിക്ക് പൈലറ്റ്, എസ്കോർട്ട് വാഹനങ്ങൾ മാത്രം മതിയെന്ന നിലപാടിലാണ് മുഖ്യമന്ത്രി.

# ഗ്യാനേഷിനെതിരെ രാജ്യവ്യാപക സമരത്തിനു നീക്കം

ന്യൂഡൽഹി: സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലും (എസ്ഐആർ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിലെ നടപടികളിലും വീഴ്ചയുണ്ടായെന്നു പരോക്ഷമായി സമ്മതിച്ച പശ്ചാത്തലത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രക്ഷോഭങ്ങൾ ശക്തമാക്കാൻ പ്രതിപക്ഷം. ഇന്ത്യാ സഖ്യത്തിനു പുറത്തുള്ള പാർട്ടികളും കൂടി ചേർത്ത് രാജ്യവ്യാപക സമരമാണ് ആലോചിക്കുന്നത്.

എസ്ഐആറിലെ ക്രമക്കേട് ആരോപണങ്ങളെല്ലാം ശരിയാണെന്നു പറയാതെ പറഞ്ഞാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പരാതി പരിഹാരത്തിനുള്ള അടിയന്തര നടപടികൾ പ്രഖ്യാപിച്ചത്. ഈ സാഹചര്യത്തിൽ ഗ്യാനേഷ്കുമാറിന്റെ രാജി ആവശ്യത്തിൽ വിട്ടുവീഴ്ച വേണ്ടെന്നാണ് പ്രതിപക്ഷ തീരുമാനം. ഓരോ പാർട്ടിയും സ്വന്തം നിലയ്ക്ക് നടത്തുന്ന പ്രതിഷേധങ്ങൾക്കൊപ്പം സംയുക്ത സമരം കൂടിയാണ് ലക്ഷ്യമിടുന്നത്. 30-ന് ചേരുന്ന ഇന്ത്യാ സഖ്യം യോഗത്തിൽ ഇതു ചർച്ച ചെയ്യും. മുന്നണിയിൽനിന്ന് അകന്നു നിൽക്കുന്ന ഡിഎംകെ, എഎപി അടക്കമുള്ള പാർട്ടികളെയും പ്രതിഷേധത്തിന്റെ ഭാഗമാക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ വിഷയം ചർച്ചയായിരുന്നു.

എസ്ഐആർ പരാജയമായിരുന്നു എന്നതിന്റെ സമ്മതപത്രമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ച നടപടികളെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് പറഞ്ഞു. ഫോം 6-ൽ മാറ്റം വരുത്തിയത് നിയമവിരുദ്ധമായതിനാൽ എസ്ഐആറിന്റെ തുടർച്ചയായി നടത്തിയ ബിഹാർ, ബംഗാൾ തെരഞ്ഞെടുപ്പുകൾ റദ്ദാക്കണമെന്ന് കോൺഗ്രസ് വക്താവ് പവർ ഖേരയും ആവശ്യപ്പെട്ടു.

സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) ഭാഗമായി കരട് വോട്ടർ പട്ടികയിൽ നിന്ന് വോട്ടർമാരെ നീക്കം ചെയ്യുന്ന രീതിക്കെതിരെ ബംഗാളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ സംഘടന കഴിഞ്ഞവർഷം ഡിസംബറിൽ എതിർപ്പ് ഉന്നയിച്ചിരുന്നു. ബംഗാളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് അയച്ച കത്തിലാണ് പേരുകൾ ഒഴിവാക്കുന്ന കാര്യം ചൂണ്ടിക്കാട്ടിയത്. ഇതേ വിഷയം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണിലെ കമ്മീഷണർമാരായ സുഖ്ബീർസിംഗ് സന്ധുവും വിവേക് ജോഷിയും ഉന്നയിച്ച വിവരം ഏതാനും ദിവസം മുൻപ് പുറത്തുവന്നിരുന്നു.

അതേസമയം, ഗ്യാനേഷ് കുമാറിനായി ബിജെപി നേതാക്കൾ കൂട്ടത്തോടെ രംഗത്തെത്തി. വിവിധ ഹിന്ദു സംഘടനകളുടെ നേതൃത്വത്തിൽ ഡൽഹി ബിർല മന്ദിറിനു സമീപം പ്രകടനം നടത്തി. ഗ്യാനേഷ് കുമാറിന് ഭാരതരത്നം പുരസ്കാരം നല്കണമെന്നും ഇവർ ആവശ്യപ്പെട്ടു.

ഇതിനിടെ, മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ സിജെപി ഒക്ടോബർ രണ്ടിന് മുംബൈയിൽ ശിവാജി പാർക്കിൽ നടത്താനിരുന്ന പ്രതിഷേധത്തിന് പോലീസ് അനുമതി നിഷേധിച്ചു. ജനവാസ മേഖലകൾക്ക് സമീപമുള്ള ശിവജി പാർക്ക് നിശബ്ദ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മുംബൈയിൽ മറ്റെവിടെയെങ്കിലും പരിഗണിക്കണമെന്ന് പോലീസ് നിർദേശിച്ചിട്ടുണ്ട്.

# പോലീസിൽ ഒരു ദിവസത്തെ നിർബന്ധിത അവധി പ്രഖ്യാപിച്ചു

തിരുവനന്തപുരം: മാനസിക സംഘർഷം ഒഴിവാക്കാൻ പോലീസിൽ നിർബന്ധിത അവധി പ്രഖ്യാപിച്ചു എഡിജിപി പി. വിജയൻ ഉത്തരവിറക്കി. കേരളത്തിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുതൽ സിവിൽ പോലീസ് ഓഫീസർമാർ വരെയുള്ളവർക്ക് ആഴ്ചയിലൊരിക്കൽ നിർബന്ധിത അവധി നൽകണമെന്നാണു ജില്ലാ പോലീസ് മേധാവിമാർക്കു നിർദേശം നൽകിയിരിക്കുന്നത്.

വിശ്രമമില്ലാതെയുള്ള ജോലിഭാരം പോലീസിനു മാനസിക സംഘർഷത്തിനു കാരണമാകുമെന്ന കണ്ടെത്തലാണ് ഇത്തരമൊരു തീരുമാനത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. കുടുംബത്തോടൊപ്പം ചെലവഴിക്കുന്നതിലൂടെ പോലീസ് ഉദ്യോഗസ്ഥർക്കുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കാൻ കഴിയും. പോലീസ് സേനയിലുള്ളവരുടെ വിവാഹ വാർഷികം ഉൾപ്പെടെയുള്ള വിശേഷ ദിവസങ്ങളിൽ അവധി കൊടുക്കാനും നിർദേശമുണ്ട്.

വിശ്രമില്ലാതെ മാനസിക സംഘർഷങ്ങളും പേറി ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരിൽ പലരെയും കടുത്ത രക്തസമ്മർദവും മാനസിക പിരിമുറുക്കങ്ങളും ആത്മഹത്യകളിലേക്കു തള്ളിവിടുന്നുവെന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ പല തവണ ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ, ഈ റിപ്പോർട്ടിൻമേൽ പരിഹാരം ഒന്നും ഉണ്ടായില്ല.

എട്ടു വർഷത്തിനിടെ കടുത്ത മാനസിക സംഘർഷങ്ങളെത്തുടർന്ന് 130 പോലീസ് ഉദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്. 2016-ൽ പതിനഞ്ച് പേരും 2017-ൽ 14 പേരും 2018-ൽ 13 പേരും 2019-ൽ 18 പേരും 2020-ൽ 12 പേരും 2021-ൽ 10 പേരും 2022-ൽ 20 പേരും 2023-ൽ 16 പേരും 2024-ൽ 12 പേരും ഉൾപ്പെടെ 130 പോലീസ് ഉദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്.

പൊതുജനങ്ങളോടു കൂടുതൽ സഹാനുഭൂതിയോടെ പ്രവർത്തിക്കാൻ ഉപകരിക്കുന്ന വിധത്തിൽ കാര്യങ്ങൾ ഏകോപിപ്പിക്കണമെന്ന് എഡിജിപി നിർദേശിച്ചു. ജില്ലാ പോലീസ് മേധാവിമാർക്ക് നൽകിയ നിർദേശം ഈ മാസം പ്രാബല്യത്തിലാക്കാനാണു ശ്രമം. മാസത്തിൽ നാലാമത്തെ ശനിയാഴ്ച എല്ലാ പോലീസ് ജില്ലകളിലും അഭിനന്ദനദിനമായി ആചരിക്കണമെന്നും അദ്ദേഹം നിർദേശം നൽകി.

# പത്ത് മണിക്കൂറിലേറെ കൈകൾ കൂട്ടിക്കെട്ടി വെള്ളത്തിലൊഴുകി നടന്ന കിഷോർ മനോഹറിന് ദേശീയ റെക്കോർഡ്

പുത്തൂർ: കൈകൾ കൂട്ടിക്കെട്ടി പൊങ്ങുതടി പോലെ വെള്ളത്തിൽ പത്ത് മണിക്കൂർ ഒഴുകിനടന്ന നൂറനാട് പയ്യനല്ലൂർ കാരുണ്യയിൽ കിഷോർ മനോഹരൻ (38) നേടിയത് പുതിയ റെക്കോർഡ്. പാങ്ങോട് ക്ഷേത്രക്കുളത്തിലായിരുന്നു കിഷോറിന്റെ സാഹസിക നീന്തൽ പ്രകടനം. രാവിലെ 7.50-ന് തുടങ്ങി നീന്തൽ വൈകിട്ട് 6-നാണ് സമാപിച്ചത്.



മൊത്തം 10 മണിക്കൂർ 10 മിനിറ്റ്. നീന്താൻ ഇറങ്ങും മുൻപ് ലഘുഭക്ഷണം കഴിച്ച കിഷോർ ഭക്ഷണവും വെള്ളവുമില്ലാതെയാണ് ഇത്രയും നേരം വെള്ളത്തിൽ കിടന്നത്. ഈ വർഷം ഏപ്രിൽ 15-ന് കിഷോർ തന്നെ സ്ഥാപിച്ച 2 മണിക്കൂർ 6 സെക്കൻഡ് എന്ന റെക്കോർഡാണ് അതിന്റെ അഞ്ചിരട്ടിയോളം സമയം വെള്ളത്തിൽ പൊന്തിക്കിടന്ന് കിഷോർ ഭേദിച്ചത്. ഫ്ളോട്ടിങ് ആൻഡ് സ്വിമ്മിങ് എന്ന ഇനത്തിൽ ദേശീയ റെക്കോർഡാണിതെന്ന് കിഷോർ പറഞ്ഞു. ലോകറെക്കോർഡ് സ്ഥാപിക്കുകയാണ് അടുത്ത ലക്ഷ്യം.

അച്ഛൻ മനോഹരൻ മണിയാർ ഡാം ഓവർസീയറായിരുന്ന കാലത്ത് ഡാം പരിസരത്താണ് അഞ്ചു വയസുകാരനായ കിഷോർ നീന്തൽ പരിശീലിച്ചു തുടങ്ങിയത്. പിന്നീട് നീന്തൽ ഹരമായി മാറി. സിവിൽ എൻജിനീയറിങ്ങിനുശേഷവും കടമ്പനാട് ഏഴാം മൈലിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോഴും മാങ്ങോട് ചിറയിൽ നീന്താനെത്തുമായിരുന്നു.

തെളിഞ്ഞ ജലവും വിശാലമായ പരപ്പും ഉള്ള പാങ്ങോട് ചിറ തന്നെയാകട്ടെ റെക്കോർഡ് നീന്തലിനും എന്നു തീരുമാനിച്ചത് അങ്ങനെയാണ്. അച്ഛൻ മനോഹരനും അമ്മ സുധാമണിയും സഹോദരൻ വിഷ്ണു മനോഹരനും ഒപ്പമുണ്ടായിരുന്നു.

കൗതുക നീന്തലിനെക്കുറിച്ചറിഞ്ഞ കാണാനെത്തിയവരും ദൃശ്യങ്ങൾ പകർത്തിയവരും ധാരാളം. നീന്തൽ കഴിഞ്ഞെത്തിയ കിഷോറിനെ പഞ്ചായത്ത് പ്രസിഡന്റ് ജെ.കെ. വിനോദിനിയുടെ നേതൃത്വത്തിൽ നാട്ടുകാർ അനുമോദിച്ചു.

പഞ്ചായത്ത് അംഗങ്ങളായ യു. എൽ. ലാവണ്യ, ബിന്ദു, ജയന്തിഭായി, ക്ഷേത്ര ഭരണസമിതി അംഗങ്ങൾ, വായനശാല ഭാരവാഹികൾ, വിവിധ യുവജന സന്നദ്ധസംഘടന പ്രവർത്തകർ, നാട്ടുകാർ എന്നിവർ പങ്കെടുത്തു.

# ഡോ. ഒ.എം. രാജുക്കുട്ടി കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ചു





ചിക്കാഗോ: വേൾഡ് വിഷൻ ഇവാഞ്ചലിസം സഭയുടെ ജനറൽ പ്രസിഡണ്ട് ഡോ. ഒ.എം. രാജുകുട്ടിയും ഭാര്യ സൂസൻ രാജുക്കുട്ടിയും കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച് സൗഹൃദ സംഭാഷണവും അനുഗ്രഹ പ്രാർത്ഥനയും നടത്തി. കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, അനീഷ് ഈപ്പൻ, അജിത് ഈപ്പൻ, ഡോ. ടൈറ്റസ് ഈപ്പൻ, ഫെലോഷിപ്

**കുര്യൻ ഫിലിപ്പ്**

ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ കൺവീനർ പാസ്റ്റർ സേവ്യർ ജെയിംസ്, ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ പ്രസിഡണ്ട് ഡോ. അലക്സ് ടി. കോശി, ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് എന്നിവർ സന്നിഹിതരായിരുന്നു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി അഞ്ഞൂറോളം സഭകൾ ഡബ്ല്യുഎംഇ പ്രസ്ഥാനത്തിനുണ്ട്. സഭയുടെ വാർഷിക കൺവൻഷനായ കരിയംപ്ലാവ് കൺവൻഷൻ അന്തർദ്ദേശീയ പ്രസിദ്ധമാണ്. പത്തനംതിട്ട ജില്ലയിലെ കരിയംപ്ലാവ് എന്ന സ്ഥലത്ത് എളിയ രീതിയിൽ ആരംഭിച്ച കൺവൻഷൻ ഇന്ന് ആയിരങ്ങൾ പങ്കെടുക്കുന്ന മഹാസമ്മേളനമായി മാറി. തന്റെ ഭാര്യയുടെ പിതാവായ പാസ്റ്റർ സി.എസ്. മാത്യു ആരംഭിച്ച പ്രസ്ഥാനത്തിന് അദ്ദേഹത്തിന്റെ മരണശേഷം ഡോ. ഒ.എം. രാജുകുട്ടി നേതൃത്വം നല്കിവരുന്നു. നിരവധി ഗാനങ്ങളുടെ രചയിതാവ് കൂടിയാണ് ഡോ. ഒ.എം. രാജുകുട്ടി. അദ്ദേഹത്തിന്റെ പ്രസിദ്ധ ഗാനമായ പാരിൽ പാർക്കും എന്നായുസ്സിൽ എന്ന ഗാനത്തിന് ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ വി. നാഗൽ കീർത്തന അവാർഡ് ലഭിച്ചിട്ടുണ്ട്. ചങ്ങനാശേരി എസ്.ബി. കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും ഹിസ്റ്ററിയിലും മാസ്റ്റേഴ്സ് ബിരുദം നേടിയിട്ടുണ്ട്. അമേരിക്കയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി. ചിക്കാഗോയിൽ വെച്ച് നടന്ന പെന്തെക്കോസ്ത് സഭകളുടെ സംയുക്ത കൺവൻഷനിൽ അദ്ദേഹം മുഖ്യപ്രസംഗകനായിരുന്നു.

## ജിഎസ്ടി ജോയിന്റ് കമ്മീഷണർക്ക് അനധികൃത സ്വത്തെന്ന് വിജിലൻസ്

കൊച്ചി: ജിഎസ്ടി ജോയിന്റ് കമ്മീഷണർ പ്രജനി രാജൻ അനധികൃതമായി സമ്പാദിച്ചത് 2.89 കോടിയുടെ സ്വത്തെന്ന് വിജിലൻസ്. പ്രാഥമികാന്വേഷണത്തിലാണ് ഇക്കാര്യം കണ്ടെത്തിയത്. ഇതേത്തുടർന്നാണ് ഈയിടെ ഇവരുടെ എറണാകുളത്തെ രണ്ട് വസതികളിൽ റെയ്ഡ് നടത്തിയതെന്ന് വിജിലൻസ് വ്യക്തമാക്കി. പച്ചാളത്തുള്ള വസതിയിൽനിന്ന് കണക്കിൽപ്പെടാത്ത 14.10 ലക്ഷം രൂപയും 788 യു.എസ്. ഡോളറും 250-ൽ അധികം രേഖകളും പിടിച്ചെടുത്തിരുന്നു. പ്രജനിയെ വിശദമായി ചോദ്യം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് വിജിലൻസ്. ഇതിനായി നോട്ടീസ് നൽകും. തേവരയിലെ സംസ്ഥാന ചരക്കു സേവന നികുതി ജോയിന്റ് കമ്മീഷണറാണ് പ്രജനി രാജൻ. 2014 മുതൽ 2024 വരെയുള്ള കാലയളവിലാണ് ഏകദേശം 2.89 കോടിയുടെ അനധികൃത സ്വത്ത് സമ്പാദിച്ചത്. പ്രാഥമിക കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസെടുത്തിരുന്നു. ഇതേത്തുടർന്നായിരുന്നു പച്ചാളത്തെ ഇവരുടെ രണ്ട് വീടുകളിൽ ഉൾപ്പെടെ മൂന്നിടങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തിയത്.

സെപ്റ്റംബർ 26-ന് ശനിയാഴ്ച രാവിലെ 7.45-ന് ആരംഭിച്ച പരിശോധന പൂർത്തിയായത് രാത്രി 9.45-നായിരുന്നു. നിക്ഷേപങ്ങളുടേതടക്കം രേഖകൾ പിടിച്ചെടുത്തവയിലുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് എറണാകുളം വിജിലൻസ് സ്പെഷൽ സെൽ ഡയറക്ടർക്കു കൈമാറും. വിശദമായ റിപ്പോർട്ട് തയാറാക്കിയശേഷം പ്രജനിയുടെ വകുപ്പിനും നൽകും. വകുപ്പുതല നടപടിയുണ്ടാകുമെന്നാണ് സൂചന. പിടിച്ചെടുത്ത പണം കൈക്കൂലിയാകാമെന്ന നിഗമനത്തിലാണ് വിജിലൻസ്.

ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സ്വത്ത് സമ്പാദിച്ചു കൂട്ടുന്നുവെന്നാണ് വിജിലൻസിൽ തപാൽ വഴി പരാതി ലഭിച്ചത്. അഭിഭാഷകന്റെ പേരിലായിരുന്നു പരാതി. എന്നാൽ ഇങ്ങനെയൊരാൾ ഇല്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തി. എങ്കിലും വിജിലൻസ് പരാതി ഗൗരവത്തിലെടുക്കുകയും നിരീക്ഷിക്കുകയുമായിരുന്നു. തുടർന്നാണ് എഫ്ഐആർ ഇട്ടതും റെയ്ഡിലേക്കു കടന്നതും. പരിശോധനയ്ക്കിടെ പണവും ഡോളറും ഒളിപ്പിക്കാൻ പ്രജനി ശ്രമിച്ചെങ്കിലും നടന്നില്ല. ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള ലോഡ്ജുകളിൽനിന്നടക്കമുള്ള മാസവരുമാനമാണ് 14.10 ലക്ഷം രൂപയെന്നാണ് ഇവർ വിജിലൻസിനോടു പറഞ്ഞത്. സഹോദരി വിദേശത്താണെന്നും താനും അടുത്തിടെ വിദേശയാത്ര നടത്തിയെന്നും അതിന്റെ ഭാഗമായി സൂക്ഷിച്ചിരുന്നതാണ് ഡോളറെന്നും പറഞ്ഞു. ഇതൊന്നും വിജിലൻസ് മുഖവിലയ്ക്കെടുത്തിട്ടില്ല. എറണാകുളം വിജിലൻസ് സ്പെഷൽ സെൽ എസ്പി എം.ജെ. സോജന്റെ മേൽനോട്ടത്തിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എ.എൽ. യേശുദാസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

## പ്രായപൂർത്തിയാകാത്ത മക്കൾക്ക് സ്കൂട്ടർ ഓടിക്കാൻ നല്കിയ മൂന്ന് അമ്മമാർക്കെതിരെ കേസ്

കാസർഗോഡ്: പ്രായപൂർത്തിയാകാത്ത മക്കൾക്ക് സ്കൂട്ടർ ഓടിക്കാൻ നല്കിയതിന് ബേക്കൽ, മേൽപറമ്പ് പോലീസ് സ്റ്റേഷനുകളിലായി മൂന്ന് അമ്മമാർക്കെതിരെ പോലീസ് കേസെടുത്തു. സ്കൂട്ടറുകളും കസ്റ്റഡിയിലെടുത്തു.

മേൽപറമ്പ് എസ്ഐ ടി. അഖിലിന്റെ നേതൃത്വത്തിൽ നടത്തിയ വാഹന പരിശോധനയ്ക്കിടെയാണ് ബെണ്ടിച്ചാലിൽ 15 വയസുകാരനായ വിദ്യാർത്ഥി സ്കൂട്ടറിൽ എത്തിയത്. പരിശോധനയ്ക്കിടെ പോലീസ് സ്കൂട്ടർ ഓടിച്ചയാളുടെ ലൈസൻസ് ആവശ്യപ്പെട്ടപ്പോൾ ഇല്ലെന്ന മറുപടിയാണ് നല്കിയത്. തുടർന്ന് കുട്ടിക്ക് 15 വയസ്സാണെന്നു തിരിച്ചറിഞ്ഞു. സ്കൂട്ടർ ഓടിക്കാൻ ആരാണ് തന്നതെന്ന് പോലീസ് ചോദിച്ചപ്പോൾ അമ്മയാണെന്നാണ് കുട്ടി പോലീസിനു മൊഴി നല്കിയത്. തുടർന്നാണ് കുട്ടിയുടെ അമ്മ, ബെണ്ടിച്ചാൽ സ്വദേശിനിക്കെതിരെ പോലീസ് കേസെടുത്തത്.

ബേക്കൽ എസ്ഐ യു. റോഷിത്തിന്റെ നേതൃത്വത്തിൽ വാഹന പരിശോധനയ്ക്കിടെയാണ് തിരുവാക്കോളി ജുമാമസ്ജിദ്, മൗവ്വൽ എന്നിവിടങ്ങളിൽ നിന്നും 17 വയസ്സുകാരായ രണ്ട് പേരെ സ്കൂട്ടർ ഓടിക്കുന്നതിനിടെ പിടികൂടിയത്. പൊടിപ്പള്ളം ഭാഗത്തുനിന്നും പാലക്കുന്ന് ഭാഗത്തേക്ക് പോകുന്നതിനിടെയാണ് ഒരാളെ പിടികൂടിയത്. സംഭവത്തിൽ കുട്ടിയുടെ മാതാവായ ബേക്കൽ കണ്ണംകുളം സ്വദേശിനിക്കെതിരെ കേസെടുത്തു. മൗവ്വലിൽ നിന്നു പിടികൂടിയ സ്കൂട്ടർ ഓടിച്ച കുട്ടിയുടെ മാതാവായ പെരിയ ബസാറിലെ യുവതിക്കെതിരെയും കേസെടുത്തു. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് വാഹനം ഓടിക്കാൻ നല്കുന്നതിനെതിരെ ബോധവത്കരണം നടക്കുമ്പോഴാണ് ഇത്തരം കേസുകൾ വർദ്ധിക്കുന്നത്. കുട്ടികൾ വാഹനം ഓടിക്കുമ്പോൾ പരിശോധനയ്ക്കിടെ പിടികൂടിയാൽ കാൽ ലക്ഷം രൂപയാണ് പിഴയായി ഈടാക്കുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 39
September 28, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

വിദ്യാഭ്യാസമാണ് ലോകത്തെ മാറ്റാൻ ഏറ്റവും നല്ല ആയുധം.
**നെൽസൺ മണ്ടേല**

ആർക്ക് എതിരാകട്ടെ, അനുകൂലമാകട്ടെ ഞാൻ നീതിക്കുവേണ്ടി നിലകൊള്ളും.
**മാൽക്കം എക്സ്**


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
• A bachelor's or higher degree in Theology.
• Current residence in the USA.
• Married and Spouse should be supportive and willing to participate in youth ministry.
• A strong biblical foundation and spiritual maturity.
• The ability to connect, mentor, and disciple youth.
• A willingness to actively engage with youth beyond Sunday services.
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please submit your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
SEPTEMBER 30, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


MEDICARE PLANS
MADE SIMPLE
Your Medicare Questions
Answered Your Benefits Explained
✓ Medicare Part B Premium Refund
✓ $0 PPO Plans
✓ Prescription Drug Coverage
✓ Dental, Vision & Hearing
✓ Worldwide Coverage
✓ Free Gym Coverage
✓ Extra Supplement Benefits
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
rsurendran007@gmail.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ലോക കേരളസഭ: പുതിയ സംവിധാനം നടപ്പിലാകുമ്പോൾ

കേരള മന്ത്രിസഭ ലോക കേരളസഭ പിരിച്ചുവിട്ടപ്പോൾ പ്രവാസി മലയാളികളുടെ ക്ഷേമത്തിനും നിക്ഷേപത്തിനുമായി പുതിയ സംവിധാനം കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. മുൻ സംവിധാനത്തിന്റെ പ്രവർത്തനം, ചെലവ്, തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പോരായ്മകൾ എന്നിവയാണ് സർക്കാർ ചൂണ്ടിക്കാണിക്കുന്നത്. ലോകമെമ്പാടും ജീവിക്കുന്ന മലയാളികളുമായുള്ള കേരളത്തിന്റെ ബന്ധം ഇനി എങ്ങനെയായിരിക്കണം എന്നതാണ് ഇതോടെ ഉയരുന്ന പ്രധാന ചോദ്യം.

പ്രവാസി മലയാളികളുടെ സാമ്പത്തിക സംഭാവനയുടെ വലുപ്പം വ്യക്തമാക്കുന്ന കണക്കുകൾ വളരെ വലുതാണ്. 2023-ൽ കേരളത്തിലേക്ക് എത്തിയ പ്രവാസി പണമയയ്ക്കൽ ഏകദേശം 2.17 ലക്ഷം കോടി രൂപയായിരുന്നു. വിദേശത്ത് കഴിയുന്ന മലയാളികളുടെ എണ്ണം ഏകദേശം 22 ലക്ഷമാണെന്നാണ് കേരള മൈഗ്രേഷൻ സർവേ 2023 വ്യക്തമാക്കുന്നത്. വീടുകളുടെ നിർമ്മാണം മുതൽ കുട്ടികളുടെ വിദ്യാഭ്യാസം വരെയും ചികിത്സ മുതൽ ചെറുകിട വ്യാപാരം വരെയും കേരളത്തിലെ അനേകം കുടുംബങ്ങളുടെ ജീവിതത്തിൽ ഈ പണത്തിന് വലിയ പങ്കുണ്ട്. അതിനാൽ പ്രവാസി മലയാളി കേരളത്തിന് പണം അയയ്ക്കുന്ന ഒരാൾ മാത്രമല്ല; കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങുന്ന പ്രധാന ശക്തിയാണ്. ഇതേ രീതിയിൽ ഗൾഫ് രാജ്യങ്ങളിലെ മലയാളികളുടെ സംഭാവനയും മറക്കാനാവില്ല. പതിറ്റാണ്ടുകളായി ചൂടും കഠിനാധ്വാനവും സഹിച്ച് കേരളത്തിലെ കുടുംബങ്ങളെ നിലനിർത്തിയ തൊഴിലാളികളാണ് പ്രവാസി കേരളത്തിന്റെ അടിത്തറ. യൂറോപ്പിലും കാനഡയിലും ഓസ്ട്രേലിയയിലും ന്യൂസിലാൻഡിലും വളരുന്ന മലയാളി സമൂഹങ്ങൾ പുതിയ തലമുറയുടെ വിദ്യാഭ്യാസവും തൊഴിലും സംരംഭകത്വവും പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് അമേരിക്കൻ മലയാളികളുടെ സംഭാവനയെ ഉയർത്തിക്കാണിക്കുമ്പോഴും ഓരോ രാജ്യത്തുമുള്ള മലയാളി സമൂഹത്തിന്റെയും സംഭാവനയെ ഒരുമിച്ചാണ് കേരളം കാണേണ്ടത്. ഈ പശ്ചാത്തലത്തിലാണ് ലോക കേരളസഭ രൂപീകരിക്കപ്പെട്ടത്. 2018-ൽ ആരംഭിച്ച ലോക കേരളസഭ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളെ കേരളവുമായി ബന്ധിപ്പിക്കുന്ന ഒരു പൊതുവേദിയായിരുന്നു. 125 രാജ്യങ്ങളിൽ നിന്നുള്ള മലയാളികളുടെ പ്രാതിനിധ്യം ഈ വേദിയിൽ ഉണ്ടായിരുന്നുവെന്ന് സർക്കാർ രേഖകൾ പറയുന്നു. പ്രവാസി ക്ഷേമം, നിക്ഷേപം, തൊഴിൽ, മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസം തുടങ്ങിയ വിഷയങ്ങളിൽ വിവിധ നിർദേശങ്ങളും ചർച്ചകളും നടന്നു.

എന്നാൽ ചോദ്യം നിലനിൽക്കുന്നു: പ്രവാസി മലയാളികളെ ഒരുമിച്ചുകൂട്ടി സമ്മേളനം നടത്തുന്നതുകൊണ്ട് മാത്രം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? ഒരു സ്ഥാപനത്തിന്റെ യഥാർത്ഥ വിജയം അതിന്റെ സമ്മേളനങ്ങളുടെ വലുപ്പത്തിലല്ല; അവിടെ ഉയരുന്ന നിർദേശങ്ങൾ എത്രത്തോളം നടപ്പാക്കപ്പെടുന്നു എന്നതിലാണ്. ലോക കേരളസഭയുടെ പല നിർദേശങ്ങളും വേണ്ടത്ര വേഗത്തിൽ നടപ്പായില്ലെന്ന വിമർശനം ഉയർന്നിട്ടുണ്ട്. അതിനാൽ ലോക കേരളസഭയെ പൂർണ പരാജയമെന്നോ പൂർണ വിജയമെന്നോ കാണാതെ, അതിൽ നിന്ന് എന്താണ് പഠിക്കേണ്ടതെന്ന് പരിശോധിക്കുകയാണ് വേണ്ടത്. സർക്കാർ ലോക കേരളസഭയ്ക്ക് പകരം പുതിയ സംവിധാനം കൊണ്ടുവരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവാസികളുടെ നിക്ഷേപവും അറിവും കേരളത്തിന്റെ വികസനത്തിനായി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുകയാണ് ലക്ഷ്യമെങ്കിൽ അതിനെ സ്വാഗതം ചെയ്യാം. പക്ഷേ, അതിന് ആദ്യം വിശ്വാസം ഉണ്ടാകണം. സുതാര്യമായ നടപടിക്രമം, വേഗത്തിലുള്ള അനുമതികൾ, അഴിമതി നിയന്ത്രണം, നിക്ഷേപ സംരക്ഷണം, പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കൽ എന്നിവ ഉറപ്പാക്കണം. 'കേരളത്തിൽ നിക്ഷേപിക്കൂ' എന്ന ആഹ്വാനം മാത്രം മതിയാകില്ല. പുതിയ സംവിധാനം ലോക കേരളസഭയുടെ മറ്റൊരു പേരിലുള്ള പതിപ്പായി മാറരുത്. സമ്മേളനങ്ങൾക്കപ്പുറം പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ നിരന്തരം കേൾക്കുകയും പരിഹരിക്കുകയും ചെയ്യുന്ന പ്രവർത്തനക്ഷമമായ സംവിധാനം വേണം. വിവിധ രാജ്യങ്ങളിലെ മലയാളി സംഘടനകൾക്കും പ്രൊഫഷണലുകൾക്കും യുവാക്കൾക്കും സ്ത്രീകൾക്കും സംരംഭകർക്കും യഥാർത്ഥ പ്രതിനിധിത്വം നൽകണം. അമേരിക്കൻ മലയാളി സമൂഹത്തിലെ ഡോക്ടർമാർക്കും ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും സംരംഭകർക്കും കേരളത്തിന്റെ വികസന പദ്ധതികളുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം.

കേരളം പ്രവാസികളിൽനിന്ന് പണം സ്വീകരിക്കുന്ന സംസ്ഥാനം മാത്രമാകരുത്. പ്രവാസി മലയാളികൾക്ക് കേരളം എന്താണ് നൽകുന്നത് എന്ന ചോദ്യവും അത്രതന്നെ പ്രധാനമാണ്. സുരക്ഷിത കുടിയേറ്റം, മികച്ച വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, നിക്ഷേപ സൗകര്യം, മടങ്ങിയെത്തുന്നവർക്കുള്ള തൊഴിൽ, കുടുംബങ്ങളുടെ ക്ഷേമം, വയോധികരായ മാതാപിതാക്കളുടെ സംരക്ഷണം- ഇവയെല്ലാം പ്രവാസി നയത്തിന്റെ ഭാഗമാകണം. ലോക കേരളസഭ പിരിഞ്ഞു; പക്ഷേ, പ്രവാസി കേരളം പിരിയരുത്. അമേരിക്കൻ മലയാളികളുടെ സംഘടനാശക്തിയും സേവനമനോഭാവവും പ്രൊഫഷണൽ അറിവും പോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി സമൂഹങ്ങളുടെ കഴിവുകളെയും കേരളത്തിന്റെ വികസനവുമായി ബന്ധിപ്പിക്കണം. പ്രവാസിയുടെ പണം മാത്രം കേരളത്തിന് ആവശ്യമില്ല; അവരുടെ അറിവും അധ്വാനവും അനുഭവവും സ്നേഹവും പങ്കാളിത്തവും കൂടി കേരളത്തിന് ആവശ്യമാണ്.

ഒരു സ്ഥാപനത്തിന്റെ അവസാനത്തെക്കാൾ പ്രധാനമാണ് അതിന് പകരം ഉണ്ടാകുന്ന സംവിധാനത്തിന്റെ വിശ്വാസ്യത. ലോകമെമ്പാടുമുള്ള മലയാളികളുമായി കേരളം ഇനി ബന്ധപ്പെടേണ്ടത് രാഷ്ട്രീയ സമ്മേളനങ്ങളിലൂടെ മാത്രമല്ല- സ്ഥിരമായ വിശ്വാസത്തിലൂടെയും ഉത്തരവാദിത്തത്തിലൂടെയും പ്രവർത്തനത്തിലൂടെയുമാണ്.

## ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് വരുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ യുഡിഎഫ് പ്രഖ്യാപിച്ച ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി യാഥാർത്ഥ്യത്തിലേക്ക്. പദ്ധതിയുടെ ഡി.പി.ആർ (വിശദമായ പദ്ധതി രേഖ) തയാറാക്കുന്നതിനായി ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സാങ്കേതിക സമിതി രൂപീകരിച്ചതായി മന്ത്രി കെ. മുരളീധരൻ അറിയിച്ചു.

യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ മുൻ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറും സംസ്ഥാന മുൻ ഇൻഷ്വറൻസ് ഓംബുഡ്സ്മാനുമായ ഗിരീഷ് രാധാകൃഷ്ണൻ, ഇൻഷുറൻസ് റഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ മുൻ അംഗം പി.ജെ. ജോസഫ്, നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ മുൻ ചെയർമാനും മാനേജിങ് ഡയറക്ടറുമായ കെ. സനത് കുമാർ എന്നിവരാണ് സമിതിയിലെ വിദഗ്ദ്ധർ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയിൽ ധനകാര്യ, ആസൂത്രണ സെക്രട്ടറിമാർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരും അംഗങ്ങളായിരിക്കും. പദ്ധതിയുടെ വിശദമായ റിപ്പോർട്ട് നാല് മാസത്തിനകം സമർപ്പിക്കാനാണ് നിർദേശം.

വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങൾ പരമാവധി കുറച്ച് സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. എംപാനൽ ചെയ്ത സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാക്കുന്ന രീതിയിൽ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്എച്ച്.എ) മുഖേന പദ്ധതി നടപ്പിലാക്കുന്നതും പരിഗണനയിലുണ്ട്.

നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി യുഡിഎഫ് പ്രഖ്യാപിച്ച ഇന്ദിരാ ഗാരന്റിയിൽ ഒന്നായിരുന്നു ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ്. 2026-27-ലെ സംസ്ഥാന ബജറ്റിൽ സാർവത്രിക ആരോഗ്യ പരിരക്ഷ പ്രഖ്യാപിച്ചിരുന്നു. നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ്, പൊതുജനാരോഗ്യ ധനസഹായ പദ്ധതികളുമായി പുതിയ പദ്ധതിയെ എങ്ങനെ ഏകോപിപ്പിക്കാമെന്നും സമിതി പരിശോധിക്കും.

സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും വിപുലമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ, പദ്ധതിയുടെ ധനകാര്യ മാതൃക, ആശുപത്രികളുടെ എംപാനൽമെന്റ്, ക്ലെയിം മാനേജ്മെന്റ്, ഗുണനിലവാര ഉറപ്പ്, പരാതിപരിഹാരം എന്നിവയും സമിതി പരിശോധിക്കും. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ യുഡിഎഫ് സർക്കാർ മറ്റൊരു തെരഞ്ഞെടുപ്പ് വാഗ്ദാനം കൂടി നടപ്പിലാക്കുകയാണെന്നും മന്ത്രി കെ. മുരളീധരൻ പറഞ്ഞു.

## പോലീസ് ഉദ്യോഗസ്ഥർക്ക് സുപ്രീംകോടതിയുടെ താക്കീത്

ന്യൂഡൽഹി: അറസ്റ്റിനുള്ള കാരണം രേഖാമൂലം അറിയിക്കാതെ ഏതെങ്കിലും വ്യക്തിയെ അറസ്റ്റ്ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നു സുപ്രീം കോടതി. കാരണം രേഖാമൂലം അറിയിക്കാതെയുള്ള അറസ്റ്റ് ഭരണഘടനയുടെ ആർട്ടിക്കിൾ 22(1) പ്രകാരം നിയമവിരുദ്ധമാണെന്നു ജസ്റ്റിസ് ഉജ്ജൽ ഭൂയാൻ, ജസ്റ്റിസ് അതുൽ എസ്. ചന്ദ്കർ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

അറസ്റ്റിലാകുന്ന വ്യക്തിക്കു മനസിലാകുന്ന ഭാഷയിലാകണം കാരണം അറിയിക്കേണ്ടത്. അറസ്റ്റ് നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കപ്പെട്ടാൽ, വീണ്ടും അറസ്റ്റ് ചെയ്യണമെങ്കിൽ അന്വേഷണ ഏജൻസി കാരണം എഴുതിനൽകുകയും ബന്ധപ്പെട്ട മജിസ്ട്രേറ്റിന്റെ അനുമതി തേടുകയും വേണം. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവിടുകയും കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും വേണം.

കേസിന്റെ ചുമതല മറ്റൊരു ഉദ്യോഗസ്ഥനു നൽകണം. ഉത്തരവിന്റെ പകർപ്പ് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് മേധാവിമാർക്ക് അയച്ചുനൽകാനും കോടതി നിർദേശിച്ചു.

'അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് അറസ്റ്റ് ചെയ്യുന്ന സമയത്തുതന്നെ, അയാൾക്ക് മനസിലാകുന്ന ഭാഷയിൽ രേഖാമൂലം അറസ്റ്റിന്റെ കാരണങ്ങൾ അന്വേഷണ ഏജൻസി നൽകിയിരിക്കണം. കുറ്റകൃത്യത്തിന്റെ സ്വഭാവമോ ഗൗരവമോ എന്തുതന്നെയായാലും അറസ്റ്റിന്റെ കാരണങ്ങൾ അറിയിക്കാതെ ഒരാളെയും തടവിലാക്കാൻ കഴിയില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 22(1) ഉറപ്പുനൽകുന്ന ഈ സുരക്ഷാ മുൻകരുതൽ വളരെ പ്രധാനപ്പെട്ടതാണ്' – സുപ്രീംകോടതി പറഞ്ഞു.

പ്രായപൂർത്തിയാകാത്തയാളെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ശിരോമണി അകാലിദൾ നേതാവ് ജസ്കരൺജിത് സിങ്ങിനെ അറസ്റ്റ് ചെയ്ത നടപടി, അറസ്റ്റിന്റെ കാരണം അറിയിക്കാത്തതിനാൽ നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചുകൊണ്ടാണ് കോടതി ഉത്തരവ്.

## ഡോ. വി. അജയ്യകുമാർ ഐക്യരാഷ്ട്രസഭയിൽ ഉപദേഷ്ടാവ്



തൃശ്ശൂർ: യു.എ.ഇയിലെ ഐ.സി.ടി. കമ്പനിയായ എമിർകോമിന്റെ ചീഫ് ഓപ്പറേറ്റിങ് ഓഫീസറായ മലയാളി ഡോ. വി. അജയ്യകുമാറിനെ ഐക്യരാഷ്ട്രസഭയിലെ പ്രോജക്ട് ആൻഡ് ഹ്യുമാനിറ്റേറിയൻ അഫയേഴ്സ് ഉപദേഷ്ടാവായി നിയമിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ കുടിവെള്ള ലഭ്യത, ശുചിത്വം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഏജൻസിയാണ് ഈ സംഘടന. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക-സാമൂഹിക സമിതി പ്രതിനിധിയായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃശ്ശൂർ ചേർപ്പ് സ്വദേശിയായ ഡോ. അജയ്യകുമാർ ആറു പുസ്തകങ്ങളുടെ രചയിതാവും ടെഡെക്സ് പ്രഭാഷകനുമാണ്.

## ഇന്ത്യയിൽ നാലുവർഷത്തിനിടെ പാർട്ടി മാറിയത് 111 സാമാജികർ

ന്യൂഡൽഹി: ഇന്ത്യയിൽ കഴിഞ്ഞ നാലുവർഷത്തിനിടെ പാർട്ടി മാറിയത് 111 സാമാജികർ. 2022 മുതൽ ഈ വർഷം ജൂലായ് 12 വരെയുള്ള കണക്കാണിത്. പാർട്ടി മാറിയതിൽ 26 പേർ ലോക്സഭാംഗങ്ങളും ഏഴുപേർ രാജ്യസഭാംഗങ്ങളും ബാക്കി 78 പേർ വിവിധ സംസ്ഥാനങ്ങളിലെ എം.എൽ.എമാരുമാണ്. കേരളത്തിൽനിന്ന് ആരുമില്ല.

പാർട്ടിവിട്ട് പുതിയതിൽ ചേർന്നവർ, പാർട്ടികളുടെ ലയനം, രാജിവെച്ച് പുതിയ പാർട്ടിയിൽ മത്സരിച്ച് ജയിക്കൽ, കൂറുമാറ്റത്തെത്തുടർന്ന് അയോഗ്യത വന്നതോടെ അതേ സീറ്റിൽ ഉപതെരഞ്ഞെടുപ്പിൽ ജയിക്കൽ എന്നീ വിഭാഗങ്ങളിലായാണ് 111 പേരുള്ളതെന്ന് 'അസോസിയേഷൻ ഫോർ ഡെമക്രാറ്റിക് റിഫോംസ്' എന്ന സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു.

പാർട്ടി മാറിയതിൽ മുന്നിലുള്ളത് എൻ.ഡി.പി.പി. (നാഷണലിസ്റ്റ് ഡെമക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി) അംഗങ്ങളാണ്. ഈ പാർട്ടി 2025 ഒക്ടോബറിൽ എൻ.പി.എഫ്. പാർട്ടിയിൽ ലയിക്കുകയായിരുന്നു. നാഗാലാൻഡിലെ പാർട്ടിയായ എൻ.ഡി.പി.പിയുടെ 25 എംഎൽഎമാരാണ് ഇത്തരത്തിൽ മാറിയത്. നാഗാലാൻഡിലെ എൻ.സി.പിയിൽനിന്ന് ഏഴ് എം.എൽ.എമാർകൂടി എത്തിയതോടെ ഏറ്റവും കൂടുതൽ സാമാജികരെത്തിയ പാർട്ടി (32) എൻ.പി.എഫ്. ആയി.

രണ്ടാം സ്ഥാനത്തുള്ള തൃണമൂൽ കോൺഗ്രസിന്റെ 20 ലോക്സഭാംഗങ്ങൾ പാർട്ടിവിട്ട് 2026 ജൂൺ 14-ന് നാഷണലിസ്റ്റ് സിറ്റിസൺസ് പാർട്ടി ഓഫ് ഇന്ത്യയിൽ ചേർന്നു.

കോൺഗ്രസിന്റെ 19 എം.എൽ.എമാരാണ് പാർട്ടി വിട്ടത്. ഇതിൽ ഗോവ (എട്ട്), ഗുജറാത്ത് (നാല്), മേഘാലയ (നാല്), ഹിമാചൽ പ്രദേശ് (രണ്ട്), മധ്യപ്രദേശ് (ഒന്ന്) സംസ്ഥാനങ്ങളിൽ നിന്നാണ് എം.എൽ.എമാർ പോയത്. ഇതിൽ മേഘാലയയിൽനിന്നുള്ള നാലുപേർ എൻ.പി.പിയിലേക്ക് പോയതൊഴികെ ബാക്കിയെല്ലാവരും എത്തിയത് ബി.ജെ.പിയിലാണ്. ബി.ആർ.എസിന്റെ ഒൻപത് എം.എൽ.എമാർ കോൺഗ്രസിൽ ചേർന്നു. ആം ആദ്മി പാർട്ടിയുടെ ഏഴ് രാജ്യസഭാംഗങ്ങൾ ബി.ജെ.പിയിലുമെത്തി.


JV
BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# ദുർമന്ത്രവാദ നിരോധന നിയമം; കരട് ബില്ലായി

തിരുവനന്തപുരം: ദുർമന്ത്രവാദവും ആഭിചാരവും നിരോധിക്കുന്നതിനുള്ള നിയമത്തിന്റെ കരട് വിദഗ്ദ്ധ സമിതി സർക്കാരിന് കൈമാറി. 22 കുറ്റകൃത്യങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജീവപര്യന്തം വരെയാണ് നിർദ്ദേശിച്ചിരിക്കുന്ന ശിക്ഷ. ഭാരതീയ ന്യായ സംഹിതയ്ക്കു പുറമെയുള്ള ശിക്ഷയാണിത്.

പത്തനംതിട്ട ഇലന്തൂരിൽ നടന്ന നരബലിയുടെ പശ്ചാത്തലത്തിൽ കേരള യുക്തിവാദി സംഘം നല്കിയ പൊതുതാത്പര്യ ഹർജിയിൽ ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചത്. നിയമപരിഷ്കരണ കമ്മീഷൻ ഉപാദ്ധ്യക്ഷനും മുൻ നിയമസെക്രട്ടറിയുമായ കെ. ശശിധരൻ നായരും മുൻ ഡിജിപി ജേക്കബ് പുന്നൂസുമാണ് സമിതി അംഗങ്ങൾ. മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഭരണഘടനാപരമായ സംരക്ഷണം പരിഗണിച്ചാണ് 'ദുർമന്ത്രവാദവും ആഭിചാരവും മനുഷ്യത്വവിരുദ്ധ ദുഷ്പ്രവർത്തനങ്ങളും തടയൽ' ബിൽ തയ്യാറാക്കിയതെന്ന് സമിതി അറിയിച്ചു.

നരബലി, ജീവനോടെ സംസ്കരിക്കൽ, മരണ കാരണമായ മറ്റ് പ്രവൃത്തികൾ എന്നിവയ്ക്ക് ജീവപര്യന്തം ശിക്ഷ. മാരകമായ പരുക്കേൽപിക്കുക, അംഗഭംഗം വരുത്തുക, ആഭിചാര ക്രിയകളുടെ പേരിൽ ലൈംഗികാതിക്രമം, ബലാത്സംഗം, ജീവന് ഹാനികരമായ പദാർത്ഥങ്ങൾ കഴിപ്പിക്കുക എന്നിവയ്ക്ക് പത്ത് വർഷം വരെ തടവും പിഴയും. ബാധയൊഴിപ്പിക്കാനുള്ള മർദ്ദനം, ലഹരി പദാർത്ഥങ്ങൾ നല്കുക, വിസർജ്യം ഉപയോഗിക്കുക, അന്ധവിശ്വാസങ്ങളുടെ പേരിൽ സ്ത്രീകളെ അധിക്ഷേപിക്കുക, പണവും ആഭരണങ്ങളും കൈക്കലാക്കുക, ഗുരുതര രോഗങ്ങൾക്ക് ചികിത്സ നിഷേധിക്കുക, ഗർഭച്ഛിദ്രം, അതീന്ദ്രിയ ശക്തികളുടെ പേരിൽ ഭീഷണിപ്പെടുത്തുക തുടങ്ങിയ കുറ്റങ്ങൾക്ക് ഏഴു വർഷം വരെ തടവും പിഴയും എന്നിവയാണ് കരടിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ദുർമന്ത്രവാദവും ആഭിചാരക്രിയകളും ചെയ്യാനുള്ള അമാനുഷിക ശക്തിയുണ്ടെന്ന് അവകാശപ്പെടുന്നവരെ ഡിജിറ്റൽ മീഡിയയിൽ ഉൾപ്പെടെ പ്രചരിപ്പിക്കുന്നതും ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതും മൂന്നു വർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റകൃത്യമാണ്.

ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ എല്ലാ ജില്ലകളിലും ഡിവൈഎസ്പിമാരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം വേണം. എഡിജിപിയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും അംഗമായ സംസ്ഥാനതല നിരീക്ഷണ സമിതിയും രൂപവത്കരിക്കണം എന്നും നിർദ്ദേശമുണ്ട്.

# മതവിശ്വാസത്തിന്റെ പേരിൽ വന്ദേമാതരം നിഷേധിച്ചാൽ ശിക്ഷ പാടില്ല

ന്യൂഡൽഹി: മതപരമായ കാരണങ്ങളാൽ വന്ദേമാതരം ആലപിക്കാത്തവർക്കെതിരേ ക്രിമിനൽ നടപടിയെടുക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്ന് സുപ്രീംകോടതി. മനസ്സാക്ഷിക്ക് നിരക്കാത്തതിനാൽ വന്ദേമാതരം ആലപിക്കാൻ വിസമ്മതിക്കുന്നവരെ ശിക്ഷിക്കാൻ പാടില്ലെന്നും കോടതി പറഞ്ഞു. അതേസമയം, ദേശീയഗീതം ഏതെന്നും അതിന്റെ എത്ര ചരണങ്ങൾ ആലപിക്കണമെന്നും ഭരണകൂടത്തിന് തീരുമാനിക്കാമെന്നും അക്കാര്യം കോടതി പരിശോധിക്കില്ലെന്നും ജസ്റ്റിസ് ജോയ്മല്യാ ബാഗ്ചിയും പറഞ്ഞു.

വന്ദേമാതരത്തിന്റെ മുഴുവൻ ചരണങ്ങളും ആലപിക്കണമെന്ന് നിർബന്ധമാക്കിയത് ചോദ്യംചെയ്ത് കർണാടക സംഗീതജ്ഞൻ ടി.എം. കൃഷ്ണ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ചിന്റെ വാക്കാലുള്ള നിരീക്ഷണം.

ഹർജിയിൽ നോട്ടീസയക്കുന്നില്ലെങ്കിലും ന്യൂനപക്ഷവിഭാഗങ്ങളുടെ മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച ബിജോയ് ഇമ്മാനുവൽ കേസിലെ വിധിയിലെ തത്ത്വം പാലിക്കപ്പെടുമെന്നാണ് പ്രതീക്ഷയെന്ന് സുപ്രീംകോടതി പറഞ്ഞു. സ്കൂളിൽ ദേശീയഗാനം ആലപിക്കുമ്പോൾ യെഹോവാ സാക്ഷികളായ കുട്ടികൾ ഏറ്റുചൊല്ലാതിരുന്നത് മതസ്വാതന്ത്ര്യമാണെന്ന് വ്യക്തമാക്കുന്നതാണ് ബിജോയ് ഇമ്മാനുവൽ കേസിൽ 1986-ലെ വിധി.

1971-ലെ ദേശീയ ബഹുമതി നിയമത്തിൽ ഭേദഗതി വരുത്തിയാണ് 2026-ൽ, ദേശീയഗീതമായ വന്ദേമാതരംകൂടി ഉൾപ്പെടുത്തിയത്. കൂടാതെ, വന്ദേമാതരത്തിന്റെ ആറുചരണങ്ങളും ആലപിക്കണമെന്ന് ആഭ്യന്തരമന്ത്രാലയം ഉത്തരവിറക്കുകയും ചെയ്തു. ഇവ രണ്ടുമാണ് ടി.എം. കൃഷ്ണ ചോദ്യം ചെയ്തത്.

# നടി സാവിത്രി ശ്രീധരൻ അന്തരിച്ചു



കോഴിക്കോട്: നാടക-സിനിമാനടിയും നർത്തകിയും കോഴിക്കോട് കോർപ്പറേഷൻ മുൻ കൗൺസിലറുമായിരുന്ന തിരുവണ്ണൂർ കോട്ടുമ്മൽ വേലിയിൽ സാവിത്രി ശ്രീധരൻ (84) അന്തരിച്ചു.

മിഞ്ചന്ത മിനി ബൈപ്പാസിനു സമീപം വെസ്റ്റ് മാങ്കാവ് എം.സി.ആർ. റോഡിൽ 'ശ്രീധരം' വീട്ടിൽ സെപ്റ്റംബർ 23-ന് ബുധനാഴ്ച രാവിലെ 8.45-ഓടെയായിരുന്നു അന്ത്യം. അസുഖങ്ങളെത്തുടർന്ന് രണ്ടു വർഷത്തോളമായി ചികിത്സയിലായിരുന്നു. മികച്ച അഭിനേത്രിക്കുള്ള ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

അൻപതു വർഷത്തിലേറെയായി കലാരംഗത്ത് പ്രവർത്തിക്കുന്ന അവർ 16-ാം വയസ്സിൽ വളയനാട് കലാസമിതിയുടെ 'കറുത്തവെള്ളം' എന്ന നാടകത്തിലൂടെയാണ് കലാരംഗത്തെത്തുന്നത്. തുടർന്ന് 20 വർഷത്തോളം അമെച്വർ നാടകരംഗത്ത് സജീവമായിരുന്നു. 1981-ൽ എം.ടി. വാസുദേവൻനായർ സംവിധാനം ചെയ്ത 'കടവ്' എന്ന സിനിമയിൽ അമ്മവേഷം അവതരിപ്പിച്ച് ചലച്ചിത്രരംഗത്തെത്തി. വലിയൊരിടവേളയ്ക്കുശേഷം 2018-ൽ സക്കരിയ സംവിധാനം ചെയ്ത 'സുഡാനി ഫ്രം നൈജീരിയ' എന്ന ചിത്രത്തിലെ കഥാപാത്രത്തിലൂടെ വൻ ജനപ്രീതി നേടി. ചിത്രത്തിലെ ജമീല എന്ന ഉമ്മവേഷം അവതരിപ്പിച്ചതിന് ആ വർഷത്തെ മികച്ച സ്വഭാവനടിക്കുള്ള സംസ്ഥാന പുരസ്കാരം, ദേശീയതലത്തിൽ പ്രത്യേക ജൂറി പരാമർശം എന്നിവ അവരെ തേടിയെത്തി.

പിന്നീട് പത്തോളം സിനിമകളിലും ചില പരസ്യചിത്രങ്ങളിലും വേഷമിട്ടു. 1995-2000 കാലത്ത് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലറുമായിരുന്നു.

പരേതരായ വേലിയിൽ അപ്പൂട്ടിയുടെയും പെണ്ണൂട്ടിയുടെയും മകളാണ്. ഭർത്താവ്: പരേതനായ ശ്രീധരൻ. മക്കൾ: പ്രസീന, ഷൈല, സുനീഷ്ബാബു. മരുമക്കൾ: റോയ് ഇഗ്നേഷ്യസ്, കൃഷ്ണദാസ്. സഹോദരങ്ങൾ: വിശ്വൻ, സരസ, പരേതരായ രവി, ചന്ദ്രൻ.

# കോട്ടയംകാരി രത്നശ്രീക്ക് തബലയിൽ പിഎച്ച്ഡി



കോട്ടയം: തബലയുടെ ശബ്ദസൗന്ദര്യത്തിനു പിന്നിലെ ശാസ്ത്ര രഹസ്യം തേടിയ വൈക്കം സ്വദേശി രത്നശ്രീ അയ്യർക്ക് തബലയിൽ പിഎച്ച്ഡി. എം.ജി. സർവകലാശാലയിൽനിന്ന് 'സയൻസ് ഓഫ് തബല' വിഷയമാക്കിയ ആദ്യ ഗവേഷണം ഏഴു വർഷത്തെ പഠനസപര്യയുടെ അവസാനം തബലയുടെ ശബ്ദത്തിനു പിന്നിലെ ഭൗതികശാസ്ത്രം, തബല നിർമാണവുമായി ബന്ധപ്പെട്ട ഭൗതികശാസ്ത്രവും രസതന്ത്രവും നിർമാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ രാസഘടന, തബലയുടെ നാദഗുണത്തിനു പിന്നിലെ ശാസ്ത്രീയവശങ്ങൾ എന്നിവയായിരുന്നു പ്രധാന ഗവേഷണ മേഖലകൾ.

സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സയൻസസ് ഇൻ മ്യൂസിക്കിൽ ഗവേഷണത്തിന് 2017-ലാണ് പ്രവേശനപരീക്ഷ പാസാകുന്നത്. 2026 മാർച്ച് ഒൻപതിന്, തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈന്റെ ജന്മദിനത്തിൽ പ്രബന്ധം സമർപ്പിക്കാനായതു യാദൃച്ഛികമായാണെന്ന് രത്നശ്രീ പറഞ്ഞു. എം.ആർ. ഉണ്ണി രജിസ്ട്രാറായിരുന്നപ്പോഴാണ് ഗവേഷണത്തിന്റെ തുടക്കം. പിന്നീട് ഡോ. കെ. ജയചന്ദ്രൻ, ഡോ. പി.ആർ. ബിജു എന്നിവരായിരുന്നു ഗൈഡ്. 'സയൻസ് ഓഫ് മ്യൂസിക്കി'നു കേരളത്തിൽ പഠനകേന്ദ്രമുള്ളത് എം.ജിയിൽ മാത്രമാണെന്നും ഇന്ത്യയിൽതന്നെ അപൂർവനേട്ടമാണ് രത്നശ്രീയുടേതെന്നും സർവകലാശാലാ അധികൃതർ പറഞ്ഞു. തബലയിൽ കേരള സംഗീത നാടക അക്കാദമിയുടെ ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ രത്നശ്രീക്കു ലഭിച്ചിട്ടുണ്ട്. തലയാഴം കളപ്പുരയ്ക്കൽ മഠത്തിൽ രാമചന്ദ്ര അയ്യരുടെയും സരോജയുടെയും മകളാണ്. ഭാരം കുറഞ്ഞ ഫൈബർ തബല നിർമാണത്തിൽ രത്നശ്രീ പേറ്റന്റ് നേടിയിട്ടുണ്ട്.







FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530

PRAYERFULLYSEARCHING FOR A

## SENIOR PASTOR

A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.

Faith Christian Church is urgently & prayerfully seekinga **Spirit-filled Senior Pastor** to lead our growing, multigenerational, multilingual Malayalee Pentecostal congregation.

### KEY QUALIFICATIONS

- Fluent in Malayalam & English
- Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
- Ordained Pentecostal minister
- Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
- U.S. citizen or permanent resident
- Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)

### ROLE OVERVIEW

- Preach and teach the word of God
- Provide pastoral care and spiritual guidance
- Lead with vision, integrity and unity
- Strengthen discipleship and missions
- Foster connection across cultures and generations

### HOW TO APPLY

Email Resume to: faithch.nyc@gmail.com
scan here to apply



# പുതിയ വാഹനങ്ങൾക്ക് ഇനി ഓട്ടമാറ്റിക് രജിസ്ട്രേഷൻ

തിരുവനന്തപുരം: പുതിയ വാഹനം വാങ്ങിയാൽ രജിസ്ട്രേഷനുവേണ്ടി കാത്തിരിക്കേണ്ടതില്ല. ഫീസും ടാക്സും അടച്ചാലുടൻ രജിസ്ട്രേഷൻ ലഭിക്കുന്ന വിധത്തിൽ ഓട്ടമാറ്റിക് രജിസ്ട്രേഷനായി വാഹൻ സോഫ്റ്റ്വേറിൽ മാറ്റംവരും.

ഷോറൂമിൽനിന്ന് വാഹനം രജിസ്റ്റർചെയ്യാം. ഫീസും നികുതിയും അടയ്ക്കുന്നതിനൊപ്പം വാഹനം വാങ്ങുന്നയാളിന്റെ ആധാർ നമ്പർ വാഹൻ പോർട്ടലിൽ നൽകണം. ആധാർ ഡേറ്റാബേസിൽനിന്ന് ഉടമയുടെ വിവരങ്ങൾ വാഹൻ സോഫ്റ്റ്വേർ ശേഖരിച്ച് ഓട്ടോ അപ്രൂവൽവഴി രജിസ്ട്രേഷൻ അനുവദിക്കും. പോസ്റ്റ് ഓഫീസ് നമ്പർ അടിസ്ഥാനമാക്കി വാഹന ഉടമയുടെ താമസസ്ഥലത്തെ ഓഫീസിലേക്ക് രജിസ്ട്രേഷൻ നൽകും. വാഹനത്തിന്റെ എഞ്ചിൻ, ഷാസി നമ്പറുകൾ വാഹന ഉടമയ്ക്ക് ഉറപ്പാക്കാനുള്ള സൗകര്യമുണ്ടാകും. അതേസമയം ഫാൻസിനമ്പർ ബുക്ക് ചെയ്യുന്നവർക്കും ബോഡി നിർമിക്കേണ്ട വാഹനങ്ങൾക്കും പഴയപടി ഓഫീസിൽനിന്ന് രജിസ്ട്രേഷൻ നൽകും.

ഓൺലൈൻ അപേക്ഷകളിൽ അസി. വെഹിക്കിൾ ഇൻസ്പെക്ടർമാരാണ് വാഹന രജിസ്ട്രേഷൻ അനുവദിച്ചിരുന്നത്. ഇവരുടെ ജോലിഭാരം കാരണം പലപ്പോഴും രജിസ്ട്രേഷൻ വൈകിയിരുന്നു. ചില ഉദ്യോഗസ്ഥർ കൈക്കൂലിക്കുവേണ്ടി രജിസ്ട്രേഷൻ വൈകിപ്പിച്ചതും പരാതിക്ക് ഇടയാക്കിയിരുന്നു. ഇതൊക്കെ ഒഴിവാകും. പണമടച്ചാലുടൻ ഇനി വാഹനങ്ങൾ നിരത്തിൽ ഇറക്കാനാകും. അതിസുരക്ഷാ നമ്പർപ്ലേറ്റ് ഘടിപ്പിക്കുന്നതിന്റെ കാലതാമസമേ ഉണ്ടാകൂ. ഇടനിലക്കാരെ ഏൽപ്പിക്കുന്ന അപേക്ഷകളിൽ വേഗത്തിൽ രജിസ്ട്രേഷൻ ലഭിക്കുന്ന രീതിയും ഒഴിവാകും.

പുതിയ നടപടികൾക്ക് അനുമതി നൽകിയതിനുപിന്നാലെ ഗതാഗത കമ്മീഷണർ നാഗരാജു ചകിലത്തെ സ്ഥലംമാറ്റിയത് ചർച്ചയായിട്ടുമുണ്ട്.

# അപൂർവരോഗ മരുന്നു ഗവേഷണത്തിൽ പൊരുതി ജയിച്ച നീന നിസാർ യുഎന്നിൽ



കൊല്ലം: അപൂർവ രോഗങ്ങളോട് പൊരുതി ജയിച്ച നീന നിസാർ യുഎന്നിലെയോഗത്തിന്റെ ഭാഗമായി. അപൂർവ രോഗത്തിന്റെ മരുന്നു നിർമാണത്തിൽ ആദ്യം മുതൽ അവസാനഘട്ടം വരെ സഹകരിച്ചതിനും പോരാടിയതിനുമുള്ള ആദരസൂചകമായാണ് യുഎൻ പൊതുസമ്മേളനത്തോടനുബന്ധിച്ചുള്ള യോഗത്തിലേക്ക് നീനയ്ക്ക് ക്ഷണമെത്തിയത്.

കൊല്ലം പരവൂർ തെക്കുംഭാഗം വടക്കേഭാഗം വീട്ടിൽ യുഎഇ ഫെഡറൽ മിനിസ്ട്രിയിൽ പ്ലാനിങ് എൻജിനീയറായിരുന്ന നിസാറിന്റെയും സുബൈദയുടെയും മകളാണ് നീന. എല്ലുകൾ വളയുന്ന അപൂർവ രോഗം കണ്ടെത്തിയത് രണ്ടാം വയസ്സിൽ. എംഎ ഇംഗ്ലീഷ് പഠനം പൂർത്തിയാക്കി കൊച്ചി അമൃത ആശുപത്രിയിൽ തുടർചികിത്സയ്ക്കെത്തിയതോടെയാണ് നീനയുടെ ജീവിതം മാറിമറിയുന്നത്.

അമൃത ജനറ്റിക്സ് വിഭാഗത്തിലെ ഡോ. ഷീല നമ്പൂതിരിയുടെ നിർദ്ദേശാനുസരണം നീന യുഎസിലെ ബോസ്റ്റൺ മെഡിക്കൽ സർവകലാശാലയിൽ തുടർചികിത്സയ്ക്കു പോയി. അവിടെ ചികിത്സ ആരംഭിച്ചെങ്കിലും മരുന്ന് ലഭ്യമാകാത്തതും ഗവേഷണങ്ങൾക്ക് ഫണ്ട് ലഭ്യമാകാത്തതും വിലങ്ങുതടിയായി. ഇതോടെ മരുന്നു ഗവേഷണത്തിനായുള്ള പോരാട്ടമായി. നീന നടത്തിയ ദീർഘമായ പ്രസംഗങ്ങളുടെയും സംവാദങ്ങളുടെയും ഫലമായി 2 കോടി ഡോളറാണ് യുഎസ് അപൂർവ രോഗങ്ങളുടെ മരുന്നു ഗവേഷണങ്ങൾക്കായി അനുവദിച്ചത്.

യുഎസ്, ജർമ്മനി, ഓസ്ട്രേലിയ, ജപ്പാൻ തുടങ്ങിയ വിവിധ രാജ്യങ്ങളിലെ 21 മെഡിക്കൽ സ്ഥാപനങ്ങൾ നടത്തിയ ഗവേഷണത്തിന്റെ ഭാഗമായി എല്ല് വളയുന്ന രോഗത്തിന് മരുന്നു കണ്ടെത്താനായി. മനുഷ്യരിലുള്ള പരീക്ഷണത്തിന് നീന സ്വമേധയാ പങ്കെടുത്തു.

നിലവിൽ യുഎസിലെ നെബ്രാസ്കയിൽ ഐകോൺ ഫാർമസ്യൂട്ടിക്കൽ കമ്പനി ഡയറക്ടറാണ് നീന. ഭർത്താവ് ആദം അബ്ദുല്ല യുഎസിൽ ലോജിസ്റ്റിക് ഓഫീസറാണ്. അർഷാൻ, ജഹാൻ എന്നിവർ മക്കളാണ്.

# സൂര്യ കൃഷ്ണമൂർത്തി അന്തരിച്ചു



തിരുവനന്തപുരം: കലാസംഘാടകനും സാംസ്കാരികപ്രവർത്തകനും കേരളാ സംഗീത നാടക അക്കാദമി അദ്ധ്യക്ഷനുമായിരുന്ന സൂര്യ കൃഷ്ണമൂർത്തി (78) അന്തരിച്ചു. കലാ-സാംസ്കാരിക കൂട്ടായ്മയായ 'സൂര്യ'യുടെ അമരക്കാരനായിരുന്നു. സംഗീതം, നാടകം, നൃത്തം തുടങ്ങി വിവിധ കലാരൂപങ്ങളെ ഒരേ വേദിയിൽ അണിനിരത്തി കലയുടെ ആഘോഷമാക്കിയ സൂര്യ ഫെസ്റ്റിവലിന്റെ ശിൽപ്പിയും മുഖ്യസംഘാടകനുമായിരുന്നു.

അരനൂറ്റാണ്ടോളം സൂര്യ ഫെസ്റ്റിവലിന് നേതൃത്വം നൽകിയ കൃഷ്ണമൂർത്തി തിരുവനന്തപുരത്തെ രാജ്യാന്തര പ്രശസ്തിയുള്ള സാംസ്കാരികവേദിയാക്കി മാറ്റുന്നതിൽ നിർണായകപങ്ക് വഹിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രതിഭകൾക്ക് കേരളത്തിൽ അരങ്ങൊരുക്കി. സംഗീതജ്ഞരും നർത്തകരും നാടകപ്രവർത്തകരും ചലച്ചിത്രപ്രതിഭകളും ഉൾപ്പെടെ നിരവധി പ്രമുഖർ സൂര്യയുടെ വേദിയിലെത്തി. ലിംക ബുക്ക് ഓഫ് റെക്കോഡ്സിൽ ഇടം നേടിയ സാംസ്കാരികോത്സവം കൂടിയാണ് സൂര്യ ഫെസ്റ്റിവൽ. കലാമേള എന്നതിലുപരി, കലാകാരന്മാരെ ഒരുമിപ്പിച്ച വലിയ സാംസ്കാരികക്കൂട്ടായ്മയായി സൂര്യയെ വളർത്തിയെടുത്തതു കൃഷ്ണമൂർത്തിയുടെ സംഘാടനമികവാണ്.

മലയാളത്തിലെ ആദ്യ ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ ശിൽപ്പിയെന്ന വിശേഷണവും കൃഷ്ണമൂർത്തിക്കു സ്വന്തം. ചലച്ചിത്രരംഗത്തും സാന്നിധ്യമറിയിച്ചു. 'മേൽവിലാസം' എന്ന സിനിമയ്ക്കു തിരക്കഥയെഴുതി.

ഭാര്യ: രാജി. മക്കൾ: സീത (സിവിൽ സർവീസ്), ലക്ഷ്മണൻ. മരുമകൻ: ചന്ദൻ കുമാർ.

# അമേരിക്കയിലെ ക്ലൈമറ്റ് കമ്യൂണിക്കേഷൻ പുരസ്കാരം മലയാളി ശാസ്ത്രജ്ഞന്



കോട്ടയം: അമേരിക്കൻ ജിയോഫിസിക്കൽ യൂണിയൻ നൽകുന്ന 2026-ലെ ക്ലൈമറ്റ് കമ്യൂണിക്കേഷൻ പുരസ്കാരത്തിന് മലയാളി ശാസ്ത്രജ്ഞൻ ഡോ. റോക്സി മാത്യു കോൾ അർഹനായി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മിറ്റീരിയോളജിയിലെ സീനിയർ ശാസ്ത്രജ്ഞനാണ് പാലാ സ്വദേശിയായ ഡോ. റോക്സി.

കാലാവസ്ഥാശാസ്ത്രം സംബന്ധിച്ച ആശയവിനിമയങ്ങൾക്കുള്ള പരമോന്നത പുരസ്കാരമാണിത്. കാലാവസ്ഥാശാസ്ത്രം ജനകീയമാക്കുന്നതിന് ഡോ. റോക്സി വർഷങ്ങളായി പ്രവർത്തിക്കുന്നു. തദ്ദേശീയമായി അദ്ദേഹം നടത്തിവരുന്ന മാധ്യമസംവാദങ്ങൾ, ക്ലാസുകൾ, ഗ്രാമതലങ്ങളിൽവരെ നടത്തുന്ന ബോധവത്കരണം എന്നിവയെല്ലാം പരിഗണിച്ചാണ് അംഗീകാരം.

ലോകത്തിലെ ഏറ്റവും വലിയ എർത്ത് ആൻഡ് സ്പേസ് സയൻസ് ഓർഗനൈസേഷനാണ് അമേരിക്കൻ ജിയോഫിസിക്കൽ യൂണിയൻ.

പുരസ്കാരം ഇന്ത്യയിലെ ജനതയും സഹശാസ്ത്രജ്ഞൻമാരും വിദ്യാർത്ഥികളും മാധ്യമപ്രവർത്തകരും കാലാവസ്ഥാവിവരങ്ങൾ കൈമാറ്റംചെയ്യാൻ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി പുരസ്കാരനേട്ടത്തെ കാണുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇത് വ്യക്തിപരമായ നേട്ടമായി കാണുന്നില്ല.

ഭരണങ്ങാനം കൊല്ലംപറമ്പിൽ മാത്യു കുര്യന്റെയും ചെങ്ങളത്തുപറമ്പിൽ ലൈല മാത്യുവിന്റെയും മകനാണ്. ഭാര്യ: ജൂബി ഏലിയാസ് കോൾ.







# ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾക്ക് ഉടൻ പരിഹാരമെന്ന് മുഖ്യമന്ത്രി

ഇടുക്കി: ജില്ലയിലെ സങ്കീർണമായ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി റവന്യൂ-വനഭൂമി ജോയിന്റ് വെരിഫിക്കേഷൻ ഒരുമാസത്തിനകം



ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രസംഗിക്കുന്നു.

പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ജില്ലയിലെ ഭൂപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് കളക്ടറേറ്റിൽ ചേർന്ന ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗത്തിലാണ് ഇക്കാര്യം മുഖ്യമന്ത്രി അറിയിച്ചത്.

കലണ്ടർ തയാറാക്കി സമയബന്ധിതമായി ഓരോ വിഷയവും പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജണ്ടയ്ക്കു പുറത്തുള്ള ഒരു സ്ഥലത്തിനും വനംവകുപ്പിന് ഒരവകാശവുമില്ല. പട്ടയവിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ വേഗത്തിലാക്കും. തടസങ്ങളില്ലാത്ത അയ്യായിരത്തോളം പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യും.

പട്ടയവുമായി ബന്ധപ്പെട്ട് തടസമായി നിൽക്കുന്ന സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികളിൽ അനുകൂല തീരുമാനങ്ങളുണ്ടാകാൻ താൻ നേരിട്ട് ഇടപെടുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കും. ജില്ലയിലെ പ്രശ്നങ്ങളിൽ അറുപത് ശതമാനത്തോളം കാര്യങ്ങളിലും തീരുമാനമെടുത്തിട്ടുണ്ട്.

ഭൂമി കൈയേറ്റക്കാരെയും കുടിയേറ്റക്കാരെയും രണ്ടായാണ് കാണുന്നത്. കൈയേറ്റം ഒരു കാരണവശാലും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിനുശേഷം ഇടുക്കി ബിഷപ്സ് ഹൗസിലെത്തിയ മുഖ്യമന്ത്രിയെ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ ഏലക്കാമാലയണിയിച്ച് സ്വീകരിച്ചു.

ജില്ലയിലെ വിവിധ വിഷയങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ബിഷപ് മുഖ്യമന്ത്രിക്ക് കൈമാറി. ഉച്ചഭക്ഷണവും കഴിച്ചാണ് അദ്ദേഹം അവിടെനിന്ന് മടങ്ങിയത്.

# പാസ്പോർട്ടിൽ നിന്ന് പേര് നീക്കാൻ വിവാഹമോചന ഉത്തരവ് വേണ്ട

കൊച്ചി: പാസ്പോർട്ടിൽ നിന്നും ജീവിതപങ്കാളിയുടെ പേരു നീക്കാൻ വിവാഹമോചന ഉത്തരവ് ഹാജരാക്കേണ്ടതില്ലെന്ന് ഹൈക്കോടതി. പാസ്പോർട്ട് ചട്ടത്തിൽ ഇത്തരമൊരു നിർദ്ദേശമില്ലെന്നു വിലയിരുത്തിയാണ് തലാഖ് വഴി വിവാഹമോചനം നേടിയ തൃശൂർ സ്വദേശിനിയായ 28 വയസുകാരിയുടെ ഹർജിയിൽ ജസ്റ്റിസ് മുരളി പുരുഷോത്തമൻ ഉത്തരവിട്ടത്.

മുൻഭർത്താവിന്റെ പേര് നീക്കാൻ കോടതിയിൽ നിന്നുള്ള വിവാഹമോചന ഉത്തരവ് ഹാജരാക്കണമെന്ന പാസ്പോർട്ട് അധികൃതരുടെ നിർദ്ദേശം ചോദ്യം ചെയ്തായിരുന്നു ഹർജി. പങ്കാളിയുടെ പേരു നീക്കാൻ കോടതി ഉത്തരവ് ആവശ്യമാണെന്ന് 2024-ൽ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ടെന്നായിരുന്നു കേന്ദ്രസർക്കാരിന്റെ വാദം. എന്നാൽ, പാസ്പോർട്ട് ചട്ടത്തിൽ ഇത്തരമൊരു നിർദ്ദേശമില്ലെന്നത് കോടതി ചൂണ്ടിക്കാട്ടി. ഇതിനെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ മറികടക്കാനാകില്ലെന്നും വ്യക്തമാക്കി. ഹർജിക്കാരിയുടെ അപേക്ഷ വീണ്ടും പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ പാസ്പോർട്ട് അതോറിറ്റിയോട് കോടതി നിർദ്ദേശം നല്കി.

# നിവേദിത സുബ്രഹ്മണ്യൻ ദേശീയ വനിതാ കമ്മീഷൻ അംഗം



ഗുരുവായൂർ: മലയാളിയായ നിവേദിത സുബ്രഹ്മണ്യനെയും യുപിയിൽനിന്നുള്ള അർച്ചന മിശ്രയെയും ദേശീയ വനിതാ കമ്മീഷൻ അംഗങ്ങളായി കേന്ദ്ര സർക്കാർ നിയമിച്ചു. ഇരുവരും ബിജെപി നേതാക്കളാണ്. അഞ്ച് വർഷമാണു കാലാവധി. ചെയർപേഴ്സൺ അടക്കം അഞ്ച് അംഗങ്ങളാണ് കമ്മീഷനിലുള്ളത്. മഹിളാമോർച്ച മുൻ സംസ്ഥാന പ്രസിഡന്റായ നിവേദിത ഗുരുവായൂരിൽനിന്നു 2016-ൽ നിയമസഭയിലേക്കു മത്സരിച്ചിരുന്നു.

ചാവക്കാട് കോടതിയിലെ അഭിഭാഷകയും സുപ്രീംകോടതിയുടെ അംഗീകാരമുള്ള മീഡിയേറ്ററുമാണ്.

# ഭിന്നശേഷിക്കാരിയെ ഇറക്കിവിട്ടു; എയർ ഇന്ത്യയ്ക്ക് പിഴ

ന്യൂഡൽഹി: ഭിന്നശേഷിയുള്ള യാത്രക്കാരിയെ വിമാനത്തിൽനിന്ന് ഇറക്കിവിട്ടെന്ന പരാതിയിൽ കോർട്ട് ഓഫ് ദ് ചീഫ് കമ്മീഷണർ ഫോർ പഴ്സൻസ് വിത്ത് ഡിസബിലിറ്റീസ് (സിസിപിഡി കോടതി) എയർ ഇന്ത്യയ്ക്ക് 50,000 രൂപ പിഴ ചുമത്തി. ഇതിനുപുറമേ യാത്രക്കാരിക്ക് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരവും നൽകണം.

വിമാനത്തിൽനിന്ന് ഇറക്കിവിട്ടെന്നും തന്റെ വീൽചെയർ കേടാക്കിയെന്നും പറഞ്ഞ് ഫാൽഗുനി മഹേശ്വരി നൽകിയ പരാതിയിലാണ് സിസിപിഡി കമ്മീഷണർ എസ്. ഗോവിന്ദരാജയുടെ നടപടി. ഭിന്നശേഷിക്കാരോടുള്ള തങ്ങളുടെ സമീപനത്തെക്കുറിച്ച് എയർ ഇന്ത്യ ആഭ്യന്തര അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും കമ്മീഷണർ പറഞ്ഞു.

ഫ്രാങ്ക്ഫർട്ടിൽനിന്നു ഡൽഹിയിലെത്തിയ ഫാൽഗുനി, ഭുജിലേക്കുള്ള കണക്ഷൻ ഫ്ളൈറ്റിൽ കയറിയപ്പോഴാണ് 'ഫിറ്റ് ടു ഫ്ളൈ' സർട്ടിഫിക്കറ്റ് ഇല്ലാതെ യാത്ര അനുവദിക്കില്ലെന്നുപറഞ്ഞ് ഇറക്കിവിട്ടത്. 80 ശതമാനം ശാരീരിക വെല്ലുവിളിയുള്ള ഫാൽഗുനി വീൽചെയറിന്റെ സഹായത്തിലാണു സഞ്ചരിക്കുന്നത്.

വിമാനത്തിൽ കയറിയപ്പോൾ കാബിൻ ക്രൂവിനെ ഏൽപിച്ച വീൽചെയർ തിരിച്ചുകിട്ടിയപ്പോൾ ഉപയോഗിക്കാൻ കഴിയാത്തവിധം കേടായിരുന്നെന്നും പരാതിയിൽ പറയുന്നു.

# വോട്ടർപട്ടിക പുതുക്കൽ സ്തംഭിച്ചു

ന്യൂഡൽഹി: പതിനെട്ട് വയസ് തികയുന്ന യുവവോട്ടർമാരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തി പട്ടിക പുതുക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്പെഷൽ സമ്മറി റിവിഷൻ (എസ്എസ്ആർ) നടപടി സ്തംഭനാവസ്ഥയിലെന്ന് റിപ്പോർട്ട്. 1958 മുതൽ പിന്തുടരുന്ന പതിവ് രീതി 2024-ൽ വോട്ടർ പട്ടികയിലെ പ്രത്യേക തീവ്ര പരിഷ്കരണം (എസ്ഐആർ) ആരംഭിച്ചതു മുതൽ നടപ്പാക്കിയിട്ടില്ല. എസ്ഐആർ നടപ്പാക്കിയാലും എസ്എസ്ആർ പതിവുപോലെ പിന്തുടരണമെന്ന് സഹകമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും വിവേക് ജോഷിയും ആവശ്യപ്പെട്ടെങ്കിലും 2025-26 കാലയളവിൽ നടപടിയുണ്ടായില്ല.

2024-ലാണ് എസ്ഐആർ അവസാനമായി നടപ്പാക്കിയത്. എസ്ഐആർ നടപടിക്കിടയിൽ എസ്എസ്ആർ ആവശ്യമാണോ എന്നറിയാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമോപദേശം തേടിയിരുന്നു. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചട്ടപ്രകാരവും എസ്എസ്ആർ പുനരാരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് രണ്ട് കമ്മീഷണർമാരും നിലപാടെടുത്തതായും റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

സാധാരണ നടപടിക്രമം അനുസരിച്ച് അടുത്തവർഷം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കേണ്ട സംസ്ഥാനങ്ങളിലാണ് എസ്എസ്ആർ നടപ്പാക്കേണ്ടത്. ഇതുവരെ ഇതു സംബന്ധിച്ച നിർദ്ദേശം തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എസ്ഐആർ നടപടികൾ തുടരുന്ന ഉത്തരാഖണ്ഡ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലും ഇതിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ഉത്തർപ്രദേശിലും ഗോവയിലും 2027-ൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. എസ്ഐആർ ആദ്യമായി നടപ്പാക്കിയ ബിഹാറിലും ഒരു വർഷമായി വോട്ടർപട്ടിക പരിഷ്കരണം നടന്നിട്ടില്ല.




# ഫൊക്കാനയും മലയാളം സർവകലാശാലയും കൈകോർക്കുന്നു; അമേരിക്കൻ മലയാളികൾക്കായി രചനാ പഠനപദ്ധതി



**ജിജി ടോം/അക്ഷര**

തിരൂർ: മലയാളം സർവകലാശാലയും ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയും ചേർന്ന് പദ്ധതികൾക്ക് തുടക്കമിടുന്നു.

ഫൊക്കാന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടശേഷം ഫിലിപ്പോസ് ഫിലിപ്പിന്റെ ആദ്യ കേരള സന്ദർശനത്തിൽ സുപ്രധാനമായ തീരുമാനത്തിന് തുടക്കംകുറിച്ചത് അമേരിക്കൻ മലയാളി എഴുത്തുകാർക്കും സാഹിത്യരചനയിൽ താല്പര്യമുള്ളവർക്കും മലയാള ഭാഷയിലും സാഹിത്യത്തിലും രചനാശൈലി ഒരുക്കുന്നതിന്റെ ഭാഗമായി മലയാള സർവകലാശാലയുടെ സാഹിത്യ രചന സർട്ടിഫിക്കറ്റ് കോഴ്സ് അമേരിക്കയിലും ആരംഭിക്കുന്നതിനുള്ള ചർച്ചകൾക്കാണ് അദ്ദേഹം തുടക്കമിട്ടത്. ഫൊക്കാനയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മലയാളം സർവകലാശാല വൈസ് ചാൻസലർ ഡോ. സി. ആർ. പ്രസാദുമായി നടന്ന ചർച്ചയിലാണ് പദ്ധതിക്ക് തുടക്കമിടാൻ തീരുമാനിച്ചത്.

അമേരിക്കൻ മലയാളി എഴുത്തുകാർക്കും സാഹിത്യത്തിൽ താല്പര്യമുള്ളവർക്കുമായി സമകാലിക സാഹിത്യരചനയെ പരിചയപ്പെടുത്തുന്ന കോഴ്സ് ആരംഭിക്കാനാണ് ആലോചിക്കുന്നത്. എഴുത്തുകാർക്കു മാത്രമല്ല, സാഹിത്യത്തിൽ താല്പര്യമുള്ള സാധാരണക്കാർക്കും കോഴ്സിൽ പങ്കെടുക്കാം. ഓൺലൈൻ സംവിധാനത്തിലൂടെ പ്രത്യേകിച്ചും സൂം മീറ്റിംഗുകൾ വഴി ക്ലാസുകൾ സംഘടിപ്പിച്ച് സർട്ടിഫൈഡ് കോഴ്സായി ഇത് വികസിപ്പിക്കാനാകുമെന്ന് വൈസ് ചാൻസലർ ഡോ. സി.ആർ. പ്രസാദ് അറിയിച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കുകയും ചെയ്യും.

കൂടാതെ സർവകലാശാലയുടെ വിവിധ അക്കാദമിക് പ്രവർത്തനങ്ങളിൽ അമേരിക്കൻ മലയാളി എഴുത്തുകാർ, വിവിധ രംഗങ്ങളിൽ പ്രശോഭിക്കുന്നവർ എന്നിവരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സാദ്ധ്യതകളും പരിശോധിക്കും. ഇതിനായി പ്രത്യേക കമ്മിറ്റിക്ക് രൂപം നല്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ധാരണാപത്രം 2027 ജനുവരി ആദ്യവാരം ഒപ്പുവെക്കും.

മലയാളം സർവകലാശാലാ രജിസ്ട്രാർ ഇൻ-ചാർജ് ഡോ. എം.ജി. മല്ലിക, ഐക്യുഎസി ഡയറക്ടർ ഡോ. ജി. സജിന, ഡോ. ആർ. വിദ്യ, ഡോ. എ. അൻവർ, കെ.പി. രാമനുണ്ണി, മാധ്യമ പ്രവർത്തകൻ അനിൽ പെണ്ണുക്കര, ബി. ഹരികുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പിന് മലയാളം സർവകലാശാലയുടെ ആദരവ്

**ജിജി ടോം**

തിരൂർ: ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പിന് തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ ആദരവ്. മലയാളം സർവകലാശാലയുമായി ചേർന്ന് ഫൊക്കാന അമേരിക്കൻ മലയാളി എഴുത്തുകാർക്കും എഴുത്തിൽ താൽപര്യമുള്ളവർക്കുമായി ആരംഭിക്കുന്ന രചനാ പഠനപദ്ധതിയുടെ ചർച്ചാ വേളയിൽ ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പിനെ മലയാളം സർവകലാശാല വൈസ് ചാൻസർ ഡോ. സി. ആർ. പ്രസാദ് ആദരിച്ചു.



ഫൊക്കാനയുടെ ഭാഷയ്ക്കൊരു ഡോളർ പദ്ധതി കേരള യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടത്തിയ പല അവസരങ്ങളിലും ഫൊക്കാന പ്രവർത്തകരുമായി നല്ല ബന്ധം പുലർത്താൻ സാധിച്ചിരുന്നു എന്നും അന്ന് കേരള സർവകലാശാല രജിസ്ട്രാർ ആയി പ്രവർത്തിക്കുകയായിരുന്നുവെന്ന് വൈസ് ചാൻസലർ ഡോ. സി. ആർ. പ്രസാദ് പറഞ്ഞു. മലയാള ഭാഷയ്ക്ക് ഫൊക്കാന നല്കുന്ന സേവനങ്ങൾ അഭിനന്ദനാർഹമാണ്. അമേരിക്കൻ മലയാളികളിൽ എഴുതുന്ന വ്യക്തികൾക്ക് സമകാലിക രചനാശൈലി മനസ്സിലാക്കുവാൻ ഒരു ഹ്രസ്വകാല കോഴ്സിന് തുടക്കമിടുന്നതിൽ സർവകലാശാലയ്ക്ക് സന്തോഷമുണ്ട്. മലയാളം വാനോളം ഉയരാൻ ഇത്തരം പദ്ധതികൾ കൊണ്ട് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന പ്രസിഡണ്ടായ ശേഷം ആദ്യം തന്നെ മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവകലാശാലയിൽ എത്തുവാനും ഫൊക്കാനയുടെ 2026-2028 കാലയളവിലെ പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

മാധ്യമപ്രവർത്തകൻ അനിൽ പെണ്ണുക്കര, ലഹരിവിരുദ്ധ പ്രവർത്തകൻ ബി. ഹരികുമാർ, എഴുത്തുകാരൻ കെ.പി. രാമനുണ്ണി തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.






# അച്ചായൻസ് ഗോൾഡിന്റെ 50–ാമത് ഷോറൂം ദുബായിൽ പ്രവർത്തനമാരംഭിച്ചു

ദുബായ്: അച്ചായൻസ് ഗോൾഡിന്റെ വളർച്ചയിലെ സുപ്രധാന നാഴികക്കല്ലായി യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ ആദ്യ ഷോറൂം ദുബായ് അൽ മങ്കൂൽ യുഡബ്ല്യു മാളിൽ പ്രവർത്തനം ആരംഭിച്ചു. അച്ചായൻസ് ഗോൾഡിന്റെ 50-ാമത് ഷോറൂം കൂടിയാണിത്.

അച്ചായൻസ് ഗോൾഡ് ഉടമ ടോണി വർക്കിച്ചൻ ഷോറൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജനറൽ മാനേജർ ഷിനിൽ കുര്യന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ പ്രമുഖ വ്യക്തികളും അതിഥികളും പങ്കെടുത്തു.

അച്ചായൻസ് ഗോൾഡിന്റെ 50-ാമത് ഷോറൂമിന്റെ ഉദ്ഘാടനവും യുഎഇ വിപണിയിലേക്കുള്ള ആദ്യചുവടുവെപ്പും ബ്രാൻഡിന്റെ വളർച്ചയിലെ നിർണായക അധ്യായമാണ്. വർഷങ്ങളായി ഉപഭോക്താക്കളിൽ നിന്ന് നേടിയെടുത്ത വിശ്വാസത്തിന്റെയും തുടർച്ചയായ വളർച്ചയുടെയും പ്രതിഫലനമാണ് ഈ നേട്ടം.



വിശ്വാസം. സുതാര്യത, ഉപഭോക്തൃ സംതൃപ്തി എന്നിവയെ അടിസ്ഥാനമാക്കിയാണ് അച്ചായൻസ് ഗോൾഡ് പ്രവർത്തിക്കുന്നത്.

സ്വർണ ഇടപാടുകളിൽ വ്യക്തതയും സുതാര്യതയും ഉറപ്പാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് വിശ്വസനീയവും പ്രൊഫഷണലുമായ സേവനം നല്കുന്നതിലാണ് ബ്രാൻഡ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അച്ചായൻസ് ഗോൾഡിനെ സംബന്ധിച്ചിടത്തോളം സ്വർണം സാമ്പത്തിക മൂല്യം മാത്രമുള്ള ഒരു വസ്തുവല്ല. നമ്മുടെ ജീവിതത്തോടും വൈകാരിക ബന്ധങ്ങളോടും സാമ്പത്തിക ആവശ്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്ന ഒരു പ്രധാന സമ്പത്താണ് സ്വർണം.

ഓരോ ഉപഭോക്തൃ ബന്ധവും സത്യസന്ധതയോടും ബഹുമാനത്തോടും കൂടി കൈകാര്യം ചെയ്യുന്നതിലുള്ള ബ്രാൻഡിന്റെ പ്രതിബദ്ധതയാണ് അതിന്റെ വിശ്വാസ്യതയ്ക്ക് അടിത്തറയായത്.

യുഎഇയിലെ ആദ്യ ഷോറൂമിന്റെ പ്രവർത്തനം ആരംഭിച്ചതോടെ അച്ചായൻസ് ഗോൾഡ് തങ്ങളുടെ സേവനാനുഭവവും ഉപഭോക്തൃ കേന്ദ്രീകൃത സമീപനവും ദുബായിലേക്കും എത്തിച്ചിരിക്കുകയാണ്.

യുഎഇയിലെ വൈവിധ്യമാർന്ന സമൂഹത്തിന് മികച്ച സേവനം നല്കുന്നതിനൊപ്പം 50 ഷോറൂമുകളിലേക്കുള്ള യാത്രയിൽ ബ്രാൻഡ് പിന്തുടർന്ന മൂല്യങ്ങൾ തുടർന്നും ഉയർത്തിപ്പിടിക്കുകയാണ് പുതിയ ഷോറൂം.

അച്ചായൻസ് ഗോൾഡിന്റെ വളർച്ചയിലെ മറ്റൊരു നാഴികക്കല്ല് മാത്രമല്ല, 50-ാമത് ഷോറൂമിന്റെ ഉദ്ഘാടനം യുഎഇയിലെ ബ്രാൻഡിന്റെ പുതിയ അദ്ധ്യായത്തിന് തുടക്കമിടുന്ന സുപ്രധാന ചുവടുവെപ്പു കൂടിയാണിത്.

അച്ചായൻസ് ഗോൾഡ്-50 ഷോറൂമുകൾ വിശ്വാസ്യതയുടെ പാരമ്പര്യം

# കെ.എസ്.എസ്.എസ്. മുത്തോലത്ത് നഗറിലെ പുതിയ ബ്ലോക്കിന്റെ തറക്കല്ലിടീൽ നടത്തി

കോട്ടയം: കോട്ടയം അതിരൂപതയുടെ സാമൂഹിക സേവനവിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലാ ചേർപ്പുങ്കൽ മുത്തോലത്ത് നഗറിൽ പുതുതായി നിർമ്മിക്കുന്ന ബ്ലോക്കിന്റെ തറക്കല്ലിടീൽ കർമ്മം നടത്തപ്പെട്ടു. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും കെ.എസ്.എസ്.എസ്. മുൻ ഡയറക്ടർ ഫാ. അബ്രാഹം മുത്തോലത്തിന്റെയും സാമ്പത്തിക സഹകരണത്തോടെ നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ തറക്കല്ലിടീൽ കർമ്മം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവ് നിർവഹിച്ചു. കെ.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ, ഫാ. തോമസ് കോട്ടൂർ, ഫാ. ജോൺ പൂച്ചക്കാട്ടിൽ, ഫാ. ഫിൽമോൻ കളത്തറ, ഫാ. ജോസ് കടവിൽച്ചിറ, ഫാ. റെജി കൊച്ചുപറമ്പിൽ, കെ.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ജെഫിൻ ഒഴുങ്ങാലിൽ, ഫാ. ഷിജു അവണ്ണൂർ, സിസ്റ്റർ സാലി എസ്.വി.എം, കെ.എസ്.എസ്.എസ്. ബോർഡ് മെംബർ ഏബ്രഹാം സജി പഴുമാലിൽ, കോൺട്രാക്ടർ ഷിജോ ഇടയാടിയിൽ, കെ.എസ്.എസ്.എസ്. ഗ്രാമതല സന്നദ്ധപ്രവർത്തകർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മീനച്ചിലാറിന്റെ തീരത്തോട് ചേർന്ന് രണ്ട് നിലകളിലായി പതിനാല് മുറികളും മൾട്ടിപർപ്പസ് ഹാളും ഉൾപ്പെടുന്ന കെട്ടിട ബ്ലോക്കാണ് നിർമ്മിക്കുന്നത്.



# ടാമ്പാ സേക്രഡ് ഹാർട്ട് ദേവാലയത്തിൽ മതബോധന ഞായർ ആഘോഷിച്ചു

റോബിൻ ചമ്പാനിയിൽ

ടാമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ മതബോധന ഞായർ സെപ്റ്റംബർ 20-ന് ഞായറാഴ്ച ആചരിച്ചു. ഇംഗ്ലീഷ് വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന പ്രത്യേക ചടങ്ങിൽ കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസപരിശീലനത്തിനായി നിസ്വാർത്ഥ സേവനം ചെയ്യുന്ന എല്ലാ മതബോധന അദ്ധ്യാപകരെയും ആദരിക്കുകയും അവരുടെ വിലപ്പെട്ട സേവനങ്ങൾക്ക് നന്ദി അറിയിക്കുകയും ചെയ്തു.




ഇടവക വികാരി ഫാ. ജോസഫ് അദോപ്പിള്ളിൽ, സൺഡേസ്കൂൾ പ്രിൻസിപ്പൽ സിജോയി പറപ്പള്ളിൽ, മാതാപിതാക്കളുടെ പ്രതിനിധി ലിനു കൈതമലയിൽ, വിദ്യാർത്ഥി പ്രതിനിധി ജെവിൻ പഴമ്പള്ളിൽ, അദ്ധ്യാപക പ്രതിനിധികളായ ആഷ്‌ലി പുതുപ്പള്ളിമ്യാലിൽ, ആഞ്ചലിക് തോമസ് എന്നിവർ ആശംസകളും സന്ദേശങ്ങളും പങ്കുവെച്ചു. സൺഡേസ്കൂൾ ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാനും പുതുതലമുറയെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തുന്നതിനായി സമർപ്പിതമായി പ്രവർത്തിക്കുന്ന അദ്ധ്യാപകർ, മാതാപിതാക്കൾ, വിദ്യാർത്ഥികൾ, ഇടവകസമൂഹം എന്നിവരുടെ കൂട്ടായ പരിശ്രമങ്ങൾക്ക് ദൈവത്തിന് നന്ദി അർപ്പിക്കാനുമുള്ള സവിശേഷ അവസരമായി മതബോധന ഞായർ ആഘോഷം മാറി.

# ക്നാനായ കോ–ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി വാർഷിക പൊതുയോഗം

കോട്ടയം: ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെ പതിനാലാമത് വാർഷിക പൊതുയോഗം ചേർപ്പുങ്കൽ മുത്തോലത്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. ക്നാനായ സൊസൈറ്റി ചെയർമാൻ ബിനോയി ഇടയാടിയിൽ അദ്ധ്യക്ഷത വഹിച്ചു.



വൈസ് ചെയർമാൻ ജിൽമോൻ മഠത്തിൽ, ഡയറക്ടർ ബേബി മുളവേലിപ്പുറത്ത്, മാനേജിങ് ഡയറക്ടർ മാത്യു പി.കെ.പാണ്ടവത്ത്, ജനറൽ മാനേജർ ജോസ് പി. ജോർജ് പാറടിയിൽ, ജനറൽ മാനേജർ (ഓപ്പറേഷൻസ്) എബി ഏലിയാസ്, ഓഡിറ്റർ ബിനു ശങ്കർ എന്നിവർ പ്രസംഗിച്ചു.

2025-2026 വർഷക്കാലയളവിൽ സൊസൈറ്റിയുടെ മൊത്തം ബിസിനസ് 300 കോടി രൂപയായി വർദ്ധിച്ചു. കാർഷിക മേഖലയ്ക്ക് ഊന്നൽ നല്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും പുതിയ ബിസിനസ് സെന്ററുകൾ തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഡയറക്ടർമാരായ ഡോ. സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, പ്രഫ. കെ.ജെ. ജോയി മുപ്രാപ്പള്ളിൽ, തോമസ് പീടികയിൽ, സൈമൺ മണപ്പള്ളിൽ, ടോമി കൊച്ചാനയിൽ, ഷൈജി ഓട്ടപ്പള്ളിൽ, തോമസ് മുളക്കൽ, ഡോ. ലൂക്കോസ് പുത്തൻപുരയ്ക്കൽ, ജെയിംസ് മലേപറമ്പിൽ, സൈമൺ പാഴൂക്കുന്നേൽ, ഷോണി പുത്തൂർ, ജോണി കണ്ടാരപ്പള്ളിൽ, മേഴ്സി മാത്യു പാലച്ചുവട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു.

പൊതുയോഗത്തിൽ ആയിരത്തിലധികം സഹകാരികൾ പങ്കെടുത്തു.

## ഉന്നതവിജയം നേടിയ കുട്ടികളെ ആദരിച്ചു

കോട്ടയം: ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി അംഗങ്ങളുടെ കുട്ടികൾക്ക് എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്, എ വൺ ഗ്രേഡ് നേടിയവരെ ആദരിച്ചു.



ചേർപ്പുങ്കൽ മുത്തോലത്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ചടങ്ങിൽ ക്നാനായ സൊസൈറ്റിയുടെ ചെയർമാൻ ബിനോയി ഇടയാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സൊസൈറ്റി ഡയറക്ടർമാരായ ഡോ. സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, പ്രഫ. കെ.ജെ. ജോയി മുപ്രാപ്പള്ളിൽ, തോമസ് പീടികയിൽ, സൈമൺ മണപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. ക്നാനായ സൊസൈറ്റി വൈസ് ചെയർമാൻ ജിൽമോൻ മഠത്തിൽ, ഡയറക്ടർമാരായ ടോമി കൊച്ചാനയിൽ, ഷൈജി ഓട്ടപ്പള്ളിൽ, തോമസ് മുളയ്ക്കൽ, ഡോ. ലൂക്കോസ് പുത്തൻപുരയ്ക്കൽ, ബേബി മുളവേലിപ്പുറത്ത്, ജെയിംസ് മലേപ്പറമ്പിൽ, സൈമൺ പാഴുക്കുന്നേൽ, ഷോണി പൂത്തൂർ, ജോണി കണ്ടാരപ്പള്ളിൽ, മേഴ്സി മാത്യു പാലച്ചുവട്ടിൽ മാനേജിങ് ഡയറക്ടർ മാത്യു പി.കെ. പാണ്ടവത്ത്, ജനറൽ മാനേജർ ജോസ് പി. ജോർജ് പാറടിയിൽ, ജനറൽ മാനേജർ (ഓപ്പറേഷൻസ്) എബി ഏലിയാസ് എന്നിവർ സന്നിഹിതരായിരുന്നു.

## മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ സിൽവർ ജൂബിലി ആഘോഷങ്ങൾ ഒക്ടോബർ 17–ന്

ചിക്കാഗോ: 2001-ൽ രൂപീകൃതമായ മലയാളി റെസ്പിറേറ്ററി കെയർ പ്രാക്ടീഷണർമാരുടെ സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് മലയാളി റെസ്പിറേറ്ററി കെയർ (മാർക്) ന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം ഒക്ടോബർ 17-ന് വൈകിട്ട് 6 മണിക്ക് മൗണ്ട് പ്രോസ്പെക്ട്സിലെ ഒലിവ് പാലസ് ബാങ്ക്വറ്റ് ഹാളിൽ വിപുലമായ പരിപാടികളോടെ നടക്കും.

ഒരുവർഷം നീണ്ടുനിന്ന ആഘോഷപരിപാടികളുടെ സമാപനസമ്മേളനം അമേരിക്കൻ അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (ആർക്) പ്രസിഡണ്ട് ഡാന ഇവാൻസ് ഉദ്ഘാടനം ചെയ്യും. ആർക് ഡയറക്ടർ അറ്റ് ലാർജ് ആൻ ഗീസ്ട് കെമ്പെർ, ഐഎസ്ആർസി പ്രസിഡണ്ട് ജീന ഹൂട്സ്, ചിക്കാഗോയിലെ വിവിധ പ്രൊഫഷണൽ സംഘടനകളായ ഐഎൻഎഐ. ഐഎസ്ഡബ്ല്യുഐ, എആർപികെഒ, എംആർഎ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലുള്ള അർഹരായ മൂന്നു കുടുംബങ്ങൾക്ക് സാമൂഹിക പ്രവർത്തക ഡോ. എം.എസ്. സുനിലിന്റെ നേതൃത്വത്തിൽ മാർക്കിന്റെ അംഗങ്ങളുടെ സഹകരണത്തോടെ വീടുകൾ നിർമ്മിച്ചു നല്കുന്നതിന് സംഘടനയ്ക്ക് കഴിഞ്ഞു.

സംഘടനയുടെ കാൽ നൂറ്റാണ്ട് നീണ്ട ചരിത്രവും പ്രവർത്തനപഥങ്ങളും നേട്ടങ്ങളും അടയാളപ്പെടുത്തുന്ന സുവനീർ ചടങ്ങിൽ പ്രകാശനം ചെയ്യും. നിരവധി ശ്രദ്ധേയമായ ലേഖനങ്ങളും ഹൃദയസ്പർശിയായ സാഹിത്യ സൃഷ്ടികളും ഓർമ്മക്കുറിപ്പുകളും സംഘടനയുടെ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്ന രചനകളും ഉൾക്കൊള്ളുന്ന ഈ സുവനീർ വായനക്കാർക്ക് വേറിട്ടൊരു അനുഭവം സമ്മാനിക്കുന്ന മികച്ച പ്രസിദ്ധീകരണമായിരിക്കുമെന്ന് സുവനീർ കമ്മിറ്റി അറിയിച്ചു.

അസോസിയേഷന്റെ രൂപീകരണത്തിനു നേതൃത്വം നല്കിയ സ്ഥാപക നേതാക്കളെയും കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടെ സംഘടനയെ വിവിധ ഘട്ടങ്ങളിൽ നയിച്ച പ്രസിഡണ്ടുമാരെയും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പിന്തുണ നല്കിയ സ്പോൺസർമാരെയും ചടങ്ങിൽ ആദരിക്കും.

അസോസിയേഷന്റെ അംഗങ്ങളും കുടുംബാംഗങ്ങളും ഉൾപ്പെടെ നിരവധി പേർ പങ്കെടുക്കുന്ന ഈ ആഘോഷപരിപാടി അവിസ്മരണീയമായ അനുഭവമാക്കി മാറ്റുന്നതിനായി വൈവിധ്യമാർന്ന കലാപരിപാടികളും മറ്റ് ആകർഷകമായ പരിപാടികളും ഉൾപ്പെടുത്തി വിപുലമായ ഒരുക്കങ്ങളാണ് നടത്തിവരുന്നതെന്ന് ജൂബിലി കമ്മിറ്റി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി തോമസ്, സെക്രട്ടറി വിജയൻ വിൻസന്റ്, ട്രഷറർ രഞ്ജി വർഗീസ് എന്നിവർ അറിയിച്ചു.

അസോസിയേഷന്റെ നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രസിഡണ്ട് ടോം ജോസ് സെക്രട്ടറി സമയ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, വൈസ് പ്രസിഡണ്ട് സണ്ണി കൊട്ടുകാപ്പള്ളി, ജോ. സെക്രട്ടറി റോണിഷ് മാത്യു, ജോ. ട്രഷറർ സന്തോഷ് ജോർജ്, ജനറൽ ഓർഗനൈസർ ബിൻസി ഏലിയാസ്, എഡ്യൂക്കേഷണൽ കോ-ഓർഡിനേറ്റർ ട്രീസ ഷെയ്, പിആർഒ ബിജു മുണ്ടക്കൽ എന്നിവരും ആഘോഷപരിപാടിയുടെ വിജയത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിവരുന്നു.

# വിശ്വാസ പരിശീലന ഞായർ ആഘോഷിച്ച് ഡാളസ് ഇടവക

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശ്വാസപരിശീലന ഞായർ വിവിധ പരിപാടികളോടെ പ്രത്യേകമായി ആഘോഷിച്ചു. ക്നാനായ റീജിയൻ വിശ്വാസപരിശീലന ഡയറക്ടറും ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക വികാരിയുമായ ഫാ. ബിൻസ് ചേത്തലിൽ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

**ജോക്കുട്ടി മേലേടത്ത്**



വിശ്വാസപരിശീലകർക്കായി കുട്ടികളുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തപ്പെട്ടു. വിശ്വാസ പരിശീലനരംഗത്ത് അദ്ധ്യാപകർ നിർവഹിക്കുന്ന സേവനങ്ങളെ അനുസ്മരിക്കുകയും അവരുടെ സമർപ്പണത്തിന് നന്ദി അറിയിക്കുകയും ചെയ്തു.

സ്കൂൾ പ്രിൻസിപ്പൽ ജോർജ് ചെറുശ്ശേരിൽ, അസി. പ്രിൻസിപ്പൽ മനോജ് വിരുത്തിക്കുളങ്ങര, മിനി തൈപ്പറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. കുട്ടികൾ മാലാഖമാരാണ്. ആ മാലാഖമാരുടെ ചിറകുകളാകണം വിശ്വാസപരിശീലകർ എന്ന് ഫാ. ബിൻസ് ചേത്തലിൽ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. കുട്ടികളുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തുന്നതിലും ക്രൈസ്തവ മൂല്യങ്ങളിൽ അവരെ വളർത്തുന്നതിലും വിശ്വാസപരിശീലകരുടെ പങ്ക് ഏറെ പ്രധാനപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു.

# പീസ് ഗാർഡൻ സ്ഥാപനം: ഡോ. ആനി പോളിന്റെ കിരീടത്തിലെ മറ്റൊരു പൊൻതൂവൽ

സെബാസ്റ്റ്യൻ ആന്റണി



ന്യൂയോർക്ക്: റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ വൈസ് ചെയർ ഡോ. ആനി പോൾ വിഭാവനം ചെയ്ത് മുന്നോട്ടുവെച്ച പീസ് ഗാർഡന്റെ ശിലാസ്ഥാപനച്ചടങ്ങ് ന്യൂസിറ്റിയിൽ നടന്നു. മഹാത്മാഗാന്ധിയുടെയും ഡോ. മാർട്ടിൻ ലൂഥർ കിങ് ജൂണിയറിന്റെയും സമാധാനം, അഹിംസ, സമത്വം, നീതി എന്നീ മഹത്തായ ആദർശങ്ങളെ ആദരിക്കുന്ന ചരിത്രപ്രധാനമായ പദ്ധതിയാണിത്.

ന്യൂസിറ്റിയിലെ അലിസൺ-പാരിസ് കൗണ്ടി ഓഫീസ് കെട്ടിടത്തിനും റോക്ക്‌ലാൻഡ് കൗണ്ടി കോടതിക്കും ഇടയിലാണ് പീസ് ഗാർഡൻ നിർമ്മിക്കുന്നത്. പീസ് ഗാർഡൻ ഡോ. ആനി പോളിന്റെ സംരംഭമാണ്. ഉദ്യാനത്തിൽ സ്ഥാപിക്കുന്ന മഹാത്മാഗാന്ധിയുടെ പ്രതിമ ഇന്ത്യാ ഗവൺമെന്റ് ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ മുഖേന സംഭാവന ചെയ്തു. ഡോ. മാർട്ടിൻ ലൂഥർ കിങ് ജൂണിയറിന്റെ പ്രതിമയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ടോണി എൽ. ഏൾ നേതൃത്വം നല്കുന്നു.




ഡോ. ആനി പോളിന്റെ വിശിഷ്ടമായ പൊതുസേവന യാത്രയിലെ മറ്റൊരു പൊൻതൂവലാണ് ഈ പീസ് ഗാർഡൻ. ന്യൂയോർക്ക് സംസ്ഥാനത്ത് കൗണ്ടി ലെജിസ്ലേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ-അമേരിക്കൻ വനിതയും അമേരിക്കയിൽ കൗണ്ടി ലെജിസ്ലേറ്റീവ് പദവി വഹിക്കുന്ന ആദ്യ ഇന്ത്യൻ നേഴ്സുമായ ഡോ. പോൾ, വിവിധ സമൂഹങ്ങൾക്കിടയിൽ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പാലങ്ങൾ പണിയുന്നതിനായി നിരന്തരം പ്രവർത്തിച്ചുവരുന്നു.

മഹാത്മാഗാന്ധിയുടെയും ഡോ. മാർട്ടിൻ ലൂഥർ കിങ് ജൂണിയറിന്റെയും ജീവിതസന്ദേശങ്ങൾ വരുംതലമുറകൾക്ക് പകർന്നു നല്കുന്ന ഒരു സ്ഥിരം സ്മാരകമായിരിക്കും ഈ പീസ് ഗാർഡൻ. വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾ ഇവിടെയെത്തി സമാധാനം, നീതി, ഐക്യം, അഹിംസ എന്നീ മൂല്യങ്ങളെക്കുറിച്ച് ചിന്തിക്കണമെന്നാണ് എന്റെ ആഗ്രഹമെന്ന് ഡോ. ആനി പോൾ പറഞ്ഞു.




പദ്ധതിക്ക് പിന്തുണ നല്കിയ ലെജിസ്ലേറ്റർ ചെയർമാൻ ജെ ഹുഡ് ജൂനിയർ, കൗണ്ടി എക്സിക്യൂട്ടീവ് എഡ് ഡേ, ലെജിസ്ലേറ്റർ ടോണി എൽ ഏൾ, സഹപ്രവർത്തകരായ ലെജിസ്ലേറ്റർമാർ, കൗണ്ടി ജീവനക്കാർ എന്നിവർക്ക് ഡോ. പോൾ നന്ദി അറിയിച്ചു. മഹാത്മാഗാന്ധിയുടെ പ്രതിമ സംഭാവന ചെയ്ത ഇന്ത്യാ ഗവൺമെന്റിനും ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിനും പ്രത്യേകിച്ച് കോൺസൽ ജനറൽ അംബാസഡർ ബിനയ എസ്. പ്രധാൻ, കോൺസൽ പിയൂഷ് സിങ്, സിബു നായർ എന്നിവർക്കും അവർ ഹൃദയപൂർവം നന്ദി രേഖപ്പെടുത്തി. റോക്ക്‌ലാൻഡ് കൗണ്ടിയിലെ എല്ലാ സമൂഹങ്ങളെയും ഒരുമിപ്പിക്കുന്ന സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും ശാശ്വത പ്രതീകമായ ഈ പീസ് ഗാർഡൻ നിലകൊള്ളും.






# ജനകീയ നേതാക്കന്മാർക്ക് ചിക്കാഗോയിൽ കേരളാ എക്സ്പ്രസ്സിന്റെ ആദരവ്



ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല

ചിക്കാഗോയിലെത്തിയ കേരള ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല, ജലസേചന വകുപ്പുമന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എംപി, ആലുവ എംഎൽഎ അൻവർ സാദത്ത്, മുൻമന്ത്രി പന്തളം സുധാകരൻ എന്നിവർക്ക് സെപ്റ്റംബർ 11-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് കേരളാ എക്സ്പ്രസ് ഹൃദ്യമായ സ്വീകരണം നല്കി. ചീഫ് എഡിറ്റർ കെ. എം. ഈപ്പൻ, എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, മാനേജിംഗ് എഡിറ്റർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, അനീഷ് ഈപ്പൻ, അജിത് ഈപ്പൻ തുടങ്ങിയവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

ഫോട്ടോ: മോനു വർഗീസ്



ജലസേചന വകുപ്പുമന്ത്രി മോൻസ് ജോസഫ്



ജോസ് കെ. മാണി എംപി



അൻവർ സാദത്ത് എംഎൽഎ



മുൻമന്ത്രി പന്തളം സുധാകരൻ



ചീഫ് എഡിറ്റർ കെ. എം. ഈപ്പൻ



എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി



ലൂസി കണിയാലി









# ജനകീയ നേതാക്കന്മാർക്ക് ചിക്കാഗോയിൽ കേരളാ എക്സ്പ്രസ്സിന്റെ ആദരവ്


















# സർക്കാർ വാക്ക് പാലിക്കും: ജലവിഭവ –ഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്





**അ**ഭിഭാഷകനും ദീർഘകാലത്തെ നിയമസഭാ പ്രവർത്തന പരിചയമുള്ള ജനപ്രതിനിധിയുമാണ് അഡ്വ. മോൻസ് ജോസഫ്. 1996–ൽ കേരള നിയമസഭയിലെത്തിയ അദ്ദേഹം കടുത്തുരുത്തി മണ്ഡലത്തെ അഞ്ച് തവണ പ്രതിനിധീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് മന്ത്രിയായും നിയമസഭയിലെ വിവിധ സമിതികളുടെ അധ്യക്ഷനായും പ്രവർത്തിച്ചിട്ടുള്ള മോൻസ് ജോസഫ്, നിലവിൽ ജലവിഭവം, ജലസേചനം, ഭൂഗർഭജലം, കുടിവെള്ളം, ശുചിത്വം, ഭവനനിർമാണം തുടങ്ങിയ സുപ്രധാന വകുപ്പുകളുടെ ചുമതലയാണ് വഹിക്കുന്നത്.

കേരളത്തിന്റെ ജലസുരക്ഷ, ജലസ്രോതസ്സുകളുടെ സംരക്ഷണം, കുടിവെള്ള ലഭ്യത എന്നിവയ്ക്കൊപ്പം സാധാരണക്കാരുടെ ഭവനസ്വപ്നങ്ങൾക്ക് കൈത്താങ്ങാകുന്ന പദ്ധതികളും ഏറെ ശ്രദ്ധ നേടുന്ന വിഷയങ്ങളാണ്. ജലവിഭവ-ജലസേചന മേഖലകളിലെ വികസന പ്രവർത്തനങ്ങളും ഭവനനിർമ്മാണ രംഗത്തെ പുതിയ പദ്ധതികളും മുന്നോട്ടുവയ്ക്കുന്ന മന്ത്രി എന്ന നിലയിൽ അഡ്വ. മോൻസ് ജോസഫിന്റെ കാഴ്ചപ്പാടുകൾക്ക് ഏറെ പ്രസക്തിയുണ്ട്. ഈ വിഷയങ്ങളെയും സർക്കാരിന്റെ മുൻഗണനകളെയും കുറിച്ച് ജലവിഭവ, ജലസേചന, ഭവനനിർമാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ചിക്കാഗോയിൽ കേരളാ എക്സ്പ്രസ്സിനോട് സംസാരിക്കുന്നു. കേരളാ എക്സ്പ്രസ്സ് ചീഫ് എഡിറ്റർ കെ.എം. ഈപ്പനും സന്നിഹിതനായിരുന്നു.

**വർഷങ്ങൾക്കുശേഷം അധികാരത്തിലെത്തിയ യുഡിഎഫ് ഭരണത്തെക്കുറിച്ച് കേരളത്തിലെ ജനങ്ങളുടെ മനോഭാവം എന്താണ്?**

കേരളത്തിൽ ഒരു വലിയ മാറ്റം വേണമെന്ന് ജനങ്ങൾ ആഗ്രഹിച്ചു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ പത്ത് വർഷത്തെ എൽ.ഡി.എഫ് ഭരണത്തിൽ കേരളം വലിയ തകർച്ചയിലേക്ക് പോയി എന്നൊരു പൊതുവായ വിലയിരുത്തൽ ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ കേരളത്തെ തിരിച്ച് വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരണമെന്ന ജനങ്ങളുടെ ആഗ്രഹമാണ് ഈ തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിച്ചത്.

അതുകൊണ്ടുതന്നെ, യുഡിഎഫിന്റെ പുതിയ സർക്കാർ മെച്ചപ്പെട്ട ഭരണം കാഴ്ചവെക്കുക, ജനങ്ങളോട് പറഞ്ഞ വാക്കുകൾ പാലിക്കുക, ജനങ്ങളോടുള്ള ആത്മാർഥത തെളിയിക്കുക ഇതാണ് ഞങ്ങളുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട അജണ്ട.

ഇടതുമുന്നണിയുടെ ഭരണത്തിന് ഒരു മാറ്റം വേണമെന്ന ശക്തമായ വിധിയെഴുത്താണ് ജനങ്ങൾ നടത്തിയത്. അതിലൂടെ യുഡിഎഫിന് ഭരണം ലഭിച്ചിരിക്കുകയാണ്. ഇനി ജനങ്ങൾ ഞങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത് മികച്ച ഭരണമാണ്. അതിനുവേണ്ടിയുള്ള ആത്മാർഥമായ പരിശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്.

കേരളത്തെ ഒരു പുതുയുഗത്തിലേക്ക് നയിക്കുക എന്നതാണ് യുഡിഎഫ് സർക്കാരിന്റെ ഏറ്റവും വലിയ ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഡി. സതീശൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

**മുഖ്യമന്ത്രി വി.ഡി. സതീശന്റെ സമീപനങ്ങളെയും കാഴ്ചപ്പാടുകളെയും എങ്ങനെ വിലയിരുത്തുന്നു?**

മുഖ്യമന്ത്രിക്ക് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. അതോടൊപ്പം നല്ല ദിശാബോധവും ദീർഘവീക്ഷണവുമുണ്ട്. ഒരു മുഖ്യമന്ത്രി എന്ന നിലയിൽ ഓരോ കാര്യങ്ങളും നന്നായി പഠിക്കുകയും ജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തി ഫലപ്രദമായി നടപ്പാക്കുകയും ചെയ്യുന്നതിൽ അദ്ദേഹം വളരെ ജാഗ്രതയോടെയാണ് പ്രവർത്തിക്കുന്നത്.

അഭിമുഖം: ജോസ് കണിയാലി

ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ആവശ്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും മുഖ്യമന്ത്രി കാണിക്കുന്ന ശ്രദ്ധ വളരെ പ്രധാനപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ഈ പ്രവർത്തനങ്ങൾ തീർച്ചയായും കേരളത്തെ കൂടുതൽ പുരോഗതിയിലേക്കും വളർച്ചയിലേക്കും നയിക്കും എന്ന കാര്യത്തിൽ സംശയമില്ല.

'കേരളം രക്ഷപ്പെടും, കേരളത്തിൽ മാറ്റമുണ്ടാകും' എന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ അന്വർത്ഥമാകുന്ന തരത്തിലാണ് ഇപ്പോൾ ഭരണം മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള ആത്മാർഥമായ ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്.

**മധ്യകേരളത്തിലെ ജനങ്ങൾ ഇപ്പോൾ പ്രധാനമായും ഉന്നയിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?**

മധ്യകേരളത്തിൽ ഇപ്പോൾ പ്രധാനമായും ആളുകളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാർഷിക മേഖലയാണ്. റബ്ബർ, പച്ചക്കറി, നെല്ല് തുടങ്ങിയ കാർഷിക ഉൽപന്നങ്ങളുടെ പ്രധാന കേന്ദ്രങ്ങളിലൊന്നാണ് മധ്യകേരളം. അതുകൊണ്ടുതന്നെ കർഷകർക്ക് കൂടുതൽ സംരക്ഷണം നൽകുന്ന നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന പരിഗണനകളിലൊന്ന്.

ഇക്കാര്യത്തിൽ സർക്കാർ ഇപ്പോൾ തന്നെ ആത്മാർഥമായ ഇടപെടലുകൾ ആരംഭിച്ചിട്ടുണ്ട്. എൽഡിഎഫ് ഭരണകാലത്ത് റബ്ബറിന് 250 രൂപ നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നെങ്കിലും അത് നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാൽ യുഡിഎഫ് സർക്കാർ അധികാരത്തിലെത്തി ആദ്യ നൂറ് ദിവസത്തിനുള്ളിൽ തന്നെ റബ്ബറിന് 250 രൂപ അടിസ്ഥാനവില പ്രഖ്യാപിച്ചു.



അതുപോലെ നെല്ലിന്റെ സംഭരണവില വർധിപ്പിക്കുകയും എൽ.ഡി.എഫ് ഭരണകാലത്ത് വലിയ തലവേദനയായിരുന്ന നെല്ലിന്റെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തു. നെൽകർഷകർക്ക് ആശ്വാസം നൽകുന്ന തരത്തിലുള്ള പദ്ധതികളും ഇപ്പോൾ ആവിഷ്കരിച്ചുവരികയാണ്.

നാളികേരത്തിന്റെ കാര്യത്തിലും കർഷകർ വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. സംഭരണവും കൃത്യമായ വിലയും ഇല്ലാത്ത സാഹചര്യമുണ്ടായിരുന്നു. ആ പ്രശ്നത്തിലും സർക്കാർ ഇടപെട്ട് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ കാർഷിക മേഖലയ്ക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ സർക്കാർ വളരെ ശ്രദ്ധേയമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

അതുപോലെ തന്നെ നമ്മുടെ ജലാശയങ്ങൾ മാലിന്യവും ചളിയും നിറഞ്ഞ് മലിനമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മാലിന്യമുക്തമായ ജലാശയങ്ങൾ എന്ന വലിയ ലക്ഷ്യം ഏറ്റെടുക്കുകയാണ് സർക്കാർ. അവിടെ ചെറിയ പദ്ധതികൾ നടപ്പാക്കുന്നതിനു പകരം സമഗ്രമായ ജലശുദ്ധീകരണ പദ്ധതിയിലേക്കാണ് സർക്കാർ പോകുന്നത്.

ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ് മുല്ലപ്പെരിയാർ ഡാം. കേരളത്തിന്റെ നിലപാട് വ്യക്തമാണ് കേരള ജനതയുടെ സുരക്ഷ ഉറപ്പാക്കണം. 130 വർഷത്തിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് കേരള ജനതയ്ക്ക് ആശങ്കയുണ്ട്. എത്ര ഏജൻസികൾ സുരക്ഷിതമാണെന്ന് പറഞ്ഞാലും ജനങ്ങളുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതുണ്ട്.

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്നതാണ് കേരളത്തിന്റെ ആവശ്യം. തമിഴ്നാടിന് ആവശ്യമായ വെള്ളം നൽകുന്നതിൽ കേരളത്തിന് എതിർപ്പില്ല. കേരളത്തിന്റെ ആവശ്യം ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്നതാണ്.

വനനിർമ്മാണ വകുപ്പിന്റെ കാര്യത്തിലും വലിയ മാറ്റമാണ് ലക്ഷ്യമിടുന്നത്. ഭവനരഹിതരായ ആളുകൾക്ക് വീട് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ വകുപ്പ് രൂപീകരിച്ചത്. എന്നാൽ ഇപ്പോൾ വകുപ്പ് തന്നെ വലിയ സാമ്പത്തിക പ്രതിസന്ധിയിലായ അവസ്ഥയിലാണ്. ആ വകുപ്പ് തിരിച്ചുപിടിച്ച് ഭവനരഹിതരായ പാവപ്പെട്ടവർക്കും ദുർബല ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.





**ജലസേചന, ഭവനനിർമാണ വകുപ്പുകളിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പുതിയ മാറ്റങ്ങളോ പദ്ധതികളോ പ്രതീക്ഷിക്കുന്നുണ്ടോ?**

തീർച്ചയായും ഉണ്ട്. ഇപ്പോൾ ഈ രണ്ടു വകുപ്പുകളുടെയും അവസ്ഥ വളരെ ദയനീയമാണ്. മനുഷ്യർക്ക് ഏറ്റവും കൂടുതൽ ഉപകാരപ്പെടാൻ കഴിയുന്ന വകുപ്പാണ് ജലസേചന വകുപ്പ്. എന്നാൽ അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടോ കൃത്യമായ നടപടികളോ ഇപ്പോഴില്ല. രണ്ടു വകുപ്പുകളെയും വളരെ മോശമായ അവസ്ഥയിലേക്കാണ് കഴിഞ്ഞ സർക്കാർ കൊണ്ടുപോയത്. അതിൽ മാറ്റം വരുത്തി ജലസേചന, ഭവനനിർമ്മാണ വകുപ്പുകളെ യഥാർത്ഥത്തിൽ ജനകീയ വകുപ്പുകളാക്കി മാറ്റുക എന്നതാണ് പുതിയ സർക്കാരിന്റെ വലിയ ലക്ഷ്യം.

പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തീർച്ചയായും ഉണ്ടാകും. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള പല കുടിവെള്ള പദ്ധതികളും ഇപ്പോൾ പാതിവഴിയിൽ നിൽക്കുന്ന അവസ്ഥയിലാണ്. ചില സ്ഥലങ്ങളിൽ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്, ചിലയിടങ്ങളിൽ പകുതി നിർമാണം മാത്രമാണ് നടന്നിട്ടുള്ളത്. എന്നാൽ വീടുകളിലേക്ക് വെള്ളം എത്തിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

സമയബന്ധിതമായി ഈ പദ്ധതികളെല്ലാം പൂർത്തിയാക്കി കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. കുടിവെള്ളത്തിന്റെ കാര്യത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ കഴിഞ്ഞാൽ അത് ജനങ്ങൾക്ക് വലിയ അനുഗ്രഹമായിരിക്കും.

**കേരള കോൺഗ്രസിലെ നിരന്തരമായ പിളർപ്പുകളും മുന്നണി മാറ്റങ്ങളും ജനങ്ങൾക്കിടയിൽ ഒരു വിശ്വാസക്കുറവ് ഉണ്ടാക്കിയിട്ടില്ലേ? അതിൽ എന്തെങ്കിലും മാറ്റങ്ങൾ പ്രതീക്ഷിക്കാമോ?**

കേരള കോൺഗ്രസ് പാർട്ടിയിലുണ്ടായ നിരന്തരമായ പിളർപ്പുകൾ പാർട്ടിക്ക് ഒരുപാട് ക്ഷീണം ഉണ്ടാക്കിയിട്ടുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ എത്ര പിളർപ്പുകൾ ഉണ്ടായാലും കേരള കോൺഗ്രസ് കേരള രാഷ്ട്രീയത്തിലെ ഒരു രാഷ്ട്രീയ യാഥാർഥ്യമായി ഇന്നും നിലനിൽക്കുന്നു എന്നതും മറ്റൊരു വസ്തുതയാണ്.

നിരവധി പിളർപ്പുകളിലൂടെ പല കേരള കോൺഗ്രസുകൾ ഉണ്ടായിട്ടുണ്ടെങ്കിലും, കേരള കോൺഗ്രസ് എന്നത് കേരളത്തിലെ ഒരു വലിയ ജനവിഭാഗത്തിന്റെ വികാരമാണ്. കേരള കോൺഗ്രസ് ശക്തമായി നിലനിൽക്കണം എന്ന ആഗ്രഹം ആ ജനവിഭാഗങ്ങൾക്കിടയിലുണ്ട്. അതുകൊണ്ടുതന്നെ കേരള കോൺഗ്രസിന് ഭാവിയിലും ശോഭനമായ രാഷ്ട്രീയ സാധ്യതകളുണ്ടെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പും അത് തെളിയിച്ചിട്ടുണ്ട്.

പിളർപ്പുകൾക്ക് ശേഷം കേരള കോൺഗ്രസ് പാർട്ടി ഇന്ന് നിലനിൽക്കുന്ന സാഹചര്യത്തിൽ, യഥാർഥ കേരള കോൺഗ്രസ് എന്ന നിലയിൽ ജനങ്ങളുടെ അംഗീകാരത്തോടെ തല ഉയർത്തിനിൽക്കാൻ കഴിയുന്നത് സീനിയർ നേതാവ് പി.ജെ. ജോസഫ് സാർ നേതൃത്വം നൽകുന്ന കേരള കോൺഗ്രസ് പാർട്ടിക്കാണ്. ആ പാർട്ടിയുടെ ഭാഗമായി നിന്നതുകൊണ്ടാണ് എനിക്ക് മന്ത്രിസ്ഥാനത്തേക്ക് വരാൻ കഴിഞ്ഞത്. അതുപോലെ പാർട്ടിയുടെ കോർഡിനേറ്ററായി പ്രവർത്തിക്കുന്ന അപു ജോൺ ജോസഫും ഗവൺമെന്റ് ചീഫ് വിപ്പായി എത്തിയിട്ടുണ്ട്.

ഈ തെരഞ്ഞെടുപ്പിൽ പാർട്ടിക്ക് ഏഴ് എംഎൽഎമാരെ വിജയിപ്പിക്കാൻ കഴിഞ്ഞു. യു.ഡി.എഫിൽ കേരള കോൺഗ്രസിന് പത്ത് സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇക്കുറി മുന്നണി തലത്തിലെ ധാരണയുടെ ഭാഗമായി എട്ട് സീറ്റുകളിൽ മത്സരിക്കുകയും ഏഴ് സീറ്റുകളിലും വിജയിക്കുകയും ചെയ്തു. വളരെ മികച്ച വിജയമാണ് പാർട്ടിക്ക് നേടാൻ കഴിഞ്ഞത്.

**കേരള കോൺഗ്രസുകൾ ഇന്നല്ലെങ്കിൽ നാളെ ഒന്നിക്കാനുള്ള സാധ്യത കാണുന്നുണ്ടോ?**

ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനുള്ള സാധ്യതയൊന്നും കാണുന്നില്ല. അതിന് പ്രധാന കാരണം കേരള കോൺഗ്രസുകൾ നിലവിൽ കേരളത്തിലെ രണ്ട് പ്രബല മുന്നണികളിലാണ് നിൽക്കുന്നത് എന്നതാണ്. പ്രധാനപ്പെട്ട രണ്ട് കേരള കോൺഗ്രസുകളിൽ ഒന്ന് പി.ജെ. ജോസഫ് സാറിന്റെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസും മറ്റൊന്ന് മാണി സാറിന്റെ പേരിലുള്ള കേരള കോൺഗ്രസുമാണ്. രണ്ടു പാർട്ടികളും രണ്ട് മുന്നണികളിൽ നിൽക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ ഒരു രാഷ്ട്രീയ യോജിപ്പിലേക്ക് പോകാൻ കഴിയില്ല.

കേരള കോൺഗ്രസ് നേരത്തെ ഒന്നിച്ചുനിന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പി.ജെ. ജോസഫ് സാറിന്റെയും സി.എഫ് തോമസിന്റെയും മാണി സാറിന്റെയും നേതൃത്വത്തിൽ പാർട്ടി ഒന്നിച്ച് മുന്നോട്ടു പോയപ്പോഴാണ് 2011-ലെ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് മികച്ച വിജയം നേടിയത്. മാണി സാറിന്റെ മരണം വരെ പാർട്ടിയിൽ വലിയൊരു പിളർപ്പുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ മരണശേഷമാണ് പാർട്ടി പിളർപ്പിലേക്ക് പോയത്.

അതിന്റെ അടിസ്ഥാന കാരണം രാഷ്ട്രീയ നിലപാടായിരുന്നു എൽഡിഎഫിൽ പോകണമോ യുഡിഎഫിൽ തുടരണമോ എന്നത്. ഒരു വിഭാഗം എൽ.ഡി.എഫിലേക്ക് പോകാൻ തീരുമാനിച്ചപ്പോൾ, പി.ജെ. ജോസഫിന്റെയും സി.എഫ്. തോമസിന്റെയും നേതൃത്വത്തിലുള്ള വിഭാഗം യുഡിഎഫിൽ തുടരാനാണ് തീരുമാനിച്ചത്. അങ്ങനെ രണ്ടു വിഭാഗങ്ങളും വ്യത്യസ്ത മുന്നണികളിൽ തുടരുന്ന സാഹചര്യത്തിലാണ് ഇപ്പോൾ.

അതുകൊണ്ട് കേരള കോൺഗ്രസുകളുടെ യോജിപ്പുണ്ടാകണമെങ്കിൽ ജോസ് കെ. മാണി വിഭാഗം അവരുടെ രാഷ്ട്രീയ നിലപാട് പുനഃപരിശോധിക്കാൻ തയ്യാറാകണം എന്നാണ് ഞങ്ങളുടെ നിലപാട്.

ഭാവിയിൽ കേരള കോൺഗ്രസുകളുടെ ഐക്യത്തിന് സാധ്യത ഉണ്ടാകണമെങ്കിൽ ജോസ് കെ. മാണി വിഭാഗം അവരുടെ രാഷ്ട്രീയ നിലപാട് പുനഃപരിശോധിക്കണം. അവരുടെ രാഷ്ട്രീയ നിലപാടിൽ മാറ്റമുണ്ടാകുന്ന സാഹചര്യം വന്നാൽ മാത്രമേ കേരള കോൺഗ്രസുകളുടെ യോജിപ്പിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാൻ കഴിയൂ.

**താങ്കൾ അമേരിക്കൻ മലയാളികളുടെ പ്രിയ സുഹൃത്താണ്. ഇതിനുമുമ്പും പലതവണ അമേരിക്കയിൽ വന്നിട്ടുണ്ട്. എന്നാൽ മന്ത്രി എന്ന നിലയിൽ ചുമതലയേറ്റശേഷമുള്ള ആദ്യത്തെ അമേരിക്കൻ സന്ദർശനമാണിത്. എന്താണ് അമേരിക്കൻ മലയാളി സുഹൃത്തുക്കൾക്ക് നൽകാനുള്ള സന്ദേശം?**

കേരളത്തിന്റെ ഭാവി വികസനത്തിൽ അമേരിക്കൻ മലയാളികളുടെ നിർണായകമായ പങ്കാളിത്തം ഉണ്ടാകണമെന്നതാണ് എന്നെപ്പോലുള്ള അമേരിക്കൻ മലയാളി സമൂഹത്തോട് ചേർന്നുനിൽക്കുന്ന ജനപ്രതിനിധികളുടെ ആഗ്രഹം.

കഴിഞ്ഞ എൽഡിഎഫ് ഭരണകാലത്ത് ലോക കേരളസഭ പോലെയുള്ള നിരവധി പരിപാടികളും യോഗങ്ങളും നടത്തിയിരുന്നു. എന്നാൽ യോഗങ്ങൾ നടത്തുന്നതിനപ്പുറത്തേക്ക് അതിന്റെ പ്രയോജനം കേരളത്തിന്റെ വികസനത്തിന് എത്രത്തോളം ലഭിച്ചു എന്നത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്.

അമേരിക്കൻ മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസി സമൂഹത്തിന്റെ കഴിവും അനുഭവസമ്പത്തും നിക്ഷേപശേഷിയും ഉപയോഗപ്പെടുത്തി കേരളത്തിന് നിരവധി വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽനിന്ന് പലരും കേരളത്തിൽ നടപ്പാക്കാവുന്ന വിവിധ പദ്ധതികൾ സർക്കാരിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെയുള്ളവർ അമേരിക്കയിലെത്തി പ്രവാസി സമൂഹവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിനനുസരിച്ചുള്ള ഫലം ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്.

അതുകൊണ്ടുതന്നെ പുതിയ സർക്കാരിന് ഒരു ഉത്തരവാദിത്തമുണ്ട്. അമേരിക്കൻ മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസി സമൂഹത്തെ ചേർത്തുപിടിച്ച് കേരളത്തിന്റെ ജനനന്മയ്ക്കും വികസനത്തിനും കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണം. വിവിധ പദ്ധതികളിൽ അമേരിക്കൻ മലയാളി സമൂഹത്തിന് പങ്കാളികളാകാൻ കഴിയുന്ന അവസരങ്ങൾ ഉണ്ടാക്കാനും സർക്കാർ തയ്യാറാകും.

അതിനായി അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആത്മാർഥമായ സഹായ സഹകരണങ്ങൾ സർക്കാരിനുവേണ്ടി ഞാൻ അഭ്യർഥിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് പ്രവാസി സമൂഹത്തിന്റെ അറിവും അനുഭവവും നിക്ഷേപവും കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.

ഒരു പുതുയുഗപ്പിറവിയിലേക്കാണ് കേരളത്തെ നയിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നമ്മുടെ കേരളത്തെ വീണ്ടും ലോകത്തിന് മാതൃകയാകുന്ന, 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന വിശേഷണത്തിന് യോജിച്ച നിലയിലേക്ക് കൊണ്ടുവരണം.

അതിന്റെ ഭാഗമായി മയക്കുമരുന്ന് സംഘങ്ങൾക്കെതിരായ 'ഓപ്പറേഷൻ തൂഫാൻ' പോലെയുള്ള ശക്തമായ കർമപരിപാടികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ജനക്ഷേമത്തിനായുള്ള പദ്ധതികളും വികസനത്തിനായുള്ള വിവിധ പദ്ധതികളും മുന്നോട്ടുവരികയാണ്.

ഈ വികസന പ്രവർത്തനങ്ങളിലെല്ലാം അമേരിക്കൻ മലയാളി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള സഹകരണം ഉണ്ടാകണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. സ്വന്തം നാടിന്റെ വികസനത്തിനുവേണ്ടി പ്രവാസി മലയാളികൾക്ക് കൂടുതൽ ക്രിയാത്മകമായി സഹകരിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാ ശ്രമങ്ങളും ഉണ്ടാകും.

കേരളത്തിന്റെ വളർച്ചയിൽ അമേരിക്കൻ മലയാളികൾ പങ്കാളികളാകണം. നിങ്ങളുടെ നാടിനുവേണ്ടി നിങ്ങളാൽ കഴിയുന്ന സംഭാവനകൾ നൽകാൻ മുന്നോട്ടുവരണം. അതിനാവശ്യമായ എല്ലാ പിന്തുണയും നൽകാൻ സർക്കാർ ഒപ്പമുണ്ടാകും എന്നതാണ് അമേരിക്കൻ മലയാളി സുഹൃത്തുക്കളോടുള്ള എന്റെ സന്ദേശം.




# ഓർമ്മകളുടെ ഇരുപതാം ആണ്ട്

ഇരുപത് വർഷം മുന്നെ മരിച്ച ഏതെങ്കിലും ഒരാളെക്കുറിച്ചുള്ള ഓർമ്മകൾ വീണ്ടെടുക്കാൻ ശ്രമിക്കുമ്പോൾ, അതായത് കാഴ്ചയിൽ എങ്ങനെയായിരുന്നു, ഉയരം, നിറം, ശബ്ദം എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ഇവയൊക്കെ നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞല്ലോ എന്ന് നാം പരിഭവിക്കും. പക്ഷേ, അത് സ്വാഭാവികമാണ്, പ്രകൃതിയുടെ ഒരു രീതി.

രണ്ട് ദശാബ്ദങ്ങൾ പിന്നിട്ടു കഴിഞ്ഞിട്ടും ഇന്നലെ സംഭവിച്ചതുപോലെ: വിവരം അറിഞ്ഞ നിമിഷം Sales Meeting-ൽ നിന്നും വേഗം ഇറങ്ങി വണ്ടിയിൽ കയറുന്നത്, വഴിയിൽ വന്ന ഓരോ



ആനന്ദ് കാമിച്ചേരിൽ

ഫോൺ വിളികൾ, രണ്ടര മണിക്കൂറിനുശേഷം ജഡത്തിനു സമീപമെത്തുന്നത്. ഇവയൊക്കെ കരിയാത്ത വ്രണം പോലെ നീറ്റലോടെ മനസ്സിൽ എങ്ങനെ ഇന്നും നിലനിൽക്കുന്നു എന്നുള്ള ചോദ്യത്തിനും ഉത്തരമുണ്ട്, സന്താനങ്ങളെ നഷ്ടപ്പെടുന്നത് പ്രകൃതിക്ക് വിപരീതമായുള്ള പ്രതിഭാസമാണ്, സർക്കാർ ഓഫീസുകളിൽ Seniority തെറ്റിച്ച് Promotion കൊടുക്കുംപോലെ, ഒരിക്കലും പൊറുക്കാനാവില്ല.

നർമ്മത്തിൽ പൊതിഞ്ഞ് ജീവിതസത്യങ്ങൾ വിളമ്പിയിരുന്ന Mark Twain പറയുന്നത് ഇങ്ങനെയാണ്: There are two days thats most important in our life. One is the day we are born and the second is when we realize why we are born.

**ജയന്ത് കാമിച്ചേരിൽ**

പൂർണ്ണ ആരോഗ്യവാനായ ഒരു യുവാവ് അല്ലെങ്കിൽ യുവതി, പൊടുന്നനെ ശ്വാസം വലിക്കൽ എന്നുള്ള ക്രിയ തുടരേണ്ടാ എന്നു തീരുമാനിക്കുന്നു. ഘടികാരം നിന്നുപോകും പോലെ സമയം നിശ്ചലമാകുന്നു. ചുമ്മാ, Simply പ്രത്യേകിച്ച് ആരെയും പഴി പറയാൻ ഒരു കാരണവും തരാതെ.

ഏത് നായീന്റെ മോനാണ് ഞങ്ങളുടെ മകൻ 23 വർഷം ജീവിച്ചാൽ മതി എന്നുള്ള തീരുമാനം എടുത്തത്? പരലോകത്ത് എത്തുമ്പോൾ എന്റെ ആദ്യത്തെ നടപടി ആ പഹയനെ കണ്ടുപിടിച്ച് കുനിച്ച് നിർത്തി ഇടിച്ച് ചതക്കലാണ്.

പഴയ വേദാന്തങ്ങളിൽ എവിടെയോ മേൽപ്പറഞ്ഞ ക്രൂരമായ തീരുമാനങ്ങൾ എടുക്കുന്ന വില്ലൻ ആരാണ് എന്നുള്ളതിന് ഇങ്ങനെയൊരു വിചിത്രമായ കാഴ്ചപ്പാട് കൊടുത്തിട്ടുണ്ട്.

കാലനാണ് നമ്മെ കൂട്ടിക്കൊണ്ടു പോകാൻ വരുന്നത്, ശരിയാണ്. പക്ഷേ, പഴയ ഋഷികളുടെ യുക്തി അനുസരിച്ച് കാലനല്ല സാക്ഷാൽ കാലമാടൻ, മറ്റൊരുവനാണ്. രണ്ടായിരത്തിയാറ് ആഗസ്റ്റ് 31-ാം തീയതി രാവിലെ സുമുഖനും മിതഭാഷിയുമായ ആനന്ദ് ജോസഫ് പോത്തൻ കാമിച്ചേരിയെ പോയി തട്ടിക്കോ, എന്നുള്ള ആജ്ഞ കാലന് കൊടുക്കുന്നത് കാലമാണ്.

വയലാർ യേശുദാസിനെക്കൊണ്ട് പാടിപ്പിക്കുന്നത് ഇങ്ങനെയാണ്:

അഗാധനീലിമയിൽ, അപാര ശൂന്യതയിൽ
കാലം കനകകിനാവുകളാലെ, കടലാസ്സു കോട്ടകൾ തീർക്കും
ഓരോ കടലാസു കോട്ടകൾ തീർക്കും
അറിയാതെ, അറിയാതെ അഭിലാഷങ്ങൾ
അതിനുള്ളിൽ മേഞ്ഞു നടക്കും
മോഹം മലർ മൺജൻ ഏറി നടക്കും
ഒരു കൊടുങ്കാറ്റത് തല്ലിത്തകർക്കും
ഇത് വിധിയുടെ മൗന വിനോദം

നാം പ്രായോഗികമായി ചിന്തിക്കണം, പോസിറ്റീവ് ആകണം. പോയത് പോയി, അതിനിപ്പോൾ ഒന്നും ചെയ്യാനില്ല. പഴയപടി ഉഷാറോടെയുള്ള ജീവിതത്തിലേക്ക് മടങ്ങണം. മരിച്ച വീടുകളിൽ കേൾക്കുന്ന പതിവ് സമാധാനിപ്പിക്കൽ അങ്ങനെയൊക്കെ പറഞ്ഞ് ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നവരെ കുറ്റം പറയുന്നതും ശരിയല്ല. അല്ലാതെ പിന്നെ എന്താ പറയുക. എട്ടോ മകനെ നഷ്ടപ്പെട്ട തന്തപ്പടി, താൻ പോയി ആത്മഹത്യ ചെയ്യുന്നതായിരിക്കും ബുദ്ധി, എന്നൊരു സത്യസന്ധമായ ഡയലോഗ് പറ്റില്ലല്ലോ.

Time is the great healer എന്ന് സായ്പ്പ് പറയുംപോലെ കുറെ വർഷങ്ങൾ പിന്നിടുമ്പോൾ കാലത്തിന്റെ നിഷ്ഠൂരത എന്നുള്ള പദപ്രയോഗത്തിലും ഉചിതം നിസ്സംഗത എന്നുള്ള വാക്കായി തോന്നിത്തുടങ്ങും. കാരണം, നമ്മളും അവിടെയെത്തും. നമ്മൾ സുല്ലിട്ട്, വിധിമഹിമ അലംഘനീയം എന്നൊക്കെയുള്ള നിലപാടിലേക്ക് മെല്ലെ എത്തുമ്പോൾ ഒരു പതിവ് അന്വേഷണം തുടങ്ങും. മകന്റെ അകാലമൃത്യു മുഖേന ആർക്കെങ്കിലും എന്തെങ്കിലും ഗുണമുണ്ടായോ, എന്തെങ്കിലും?

നേരിയ രീതിയിൽ ഇതിനൊരുത്തരം കിട്ടിയെന്നു തന്നെ പറയാം. രണ്ടു കാര്യങ്ങൾ.

മക്കൾ മരിച്ച വീടുകൾ സന്ദർശിക്കുമ്പോഴൊക്കെ എന്നെ കാണുമ്പോൾ അവരിൽ ഉളവാകുന്ന ഒരുതരം ആശ്വാസം, അല്ലെങ്കിൽ കൂട്ടായ്മയെ, ഇങ്ങനെ വേണേൽ വർണ്ണിക്കാം; ഇതാ വന്നിരിക്കുന്നു. വളരെ ചുരുക്കം പേർക്ക് പ്രവേശനമുള്ള നമ്മുടെ Exclusive ക്ലബിലെ ഒരംഗം.

എനിക്കിപ്പോൾ ആനന്ദിനെ 24/7 avilable ആയി മാറി-എപ്പോഴും On line-ൽ ഉണ്ട്. ഏത് നേരത്തും കാലത്തും ആള് എന്റെയൊപ്പമുണ്ട്. സംസാരിക്കാം, ആവശ്യങ്ങൾ ഉന്നയിക്കാം, തമാശ പറയാം, പരാതികൾ രേഖപ്പെടുത്താം, എന്തും. Two way dialogue കൂടിയാണെന്നു പറയാം. കാരണം ഇടയ്ക്കൊക്കെ പ്രകൃതിയെ ഉപയോഗിച്ച്, അതായത് പരുന്തുകൾ, Humming birds, മാൻപേടകൾ, ചിത്രശലഭങ്ങൾ, റേഡിയോ പാട്ടുകൾ ഇവയൊക്കെ വഴി അവൻ എന്നെ കണ്ണ് ചിമ്മി കാണിക്കും. ഇതിനാണ് Sigmund Freud-ന്റെ ആദ്യം assistant പിന്നീട് വിരോധി ആയി മാറിയ Carl Jung എന്ന ജർമൻ Psychologist Synchronicity എന്നുള്ള പദം നിർമ്മിച്ചത്. സരളമായ തർജ്ജമ ഇങ്ങനെയാണ്:

Nature winking at you.

**ലേഖകൻ**



**ജയന്ത് കാമിച്ചേരിൽ**

ആഫ്രിക്കയിൽ ജനനം, കുമരകത്ത് പ്രാഥമിക വിദ്യാഭ്യാസം, തൃശൂരിൽ നിന്ന് എൻജിനീയറിങ്ങിൽ ബിരുദം, FACT-യിൽ ഇരുപത് വർഷം സേവനമനുഷ്ഠിച്ചു. തുടർന്ന് ഐക്യനാടുകളിലേക്ക് കുടിയേറി. കാൽ നൂറ്റാണ്ടായിട്ട് അമേരിക്കയിൽ ഭക്ഷണ പദാർത്ഥ കമ്പനിയിൽ വില്പന വിഭാഗത്തിൽ ജോലി.

2023-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. മലയാളത്തിലുള്ള രചനകൾ സമകാലിക മലയാളം, ജനനി, മലയാളം പത്രം, സംഗമം എന്നിങ്ങനെ വിവിധ ഇടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. രണ്ട് പുസ്തകങ്ങൾ മാതൃഭൂമി ഇറക്കി.

ഇംഗ്ലീഷിലുള്ള കഥകളും ലേഖനങ്ങളും Open, Notredane, Rosebud Descant, Krabar പോലെയുള്ള പ്രസിദ്ധീകരണങ്ങളിൽ വന്നു.

# ചിക്കാഗോ പിറവം നിവാസികളുടെ പിക്നിക് ഹൃദ്യമായി

**ബിനോയി സ്റ്റീഫൻ കിഴക്കനടിയിൽ**

ചിക്കാഗോ: ചിക്കാഗോയിലെ പിറവം സ്വദേശികളുടെ കൂട്ടായ്മ സംഘടിപ്പിച്ച വാർഷിക പിക്നിക് ആവേശോജ്വലമായി സമാപിച്ചു. സെപ്റ്റംബർ 19-ന് രാവിലെ ഏഴു മണി മുതൽ വൈകുന്നേരം 7 മണി വരെ ചിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയ കോമ്പൗണ്ടിലായിരുന്നു സംഗമം നടന്നത്.

പിറവത്തിന്റെ സമ്പന്നമായ പാരമ്പര്യവും ജന്മനാടിനോടുള്ള ആത്മബന്ധവും പങ്കുവെക്കാനും പരസ്പരം സൗഹൃദം പുതുക്കാനുമായി ചിക്കാഗോയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന നിരവധി പിറവം സ്വദേശികളാണ് പരിപാടിയിൽ ഒത്തുചേർന്നത്.

മോൺ. തോമസ് മുളവനാൽ, റവ. ഫാ. ഏബ്രഹാം കളരിക്കൽ എന്നിവരുടെ പ്രാർത്ഥനയോടെയാണ് പിക്നിക് ചടങ്ങുകൾക്ക് തുടക്കമിട്ടത്. നാടൻ രുചികളുടെ വിരുന്നൊരുക്കിക്കൊണ്ട് സൽക്കാര റെസ്റ്റോറന്റ് തയ്യാറാക്കിയ ലൈവ് ബാർബിക്യൂ, കപ്പ ബിരിയാണി, ഒപ്പം ചായ, പരിപ്പുവട, പഴംപൊരി തുടങ്ങിയ വൈവിധ്യമാർന്ന വിഭവങ്ങൾ പിക്നിക്കിന് മാറ്റുകൂട്ടി.

മുതിർന്നവർക്കും കുട്ടികൾക്കുമായി അനേകം കായികമത്സരങ്ങളും വിനോദപരിപാടികളും ഈ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

പിക്നിക്കിന്റെ സുഗമമായ നടത്തിപ്പിന് രക്ഷാധികാരി ബിനോയ് സ്റ്റീഫൻ കിഴക്കനടിയിൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ ആനന്ദ് ആകശാല, സാബു കട്ടപ്പുറം, ഡെയ്സി മൂത്താനിച്ചിറ, സഞ്ജു തെക്കനാട്ട്, സിന്ധു ഈന്തുംകാട്ടിൽ, റെക്സ് പടിക്കപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

നാടിന്റെ ഓർമ്മകൾ ഉണർത്തിയ ഈ ഒത്തുചേരൽ ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയുമാണ് പങ്കെടുത്തവർ അവസാനിപ്പിച്ചത്.






എന്നാലും ഇതൊരു വല്ലാത്ത 'വിസ്മയ'മായിപ്പോയി എന്റെ പൊന്നു സതീശാ! അധികാരത്തിൽ കയറിയിട്ട് നൂറു ദിവസം കഴിഞ്ഞതല്ലേയുള്ളൂ? താങ്കളെന്താ പിണറായിക്കു പഠിക്കുകയാണോ? കണ്ണിൽ ചോരയില്ലാത്ത തീരുമാനങ്ങൾ എടുക്കുമ്പോൾ മറ്റുള്ളവരുടെ വികാരങ്ങൾ കൂടി പരിഗണിക്കേണ്ടേ?

ഇനി ഞാൻ എന്റെ ഭാര്യയുടെ മുഖത്ത് എങ്ങനെ നോക്കും? അല്ലെങ്കിൽത്തന്നെ അടുത്ത കാലത്തായി അവൾക്ക് എന്നോടുള്ള മതിപ്പ് കുറഞ്ഞു വരുന്നുണ്ടോയെന്ന് എനിക്കൊരു സംശയമുണ്ട്.

വാർത്ത കണ്ടുകൊണ്ടിരുന്ന വർക്കിച്ചൻ പെട്ടെന്ന് വെടികൊണ്ട പന്നിയെപ്പോലെ വെറളിപിടിച്ച് ഓടി നടക്കുന്നു.

'എന്തു പറ്റി മനുഷ്യാ നിങ്ങൾക്ക്?'

വർക്കിച്ചൻ വെപ്രാളപ്പെട്ട് ഓടിനടക്കുന്നതു കണ്ട് കൊച്ചമ്മിണി കാര്യം തിരക്കി. എന്തു പറഞ്ഞാലും കഴുത്തിൽ താലി കെട്ടിയവനല്ലേ? അങ്ങേരു തട്ടിപ്പോയിട്ടു വേണം, കിട്ടുന്ന ഇൻഷുറൻസ് കാശുകൊണ്ട് ലോകമൊന്നു ചുറ്റിക്കറങ്ങാൻ. അതാണ് കൊച്ചമ്മിണിയുടെ മോഹം.

രാവിലെ ഒരു 'സ്മോൾ' ചെല്ലാത്തതിന്റെ വിറയലായിരിക്കുമെന്നാണ് കൊച്ചമ്മിണി ആദ്യം കരുതിയത്. എന്നാൽ, കാര്യം അതുക്കും മേലേ ഗൗരവമുള്ളതാണ്.

'ലോക കേരളസഭ' ഇനി തുടരേണ്ട എന്ന തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

ടി.വി.യിൽ എഴുതിക്കാണിക്കുന്ന വാർത്ത കൊച്ചമ്മിണിയുടെ ശ്രദ്ധയിൽപ്പെട്ടു.

'കണക്കായിപ്പോയി.' കൊച്ചമ്മിണി പറഞ്ഞതിന്റെ പൊരുൾ പൂർണ്ണമായും വർക്കിക്ക് ഉൾക്കൊള്ളാനായില്ല.

'ലോക കേരളസഭയിലേക്ക് എന്നെ വീണ്ടും തെരഞ്ഞെടുത്തു' എന്നു പറഞ്ഞ് കൊച്ചമ്മിണിയുടെ മുന്നിൽക്കൂടി ഗമയിൽ ഒരു നടപ്പുണ്ടായിരുന്നു. പങ്കെടുക്കുന്നവരെ തന്നെയാണ് വീണ്ടും വീണ്ടും പങ്കെടുപ്പിക്കുന്നത് എന്നൊരു വിസ്മയം ഈ ലോക കേരളസഭയ്ക്കുണ്ടായിരുന്നു. എന്തായിരിക്കും അതിന്റെ ഗുട്ടൻസ്. മിക്കവാറും മന്ത്രിമാരുടെ പെട്ടിതാങ്ങികൾക്കാണ് മുൻഗണന.

സംഗതി പട്ടി ചന്തയ്ക്കു പോയതു പോലെയുള്ള ഒരു ഉഡായിപ്പ് ഏർപ്പാട് ആണെന്നറിയാമെങ്കിലും പോകുന്നതിനു മുൻപ് വിദ്യാഭ്യാസ യോഗ്യതയും ഉന്നത ഉദ്യോഗപദവിയും മറ്റും കാണിച്ച് പത്രത്തിൽ ഒരു ഫോട്ടോ പടം കൊടുക്കാം. താനൊരു സംഭവമാണെന്ന് നാലാളറിയുന്നത് ഒരു നിസ്സാര സംഗതിയല്ലല്ലോ!

സർക്കാർ ചെലവിൽ യാത്ര, താമസസൗകര്യം, വരാൽ കറി കൂട്ടി മൂന്നു നേരം മൃഷ്ടാന്ന ഭക്ഷണം. ഭാര്യ കൂടെയില്ലാത്തതിനാൽ സ്വന്തം ചെലവിൽ ഒരു 'സുഖചികിത്സ'യുമാകാം.

ലോക കേരളസഭയിൽ പോയി മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടു കാര്യമില്ല. അവിടെയുള്ള മന്ത്രിമാർ 'മൂലക്കുരു' ചികിത്സയ്ക്ക് സർക്കാർ ചെലവിൽ അമേരിക്കക്കാണ് വരുന്നത്. ഭരണം പോയതോടു കൂടി 'നാടൻ ചികിത്സയല്ലോ സുഖപ്രദം' എന്ന മട്ടിലേക്ക് കാര്യങ്ങൾ മാറി മറിഞ്ഞിട്ടുണ്ട്.

പിന്നെ അമേരിക്കൻ മലയാളികളുടെ യാത്രാക്ലേശം! എന്തു ക്ലേശം? ടിക്കറ്റെടുക്കുക, മതിയായ രേഖകൾ കൈയിൽ കരുതുക. സംഗതി ഫ്രീ ആയതുകൊണ്ട് ഒരു 'വീൽ ചെയർ' സൗകര്യം കൂടി വേണമെങ്കിൽ ഉപയോഗിക്കാം.

ലോക കേരളസഭയിൽ പങ്കെടുക്കുന്ന അമേരിക്കൻ മലയാളികളുടെ വായ duck tape വെച്ച് ഒട്ടിച്ചാണ് അകത്തോട്ട് പ്രവേശിപ്പിക്കുന്നത്. കമാന്നൊരക്ഷരം മിണ്ടാൻ അനുവാദമില്ല. ഇനി വല്ല വിവരദോഷികളും എന്തെങ്കിലും ചോദിച്ചാൽ തന്നെ 'വീട്ടിൽ പോയിട്ട് ചോദിക്കടാ' എന്ന മറുപടിയായിരിക്കും കിട്ടുന്നത്.

ഇതിനു മൂർത്തമായ സമയത്ത് മൂർത്തമായ മറുപടി കൊടുക്കണം. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഡി.സതീശൻ അമേരിക്കക്ക് വരാതിരിക്കില്ല. അന്ന് ആ പീക്കിരി പിള്ളേർ ഉയർത്തിയ ബാനർ ഉണ്ടല്ലോ-'പോടാ മോനേ! സതീശാ' എന്നുള്ളത്. അത് ഉയർത്തിക്കാട്ടി വേണം അദ്ദേഹത്തെ എയർപോർട്ടിൽ വെച്ച് വരവേൽക്കേണ്ടത്.

# ലോക കേരളസഭയും ഒരു സാഹിത്യ സമ്മേളനവും

രാജു മൈലപ്ര


ലേഖകൻ

**വായനക്കാരുടെ മനോഭാവം മാറണം:** അമേരിക്കയിൽ വായനക്കാരെക്കാൾ കൂടുതൽ എഴുത്തുകാരാണെന്നുള്ള ഒരു ആരോപണം കാലാകാലങ്ങളായി നിലവിലുണ്ട്. ഇത് ശുദ്ധ അസംബന്ധമാണ്.

വായനക്കാർ വായിക്കുന്നതു കൊണ്ടാണല്ലോ, ഇവിടെ വായനക്കാരില്ലെന്ന് വായിക്കുന്നവർ തന്നെ പറയുന്നത്. ഇവിടെ ജനിക്കുന്ന കൃതികൾക്കൊന്നും ഒരു മണവും ഗുണവുമില്ലെന്നാണ് ചില മണക്കൂസുകൾ പറഞ്ഞു പരത്തുന്നത്.

ഒരു കഥയുമില്ലാത്ത ചെറുകഥകൾ, കാമ്പും കുഴമ്പുമില്ലാത്ത ലേഖനങ്ങൾ, അന്തവും കുന്തവുമില്ലാത്ത, വായിച്ചാൽ മനസ്സിലാകാത്ത കവിതകൾ, ഇക്കിളിയിട്ടാൽ പോലും ചിരിവരാത്ത ഹാസ്യകൃതികൾ. ഒന്നും ഒരു വകയ്ക്കും കൊള്ളില്ല.

ഈ ആരോപണങ്ങൾ കേട്ട് സാഹിത്യകാരന്മാർ വെറുതേയിരുന്നില്ല. ആദ്യം ഈ വിഷയം താഴെത്തട്ടിലുള്ള ലോക്കൽ സാഹിത്യ സംഘടനകളിൽ ചർച്ച ചെയ്തു.

ഇവിടുത്തെ സാഹിത്യ സൃഷ്ടികൾക്കൊന്നും ഒരു കുഴപ്പവുമില്ല. കുറ്റം വായനക്കാരുടേതാണെന്ന് അവർ വിലയിരുത്തി.

'എഴുത്തുകാരെ മാറ്റാൻ ശ്രമിക്കരുത്

വായനക്കാരുടെ മനോഭാവമാണ് അടിയന്തരമായി മാറ്റേണ്ടത്.

നമ്മുടെ കൃതികൾ മനസ്സിലാകുന്നില്ലെങ്കിൽ

വായനക്കാരൻ വീണ്ടും വായിക്കണം' എന്ന പ്രമേയം കൈയടിച്ചു പാസ്സാക്കി.

അമേരിക്കൻ മലയാളികളുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ പ്രശ്നം ചർച്ച ചെയ്യുവാൻ ഒരു വിശാല സാഹിത്യസമ്മേളനം നടത്തുവാൻ തീരുമാനമായി. അവിടെ ആർക്കും അഭിപ്രായങ്ങൾ തുറന്നു പറയാം.

ഇവിടെയുള്ള 'ലോക്കൽ' സാഹിത്യകാരന്മാരുടെ സൃഷ്ടികൾ ഒന്നുകൂടി മെച്ചപ്പെടുത്തുവാനുള്ള ചില പൊടിക്കൈകൾ പഠിപ്പിച്ചു തരുവാൻ നാട്ടിൽ നിന്നുമുള്ള സാഹിത്യ പ്രതിഭകളേയും ക്ഷണിച്ചിട്ടുണ്ട്.

'ഏതായാലും നിലവിലുള്ള 'ലോക്കൽ" എഴുത്തുകാർ

അവരുടെ ശൈലി മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല.

പ്രശ്നം അവരുടെ എഴുത്തിലല്ല, വായനക്കാരുടെ നിലവാരത്തിലാണ്.






## മരുന്നുവില നിയന്ത്രിക്കാത്തതിനെതിരെ സുപ്രീംകോടതി

ന്യൂഡൽഹി: നിർമാതാക്കൾ വ്യാപാരിക്ക് 2,700 രൂപയ്ക്ക് നൽകുന്ന അർബുദമരുന്ന് 27,000 രൂപയ്ക്ക് വിൽക്കുന്നത് രോഗികളെ പിടിച്ചുപറിക്കലല്ലെങ്കിൽ പിന്നെയെന്താണെന്ന് സുപ്രീംകോടതി. ആളുകൾക്ക് മരുന്നുവാങ്ങാൻ വീടും ആഭരണങ്ങളും വിൽക്കേണ്ട അവസ്ഥയാണെന്നും ജസ്റ്റിസ് സന്ദീപ് മേത്ത അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു. അധികാരികൾ ഇക്കാര്യത്തിൽ മൗനംപാലിക്കുന്നതാണ് ആശ്ചര്യമുണ്ടാക്കുന്നതെന്നും കോടതി പറഞ്ഞു. മരുന്നുവില നിയന്ത്രിക്കൽ, ജനറിക് മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും ലഭ്യത, മരുന്ന് കുറിക്കൽ വിഷയങ്ങളിലെ പ്രശ്നങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി ഡോ. സഞ്ജയ് കുലക്ഷേത്ര, കിഷൻ ചന്ദ് ജെയിൻ എന്നിവർ നൽകിയ ഹർജിയാണ് സുപ്രീംകോടതി പരിഗണിച്ചത്. ഇന്ത്യയിൽ 60,000 മരുന്ന് ബ്രാൻഡുകളുണ്ട്. ഇതിൽ 5,000-ൽത്താഴെ ബ്രാൻഡുകൾ മാത്രമാണ് വില നിയന്ത്രണത്തിൽ വരുന്നത്. ഹർജിക്കാർ ചൂണ്ടിക്കാട്ടി.

# വിശ്വാസപരിശീലന ഞായർ രൂപതാതല ഉദ്ഘാടനം നടത്തി

## വിശ്വാസം സ്വീകരിക്കുക, ജീവിക്കുക, പങ്കുവെക്കുക: മാർ ജോയി ആലപ്പാട്ട്

ജോസ് മാളേയ്ക്കൽ

ചിക്കാഗോ/ഫിലാഡൽഫിയ: കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലന ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നതിനും അദ്ധ്യാപകർ എന്ന രീതിയിൽ അവർ നിർവഹിക്കുന്ന മഹത്തായ സേവനങ്ങൾ വിലമതിച്ചാദരിക്കുന്നതിനും പുതുതലമുറയിൽപ്പെട്ട കുട്ടികളിൽ വിശ്വാസവിത്തുകൾ വിതയ്ക്കുന്നതിനുള്ള പ്രതിജ്ഞ പുതുക്കുന്നതിനും വേണ്ടി യുഎസിലെ കത്തോലിക്കാ മെത്രാൻ സമിതിയും (യുഎസ്സിസിബി) ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയും സംയുക്തമായി ആഹ്വാനം ചെയ്യുന്ന വിശ്വാസപരിശീലന ഞായറാഴ്ചയുടെ (കാറ്റകെറ്റിക്കൽ സൺഡേ) രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ ബിഷപ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു.

ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ സെപ്റ്റംബർ 20-ന് ഞായറാഴ്ച ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികനായും രൂപത മതബോധന ഡയറക്ടറും ഇടവക വികാരിയുമായ റവ.ഡോ. ജോർജ് ദാനവേലിൽ, അസി. പാസ്റ്റർ റവ.ഫാ. മാത്യു പള്ളിവാതുക്കൽ എന്നിവർ സഹകാർമ്മികരായും അർപ്പിക്കപ്പെട്ട ദിവ്യബലിക്കുശേഷം വിശ്വാസപരിശീലന അദ്ധ്യാപകരെയും കുട്ടികളെയും വിശ്വാസിസമൂഹത്തെയും സാക്ഷിയാക്കി മാർ ജോയി ആലപ്പാട്ട് ഭദ്രദീപം തെളിച്ച് രൂപതാതല ഉദ്ഘാടനം നിർവഹിച്ചു. രൂപതയിൽ കുട്ടികളുടെ വിശ്വാസപരിശീലന ക്ലാസുകൾ ആരംഭിക്കുന്ന സെപ്റ്റംബർ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് അമേരിക്കയിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളും വിശ്വാസപരിശീലന ദിനമായി ആചരിക്കുന്നത്.




2026 ചിക്കാഗോ രൂപതയെ സംബന്ധിച്ച് മറ്റൊരു നാഴികക്കല്ലു കൂടിയാണ്. ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും സമയബന്ധിതമായി അവതരണശൈലിയിലും പ്രതിപാദന രീതിയിലും ഭാഷാശൈലിയിലും അമേരിക്കൻ നിലവാരത്തിലേക്ക് നവീകരിക്കുന്ന ജോലി രൂപതയുടെ മതബോധന ഡയറക്ടറായ റവ.ഡോ. ജോർജ് ദാനവേലിലിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. നവീകരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനവും തദവസരത്തിൽ അഭിവന്ദ്യ ആലപ്പാട്ട് പിതാവ് നിർവഹിക്കുകയുണ്ടായി. ഇനിമുതൽ എല്ലാ വർഷങ്ങളിലും ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പുതുക്കിയ പാഠപുസ്തകങ്ങളാകും പഠിപ്പിക്കുന്നത്. രൂപതാതലത്തിൽ നടത്തിവരുന്ന ദൈവവചന ബൈബിൾ ക്വിസ് 2027-ന്റെ രജിസ്ട്രേഷൻ കിക്കോഫും ബിഷപ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു.

കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി രൂപതാതലത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ ഔദ്യോഗികമായി കമ്മീഷൻ ചെയ്യുന്നു എന്നതിനുപരി, മാമ്മോദീസ സ്വീകരിച്ച എല്ലാ വ്യക്തികളും തങ്ങൾക്ക് ലഭിച്ച ക്രൈസ്തവവിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിനൊപ്പം കുട്ടികൾക്ക് പകർന്നു നല്കാൻ ബാധ്യസ്ഥരാണെന്നുള്ള മഹത്തായ ദൗത്യം ഉദ്ബോധിപ്പിക്കാനും വിശ്വാസപരിശീലന ഞായർ ആചരണത്തിലൂടെ സഭ ലക്ഷ്യമിടുന്നു.



വചനം മാംസമായി നമ്മൾക്കിടയിൽ ജീവിച്ച യേശുക്രിസ്തുവിന്റെ സ്നേഹവും സത്യവും വരുംതലമുറകൾക്ക് പകർന്നു നല്കുക എന്ന വലിയ ദൗത്യത്തെക്കുറിച്ച് സഭ നമ്മെ ഓർമ്മിപ്പിക്കുന്ന ദിനമാണിത്. കേവലം ഒരു ഔദ്യോഗിക ചടങ്ങിനപ്പുറം ഓരോ ക്രിസ്ത്യാനിയുടെയും ആത്മീയ ഉത്തരവാദിത്വത്തെ ജ്വലിപ്പിക്കുന്ന ഒരു ആഹ്വാനമാണീ ദിനം നല്കുന്നത്. വിശ്വാസപരിശീലനം എന്നാൽ കേവലം പാഠപുസ്തകങ്ങളിലെ അറിവുകൾ മനഃപാഠമാക്കലല്ല, മറിച്ച് അത് ജീവിക്കുന്ന ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധത്തിലേക്ക് കുട്ടികളെ നയിക്കലാണ്. കൊടുങ്കാറ്റിൽ ഉലയാത്ത ആത്മീയ കോട്ടയായി വളരാൻ അവരെ പ്രാപ്തരാക്കുന്നത് ദൈവവചനമാണ്. "കുട്ടി നടക്കേണ്ട വഴിയിൽ അവനെ പരിശീലിപ്പിക്കുക, പ്രായമാകുമ്പോഴും അവൻ അതിൽനിന്നു വ്യതിചലിക്കുകയില്ല" (സുഭാഷിതങ്ങൾ 22:6) എന്ന ദൈവവചനം ഇവിടെ അർത്ഥപൂർണമാകുന്നു.




രൂപതയുടെ വിശ്വാസപരിശീലന ശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും സഭയുടെ വലിയൊരു സമ്പത്താണ്. തങ്ങളുടെ സമയവും കഴിവുകളും പ്രതിഫലേച്ഛ കൂടാതെ ദൈവവേലയ്ക്കായി സമർപ്പിക്കുന്നവരാണവർ. ക്ലാസ്മുറികളിൽ അവർ വെറും അദ്ധ്യാപകരല്ല, മറിച്ച് ക്രിസ്തുവിന്റെ സാക്ഷികളാണ്. സ്വന്തം ജീവിതമാതൃകകൊണ്ട് കുട്ടികൾക്ക് വഴികാട്ടികളാകുന്ന ഈ ദൈവവിളിയെ സഭ നന്ദിയോടെ സ്മരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും വേണം.

വിശ്വാസപരിശീലനം ഞായറാഴ്ചകളിലെ ഏതാനും മണിക്കൂറുകളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. കൊച്ചുകുട്ടികളെ സംബന്ധിച്ച് അവരുടെ മാതാപിതാക്കളാണ് പ്രാഥമിക അദ്ധ്യാപകർ. ഗാർഹിക സഭ എന്നു വിശേഷിപ്പിക്കപ്പെടുന്ന സ്വന്തം ഭവനം ആദ്യത്തെ ക്ലാസ്മുറിയും. മാതാപിതാക്കൾ ജീവിക്കുന്ന വിശ്വാസസാക്ഷ്യമാണ് മക്കൾ കണ്ടുപഠിക്കുന്നത്. മാതാപിതാക്കളുടെ പ്രാർത്ഥനാജീവിതവും പരസ്പര സ്നേഹവും കണ്ടുവളരുന്ന കുട്ടികളിൽ വിശ്വാസം സ്വാഭാവികമായിത്തന്നെ ആഴപ്പെടും. സ്വന്തം ഭവനത്തിൽ ലഭിക്കുന്ന വിശ്വാസപരിശീലനത്തിന്റെ തുടർച്ചയായാണ് മതബോധന സ്കൂളുകൾ പ്രവർത്തിക്കുന്നത്. കുട്ടികളുടെ വിശ്വാസപരിശീലന യാത്രയിലെ മറ്റൊരു ഘട്ടം എന്നുമാത്രമേ മതബോധന സ്കൂളുകളെ വിശേഷിപ്പിക്കാനാകൂ. വീട്ടിൽ മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽനിന്നും ലഭിക്കുന്ന പ്രാർത്ഥനാചൈതന്യത്തെയും വിശ്വാസതീക്ഷ്ണതയെയും അരക്കിട്ടുറപ്പിക്കുക മാത്രമേ ആഴ്ചയിൽ ഒരിക്കൽ മാത്രമുള്ള സിസിഡി ക്ലാസുകളും വർഷത്തിലൊരിക്കൽ നടത്തുന്ന വെക്കേഷൻ ബൈബിൾ സ്കൂളും മറ്റും ചെയ്യുന്നുള്ളു.

അതിനാൽ വിശ്വാസപരിശാലന ഞായർ നമ്മെ ഓർമിപ്പിക്കുന്നത് "നമ്മുടെ ജീവിതം തന്നെയാണ് ഏറ്റവും ശക്തമായ പാഠപുസ്തകം" എന്നതാണ്. ഇടവകസമൂഹം ഈ പ്രക്രിയയ്ക്ക് കരുത്തും തണലുമേകണം. ഒരു കുട്ടി ക്രിസ്തുവിൽ വളരുന്നത് ആ ഇടവകയുടെ ആത്മീയ ചൈതന്യത്തിന്റെ പ്രതിഫലനമാണ്.

ഈ വർഷത്തെ വിശ്വാസപരിശീലന ഞായർ ആചരണത്തിന്റെ ചിന്താവിഷയം ലൂക്കായുടെ സുവിശേഷം 4:18 "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന വാക്യമാണ്. ഈ ദിവസം സഭ നമ്മെ ഓർമ്മിപ്പിക്കുന്നത് "വിശ്വാസം വെറും അറിവല്ല, ജീവിതമാണ്" എന്ന സത്യമാണ്. കുട്ടികൾക്ക് വിശ്വാസപരിശീലനം നല്കുന്നവരായ വൈദികർ, സന്യസ്തർ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ എല്ലാവരും ക്രിസ്തുവിന്റെ സ്നേഹവും സത്യവും ജീവിതത്തിലൂടെ പ്രകടിപ്പിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ വിശ്വാസപരിശീലന ഞായർ, വെറും ഒരു ആഘോഷദിനമല്ല. അത് വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കാനും വളർത്താനും നമ്മെ വിളിക്കുന്ന ദിനവമാണ്. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞാൽ, അത് സ്വാഭാവികമായി മറ്റുള്ളവരുടെ ജീവിതത്തിലും പ്രകാശിക്കും. നമ്മുടെ കുട്ടികളെ വെറും ഭൗതിക വിജയങ്ങൾ നേടുന്നവരായി മാത്രമല്ല, ആത്മീയ വെളിച്ചമുള്ളവരും സമൂഹത്തിന് തണലാകുന്നവരുമായി വളർത്താം.

KERALA EXPRESS പ്രവാസി താളുകൾ

# അഡ്വ. ജോബ് മൈക്കിളിന് ഹൂസ്റ്റണിൽ ഊഷ്മള സ്വീകരണം








ചങ്ങനാശേരി: മുൻ എംഎൽഎയും കേരള കോൺഗ്രസ് സെൻട്രൽ കമ്മിറ്റി അംഗവുമായ അഡ്വ. ജോബ് മൈക്കിളിന് ഹൂസ്റ്റണിലെ ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിൽ ഊഷ്മള സ്വീകരണം നല്കി. സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ്, പ്രവാസി കേരള കോൺഗ്രസ്, ഫോമ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സ്വീകരണച്ചടങ്ങ് സംഘടിപ്പിച്ചത്.

ചടങ്ങിൽ വൈസ് പ്രസിഡണ്ട് ജോമോൻ ഇടയാടി അദ്ധ്യക്ഷത വഹിച്ചു. ബ്രൂസ് കൊളംബേൽ എംസിയായി ചടങ്ങ് നിയന്ത്രിച്ചു. ഫിനാൻസ് ഡയറക്ടർ സണ്ണി കാരിക്കൽ മുഖ്യാതിഥിയായ അഡ്വ. ജോബി മൈക്കിളിനെയും മറ്റ് വിശിഷ്ടാതിഥികളെയും സ്വാഗതം ചെയ്തു.

ചങ്ങനാശേരിയുടെ വികസനത്തിനായി അഡ്വ. ജോബ് മൈക്കിൾ നിരവധി വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ജോമോൻ ഇടയായി പറഞ്ഞു. ചങ്ങനാശേരിയി

**ജോമോൻ വർക്കി**

ലെ ജനങ്ങൾ ഇന്നും അഡ്വ. ജോബ് മൈക്കിളിനെ തങ്ങളുടെ നേതാവായി സ്നേഹത്തോടെയും ആദരവോടെയും ഓർക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

അഡ്വ. ജോബ് മൈക്കിൾ മുമ്പും സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സിൽ സന്ദർശനത്തിനെത്തിയിട്ടുണ്ടെന്ന് സണ്ണി കാരിക്കൽ അനുസ്മരിച്ചു. തുടർന്ന് പ്രവാസി കോൺഗ്രസ് ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് ഫ്രാൻസിസ് ചെറുകര, തോമസ് ചെറുകര, ജോണപ്പൻ വാലിമറ്റം, മേജർ സൈമൺ കാരിക്കൽ, ജോസ് ചാത്തയിൽ, സാം മുടിയൂർക്കുന്നേൽ, സണ്ണി മുകടൻ എന്നിവർ അഡ്വ. ജോബ് മൈക്കിളിനെ പൊന്നാട അണിയിച്ചും ആശംസകൾനേർന്നും ആദരിച്ചു. സ്വീകരണത്തിനു മറുപടിയായി അഡ്വ. ജോബ് മൈക്കിൾ ചേംബർ ഓഫ് കൊമേഴ്സിന്റെ ഭാരവാഹികൾക്കും സംഘാടകർക്കും ഹൃദയപൂർവം നന്ദി അറിയിച്ചു. കേരള കോൺഗ്രസ് എന്നും കേരളത്തിലെ ജനങ്ങളോടൊപ്പം പ്രത്യേകിച്ച് സഹായവും പിന്തുണയും ഏറ്റവും ആവശ്യമായ ജനവിഭാഗങ്ങളോടൊപ്പം ഉറച്ചുനിൽക്കുന്ന പ്രസ്ഥാനമാണെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിന്റെ സമാപനത്തിൽ ബ്രൂസ് കൊളംബേൽ എല്ലാ വിശിഷ്ടാതിഥികൾക്കും സംഘാടകർക്കും പങ്കെടുത്ത ഏവർക്കും നന്ദി അറിയിച്ചു. തുടർന്ന് ഒരുക്കിയിരുന്ന സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.




Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase · Jumbo Loan · Refinance · Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER | Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

KERALA EXPRESS പ്രവാസി താളുകൾ

# TREATISE ON HEART DISEASE IN INDIANS

## BY DR. ENAS A ENAS, DR. BASIL VARKEY

*A timely, evidence-informed call for earlier recognition, prevention, and treatment of cardiovascular disease among Indians and other South Asians.*

*Review by Dr. M. P. Ravindra Nathan*

**A persistent cardiovascular disparity**

Cardiovascular disease remains the foremost cause of death worldwide despite the extraordinary advances made in its prevention, diagnosis, and treatment. Yet, within this global epidemic lies a particularly troubling paradox: people of Indian and South Asian origin continue to experience coronary artery disease at an earlier age and, in many instances, with greater severity than many other populations. The burden is not confined to India. It extends to Indians and other South Asians living throughout the world. In India, coronary artery disease and stroke have increased in both urban and rural populations, and the future trajectory remains deeply concerning.

**A lifelong scientific mission**

Treatise on Heart Disease in Indians addresses this important and long-overlooked disparity. The book is the culmination of Dr. Enas's decades-long clinical observation, research, and advocacy. Beginning in the 1970s, while practicing in Chicago, he observed young Indian physicians developing serious CAD despite having few conventional risk factors. This led to a lifelong investigation into the distinctive cardiovascular risk of Indians. Through his work with AKMG (Association of Kerala Medical Graduates) and AAPI (American Association of Physicians of Indian Origin), and the establishment of the CADI Research Foundation, he helped bring greater scientific attention to this problem. Dr. Enas also collaborated with world-renowned researchers including Drs: Salim Yusuf, Jeremiah Stamler, and Michael Davidson.

Dr. Enas then teamed up with Dr. Basil Varkey, whose meticulous attention to detail has contributed greatly to the clarity, coherence, and readability of every chapter.

**Distinctive risk and early disease**

The book highlights several important messages: CAD can occur early, may be extensive and clinically aggressive, can remain



Dr. Enas A. Enas



Dr. Basil Varkey

silent until a catastrophic event occurs, and may begin developing much earlier in life than in other populations. Particular emphasis is placed on atherogenic lipoproteins, especially LDL cholesterol and Lp(a), with a dedicated chapter on each, underscoring their importance in the prevention of premature cardiovascular disease. CAD can occur early, may be extensive and clinically aggressive, and can remain silent until a catastrophic event occurs. Comprehensive and practical Across 17 chapters, the book provides a comprehensive review of the risk factors, prevention, and treatment of CAD. It covers established therapies such as statins, emerging non-statin treatments, and related cardiovascular conditions, including heart attack, angina, atrial fibrillation, stroke, metabolic syndrome, and heart failure. Three chapters are devoted to prevention, including diet and the Life's Essential 8 framework for promoting cardiovascular health.

**Clear, precise, and accessible**

A major strength of the book is its concise, precise, and lucid presentation, supported by current and well-selected references. Clear illustrations, graphs, and tables make complex concepts easy to understand without compromising scientific depth. The book is valuable not only for cardiologists and other physicians caring for South Asian patients, but also for patients and families seeking to understand and prevent premature heart disease.

**Prevention cannot wait**

CAD has now become highly preventable and treatable. The United States and many other countries have witnessed remarkable reductions in age-standardized mortality from heart disease over the past several decades, largely as a result of advances in prevention, risk-factor modification, early detection, and effective treatment. This book provides essential knowledge and practical guidance for policymakers, physicians, and the general public to help arrest and ultimately reverse the CAD epidemic in India. What began as an observation by a young cardiologist in Chicago grew into a decades-long scientific and educational mission. Treatise on Heart Disease in Indians is the product of that journey and a timely call for earlier recognition, prevention, and treatment of cardiovascular disease among Indians. The enduring lesson is a simple but powerful one: we cannot wait for the first heart attack to begin preventing heart disease. For Indians and other South Asians, cardiovascular prevention must begin early, continue throughout life, and be guided by a clear understanding of their distinctive risk profile. In that regard, Treatise on Heart Disease in Indians is not merely a book about disease. It is a timely appeal for greater awareness, earlier intervention, and a renewed commitment to preventing premature cardiovascular death.

**The enduring message is "Prevention is powerful. We cannot wait for the first heart attack to occur before taking the first steps to prevent heart disease."**






**Dr. M. P. Ravindra Nathan is a retired cardiologist and the Author of 'Stories from My Heart' and 'Second Chance' - A Sister's Act of Love, Past Member of Editorial Board - Medical Economics and Cortlandt Forum and Emeritus Editor, AAPI Journal.**

## ഭൂനിയമങ്ങൾ പരിഷ്കരിക്കാൻ അഞ്ചംഗ സമിതി

തിരുവനന്തപുരം: കേരളത്തിലെ സങ്കീർണതകൾ നിറഞ്ഞതും നൂറ്റാണ്ടോളം പഴക്കമുള്ളതുമായ ഭൂനിയമങ്ങൾ പരിഷ്കരിക്കാൻ സർക്കാർ. 1963-ലെ ഭൂപരിഷ്കരണ നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള പഠനങ്ങളും ശിപാർശകളും സമർപ്പിക്കാൻ മുൻ ലാൻഡ് റവന്യൂ കമ്മീഷണർ എ.ടി. ജെയിംസ് അദ്ധ്യക്ഷനായ അഞ്ചംഗ സമിതി രൂപീകരിച്ചു. ഭൂനിയമങ്ങൾ പരിഷ്കരിക്കുമെന്നു സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായാണ് സമിതി രൂപീകരിക്കുന്നത്. നിസാര കാരണങ്ങളാൽ കർഷകരെ കൃഷിഭൂമിയിൽനിന്ന് ഇറക്കിവിടുന്നത് അവസാനിപ്പിക്കുന്നതിനും ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും. തോട്ടഭൂമിയുടെ സ്വാഭാവിക അന്തരീക്ഷം നിലനിർത്തി വിള വൈവിധ്യവത്കരണത്തിന് അനുമതി നൽകുക, പതിറ്റാണ്ടുകളായി ഭൂമി കൈവശം വെച്ചിരിക്കുന്ന കർഷകരുടെ പട്ടയതടസങ്ങൾ നീക്കുക എന്നിവയാണ് നിയമപരിഷ്കരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഭൂപരിഷ്കരണ നിയമത്തിൽ ആവശ്യമായ ഭേദഗതി നിർദേശിക്കുകയോ സമഗ്രമായ പുതിയ നിയമനിർമാണം കൊണ്ടുവരികയോ ചെയ്യാനുള്ള റിപ്പോർട്ടാണ് സമിതി സർക്കാരിന് സമർപ്പിക്കേണ്ടത്. സമിതിയിലെ അംഗങ്ങൾ: മുൻ ഗവൺമെന്റ് പ്ലീഡർ എൽ. അലോഷ്യസ് തോമസ് ലെന്തപറമ്പിൽ, റിട്ട. ഡെപ്യൂട്ടി കളക്ടർ എം.എസ്. സാബു, ജോയിന്റ് സെക്രട്ടറിയിൽ താഴെയല്ലാത്ത നിയമവകുപ്പ് പ്രതിനിധി.

# DOULOS
## BIBLICAL SEMINARY

DOULOS INTERNATIONAL MINISTRIES INC.
VECHOOCHIRA, RANNI
www.doulosvechoochira.org.

26 Years in Ministry

C.Th.
B.Th.
M.Div.
M.Th.

2026- 2027 ADMISSION OPEN STARTING
(Malayalam & English)

ZOOM ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

ACCREDITED BY NATA. RECOGNIZED BY IPC GENERAL COUNCIL.




CONTACT +91 9164603370

## DOULOS BIBLICAL SEMINARY

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ **സെപ്റ്റംബർ ആദ്യ ആഴ്ചയിൽ** ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.

**Pr. Dr. O.M. RAJUKUTTY** (Chairman WME)
**Pr. Dr. B. VARGHESE** (Former Principal, FTS Manakala)
**Pr. Dr. JOHN. K. MATHEW** (Former Vice Principal, India Bible College, Kumbanad)
**Pr. Dr. SUJU JOHN** (Former Principal, Mount Zion Bible Seminary, Mulakkuzha)
**Pr. P. T. THOMAS** (Well Known Bible Scholar)

എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ
**Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM,
Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN,
Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL,
Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB,
Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON,
Pr. P. S CHERIAN, Pr. SYALAN CHACKO**
തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

Pr. SHINTO JOHNSON, Pr. SAJAN SAMUEL,
Br. RAJAN Ariyappallil, Evg. BENNY Kochuvadakel,
Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.

**ഞാൻ ആരെ അയക്കേണ്ടു ?
ആർ നമുക്ക് വേണ്ടി പോകും ?**
യെശയ്യാവ് 6: 8

# MIDWEST
## WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



FOR BOOKING

| ABRAHAM THANNIKARI | JENNI THANNIKARI | SOBHANA |
| --- | --- | --- |
| +1 346- 285-1633 | +1 713-280-8688 | +91 965 616 8399 |
| athannikari@hotmail.com | | |

# ലഹരിക്കെതിരെ യുവശബ്ദം ഉയരട്ടെ; ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4 രജിസ്ട്രേഷൻ തുടങ്ങി




ഫിലാഡൽഫിയ: ലോകമെമ്പാടുമുള്ള മലയാളി സ്കൂൾ-കോളജ് വിദ്യാർത്ഥികളുടെ പ്രസംഗശേഷിയും ആശയവിനിമയ മികവും ആത്മവിശ്വാസവും നേതൃത്വഗുണങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെ ഓർമ്മ ഇന്റർനാഷണൽ, വേൾഡ് മലയാളി ഫെഡറേഷനോട് (WMF) ചേർന്ന് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4 (2026-27) രജിസ്ട്രേഷൻ ആരംഭിച്ചു. സെപ്റ്റംബർ 15 മുതൽ ഡിസംബർ 15 വരെയാണ് ആദ്യ റൗണ്ട്. സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി മലയാളത്തിലും ഇംഗ്ലീഷിലുമാണ് മത്സരം. ഗൂഗിൾ ഫോമിലൂടെ മൂന്നു മിനിറ്റിൽ കവിയാത്ത പ്രസംഗവീഡിയോ സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസില്ല. മത്സരത്തിന്റെ വിവിധ ഘട്ടങ്ങളിൽ സൗജന്യ പ്രസംഗപരിശീലനവും മെന്ററിംഗും നല്കും. കേരള സർക്കാരിന്റെ 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ പ്രചാരണത്തിന് പിന്തുണ നല്കിക്കൊണ്ട് യുവതലമുറയിൽ ലഹരിവിരുദ്ധ ബോധവത്കരണം ശക്തമാക്കുന്നതാണ് സീസൺ 4-ന്റെ പ്രധാന സാമൂഹിക ദൗത്യം. ഇംഗ്ലീഷിൽ 'Choose Dreams, Choose Life, Say No to Drugs' മലയാളത്തിൽ 'സ്വപ്നങ്ങൾ തെരഞ്ഞെടുക്കാം, ജീവിതം തെരഞ്ഞെടുക്കാം, നാശത്തിന്റെ ലഹരി ഉപേക്ഷിക്കാം' എന്നിവയാണ് ആദ്യറൗണ്ടിലെ വിഷയങ്ങൾ.

സീസൺ 4 പ്രചാരണത്തിന് മുഖ്യമന്ത്രി വി.ഡി. സതീശൻ തുടക്കം കുറിച്ചു. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, വിദ്യാഭ്യാസമന്ത്രി റോജി എം. ജോൺ, മന്ത്രി അഡ്വ. മോൻസ് ജോസഫ് എന്നിവരും പിന്തുണയും ആശംസകളും അറിയിച്ചു. ഒന്നാം സീസൺ മുതൽ ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ചുവരുന്ന ഡോ. ശശി തരൂർ സീസൺ 4-നും പ്രത്യേക സന്ദേശത്തിലൂടെ പിന്തുണ അറിയിച്ചു.

മത്സരത്തോടൊപ്പം വിദ്യാർത്ഥികളെ മികച്ച പ്രസംഗകരും ആശയവിനിമയക്കാരുമായി വളർത്തുന്നതിനുള്ള പരിശീലനമാണ് ഓർമ്മയുടെ പ്രത്യേകത. സിനർജി കൺസൾട്ടൻസിയിലെ ഡോ. ബെന്നി കുര്യൻ, സോയി തോമസ് എന്നിവർ പ്രസംഗപരിശീലനങ്ങൾക്കും ജോർജ് കരുണയ്ക്കൽ, പ്രൊഫ. ടോമി ചെറിയാൻ എന്നിവർ മെന്ററിംഗിനും നേതൃത്വം നല്കുന്നു. വിജയികൾക്ക് ആകെ 10 ലക്ഷം രൂപ കാഷ് പ്രൈസുകളും ട്രോഫികളും സർട്ടിഫിക്കറ്റുകളും നല്കും. സീനിയർ വിഭാഗത്തിലെ മികച്ച പ്രതിഭയ്ക്കുള്ള 'ORMA Orator of the year 2027' 1 ലക്ഷം രൂപ ഗ്രാൻഡ് പ്രൈസ് അറ്റോർണി ജോസഫ് കുന്നേൽ സ്പോൺസർ ചെയ്യുന്നു.

ആദ്യ മൂന്നു സീസണുകളിലായി 3,500-ലധികം വിദ്യാർത്ഥികൾ മത്സരത്തിന്റെ ഭാഗമായിട്ടുണ്ട്. മൂന്നാം സീസണിൽ മാത്രം 1,680 പേർ പങ്കെടുത്തു.

നാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, ട്രസ്റ്റിബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ജനറൽ സെക്രട്ടറി ക്രിസ്റ്റി എബ്രഹാം, ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ, ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ വിൻസെന്റ് ഇമ്മാനുവൽ, മീഡിയ ചെയർ അരുൺ കോവാട്ട്, പിആർഒ മെർളിൻ മേരി അഗസ്റ്റിൻ, കേരള ചാപ്റ്റർ പ്രസിഡണ്ട് കുര്യാക്കോസ് മണിവയലിൽ, എബി ജെ. ജോസ്, ഷാജി അഗസ്റ്റിൻ ആറ്റുപുറം എന്നിവർ പ്രവർത്തനങ്ങൾക്ക് പ്രധാനപങ്ക് വഹിക്കുന്നു. WMF സ്ഥാപകചെയർമാൻ ഡോ. പ്രിൻസ് പള്ളിക്കുന്നേൽ, ഗ്ലോബൽ പ്രസിഡണ്ട് ഡോ. ആനി ലിബു എന്നിവരുടെ നേതൃത്വത്തിലുള്ള വേൾഡ് മലയാളി ഫെഡറേഷന്റെ ആഗോള ശൃംഖലയും സീസൺ 4-ൽ പങ്കുചേരുന്നു. മൂന്നു ഘട്ടങ്ങളിലായി നടക്കുന്ന മത്സരത്തിന്റെ ജൂണിയർ, സീനിയർ, ഗ്രാൻഡ് ഫിനാലെ 2027 ഓഗസ്റ്റ് 7-ന് പാലായിൽ നടക്കും. സബ് ജൂണിയർ വിഭാഗം പൂർണമായും ഓൺലൈനായിരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.ormaspeech.org. വാട്സ്ആപ് +1 412 656 4853, +91 7907810571







# എംജിയിൽ പൊതുസേവനാവകാശ നിയമം നടപ്പാക്കി

കോട്ടയം: പൊതുസേവനാവകാശ നിയമം നടപ്പാക്കി എംജി സർവകലാശാല. സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ വിദ്യാർത്ഥികൾക്കു ലഭ്യമാക്കുന്നതിനാണ് ഈ നിയമം ലക്ഷ്യമിടുന്നത്. കേരളത്തിൽ ഈ നിയമം നടപ്പാക്കുന്ന ആദ്യ സർവകലാശാലയെന്ന നേട്ടവും എംജി സ്വന്തമാക്കി.

സർട്ടിഫിക്കറ്റുകൾ വളരെ വേഗം വിദ്യാർത്ഥികൾക്കു ലഭ്യമാക്കുക, വിദേശരാജ്യങ്ങളിൽ ഉപരിപഠനത്തിനും മറ്റുമായി പോകുന്നവർക്ക് മെച്ചപ്പെട്ട സേവനവും പിന്തുണയും നൽകുക എന്നിവ ഇതിന്റെ ഭാഗമാണ്.

സർവകലാശാല നൽകുന്ന പൊതുസേവനങ്ങൾ, പ്രത്യേക പൊതുസേവനങ്ങൾ, നിശ്ചിത സമയപരിധി, ആവശ്യമായ രേഖകൾ, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ നിർണയിച്ച് പൊതുസേവനാവകാശപ്പട്ടിക പുറത്തിറക്കി.

ഇതുപ്രകാരം സർവകലാശാല അപേക്ഷകനു നൽകേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുമെന്ന് വൈസ് ചാൻസലർ ഡോ. ഡി. മാവൂത്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ് ചാമക്കാല, ഡോ. തോമസ് കുരുവിള എന്നിവർ പറഞ്ഞു.

# ഹൂസ്റ്റൺ സെന്റ് തോമസ് കത്തീഡ്രലിൽ സീനിയേഴ്സ് പിക്നിക്ക് സംഘടിപ്പിച്ചു




**ജോർജ് തുമ്പയിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ സീനിയേഴ്സിനായി ഒരു പിക്നിക്ക് സംഘടിപ്പിച്ചു. സെപ്റ്റംബർ 17-ാം തീയതി വ്യാഴാഴ്ച 10 മുതൽ 1 മണി വരെ മിസൗറി സിറ്റിയിലെ റ്റിറ്റി ഹോളോ പാർക്ക് പവിലിയനിൽ നടന്ന പിക്നിക്കിൽ നിരവധി സീനിയേഴ്സ് പങ്കെടുത്തു. അമ്മിണി തോമസ് സ്വാഗതം ആശംസിച്ചു. മറിയാമ്മ തോമസ് ഹ്രസ്വമായ സന്ദേശവും പാരഡി ഗാനവും ആലപിച്ചു. പിന്നീട് കസേരകളി, നാരങ്ങാ ഓട്ട മത്സരം, സ്പീഡ് വോക്ക്, റാഫിൾ എന്നിവയും ഉണ്ടായിരുന്നു. ജേക്കബ് ജോൺ കൃതജ്ഞത പ്രകാശിപ്പിച്ചു.

ഭക്ഷണത്തോടും ആശീർവാദത്തോടും കൂടി പിക്നിക് സമാപിച്ചു. ഇടവക വൈസ് പ്രസിഡണ്ട്, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, വോളണ്ടിയർമാർ തുടങ്ങിയവരൊക്കെ സേവനമനുഷ്ഠിച്ചു. വികാരി അച്ചൻ ഫാ. ഐസക് ബി. പ്രകാശ് അരൂപ്പാല കോർ എപ്പിസ്കോപ്പ, തേജി അച്ചൻ തുടങ്ങിയവരും പങ്കെടുത്തു.

# അസ്തമിക്കാത്ത 'കലാ സൂര്യന്‍'

തിരുവനന്തപുരം: ചലച്ചിത്ര, കലാ ലോകത്തേക്ക് നിരവധിപ്പേരെ കൈപിടിച്ചാനയിച്ച അതുല്യ പ്രതിഭയാണ് സൂര്യ കൃഷ്ണമൂര്‍ത്തി. സിനിമാപ്രദര്‍ശനത്തില്‍ തുടങ്ങി നാടകം, സംഗീതം, നൃത്തം, സിനിമ, ചിത്രകല, ഫോട്ടോഗ്രഫി തുടങ്ങി കലയുടെ വിവിധ ശാഖകളെ ഒരേ വേദിയില്‍ എത്തിച്ച വലിയ സാംസ്‌കാരിക പ്രസ്ഥാനമായി വളര്‍ന്നതാണു 'സൂര്യ'യുടെ കഥ. കൃഷ്ണമൂര്‍ത്തിയുടെ സ്വപ്നവും അതിനെക്കാള്‍ വലിയ അധ്വാനവും ചേര്‍ന്നാണ് ഈ കലാപ്രസ്ഥാനം ലോകശ്രദ്ധ നേടിയത്.

1977 സെപ്റ്റംബര്‍ ഒന്നിന് ഒരു സിനിമാപ്രദര്‍ശനത്തോടെയാണ് ഈ യാത്രയുടെ തുടക്കം. ആദ്യ ദിവസം പ്രദര്‍ശിപ്പിച്ചത് 'ലവ് സ്റ്റോറി'. പിറ്റേന്ന് 'ദി ഒഡേസ ഫയല്‍' മൂന്നാം ദിവസം സിനിമയ്ക്കു പകരം അരങ്ങിലെത്തിയത് കലാപരിപാടി. പ്രശസ്ത സംവിധായകരുടെ സിനിമകളുടെ റെട്രോസ്‌പെക്ടീവുകള്‍, ചര്‍ച്ചകള്‍, സെമിനാറുകള്‍, ചലച്ചിത്രമേളകള്‍ തുടങ്ങിയവയിലൂടെ സിനിമ കാണുക മാത്രമല്ല, സിനിമാ സംവാദ വേദിയായി സൂര്യ മാറി.

'നടരാജ കൃഷ്ണമൂര്‍ത്തി' എന്നയാളെ 'സൂര്യ കൃഷ്ണമൂര്‍ത്തി' എന്ന പേരിലാണു ലോകമറിഞ്ഞത്. 1951 ഏപ്രില്‍ 11-ന് കോട്ടയത്ത് കേരളത്തിന്റെ ചീഫ് എഞ്ചിനീയറായിരുന്ന ടി. നടരാജപിള്ളയുടെയും ഗാന്ധി പീസ് ഫൗണ്ടേഷന്‍ പ്രവര്‍ത്തക സി. സരസ്വതി അമ്മയുടെയും മകനായാണു ജനനം. തിരുവനന്തപുരം മോഡല്‍ സ്‌കൂള്‍, ആര്‍ട്‌സ് കോളജ്, കൊല്ലം ടികെഎം എഞ്ചിനീയറിങ് കോളജ് എന്നിവിടങ്ങളില്‍ പഠനം. 1971-ല്‍ മെക്കാനിക്കല്‍ എഞ്ചിനീയറിങ് ബിരുദം നേടിയ ശേഷം 1972-ല്‍ ഐഎസ്ആര്‍ഒയില്‍ ചേര്‍ന്നു. എപിജെ അബ്ദുല്‍ കലാം ഉള്‍പ്പെടെയുള്ള പ്രമുഖര്‍ക്കൊപ്പം പ്രവര്‍ത്തിച്ചിരുന്നു. 27 വര്‍ഷം ശാസ്ത്രജ്ഞനും എഞ്ചിനീയറുമായി ജോലി ചെയ്ത് 1999-ല്‍ സ്വയം വിരമിച്ചു പൂര്‍ണസമയ കലാപ്രവര്‍ത്തകനായി.

ഓഫീസോ സ്ഥിരം സ്റ്റാഫോ ഔദ്യോഗിക വാഹനമോ ഇല്ലാതെ കാല്‍ നൂറ്റാണ്ടിനിടെ ഒരു വലിയ സാസ്‌കാരിക പ്രസ്ഥാനം പടുത്തുയര്‍ത്തുകയായിരുന്നു കൃഷ്ണമൂര്‍ത്തി. സംഗീതം, നൃത്തം, നാടകം, ചിത്രകല, ഫോട്ടോഗ്രഫി തുടങ്ങി കലയുടെ വിവിധ മേഖലകളിലേക്ക് പ്രവര്‍ത്തനം വ്യാപിച്ചതോടെ സൂര്യയുടെ വേദിയും വിശാലമായി. പിന്നീട് ഇതെല്ലാം ചേര്‍ന്ന വലിയ വാര്‍ഷിക സാംസ്‌കാരിക മേളയായി സൂര്യ ഫെസ്റ്റിവല്‍ വളര്‍ന്നു. 2017 മുതല്‍ ഫെസ്റ്റിവല്‍ 111 ദിവസത്തെ പരിപാടിയായി വികസിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളില്‍നിന്നായി ഏകദേശം 2,000 കലാകാരന്മാര്‍ ഇന്ന് സൂര്യ ഫെസ്റ്റിവലിന്റെ ഭാഗമാകുന്നു.

സൂര്യയുടെ വളര്‍ച്ചയ്ക്കുപിന്നില്‍ പ്രമുഖ കലാകാരന്മാരുടെ പിന്തുണ വലിയ ശക്തിയായിരുന്നു. കലാരംഗത്തേക്ക് കടന്നുവരുന്ന യുവപ്രതിഭകള്‍ക്ക് വേദിയൊരരുക്കുന്നതിനൊപ്പം, അറിയപ്പെടാതെ പോയ ആയിരക്കണക്കിന് നാടന്‍ കലാകാരന്മാരെ കണ്ടെത്തി വേദിയിലെത്തിക്കാനും കൃഷ്ണമൂര്‍ത്തി ശ്രമിച്ചു.

അദ്ദേഹത്തിന്റെ പ്രവര്‍ത്തനങ്ങളിലെ ആത്മാര്‍ത്ഥത മനസ്സിലാക്കിയ പ്രമുഖര്‍ പ്രതിഫലം വാങ്ങാതെ തന്നെ സൂര്യയുടെ വേദിയിലെത്തി കലാപരിപാടികള്‍ അവതരിപ്പിച്ചു.

1988-ലെ ദേശീയ ഗെയിംസ് ഉദ്ഘാടനച്ചടങ്ങില്‍ 7000 കലാകാരന്മാരെ അണിനിരത്തി ഒരുക്കിയ കലാവിരുന്നും 'എന്റെ രക്ഷകന്‍' എന്ന ബൈബിള്‍ മെഗാ ഷോയും ഉള്‍പ്പെടെ ഇന്ത്യയ്ക്കകത്തും പുറത്തുമായി നൂറുകണക്കിന് വേദികളില്‍ സൂര്യയുടെ നേതൃത്വത്തില്‍ വലിയ കലാപരിപാടികള്‍ അരങ്ങേറി.



നാല്പതോളം വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ അറുപതിലേറെ കേന്ദ്രങ്ങളിലും ഇന്ന് സൂര്യയുടെ ഘടകങ്ങള്‍ പ്രവര്‍ത്തിക്കുന്നു. ലിംക ബുക്ക് ഓഫ് റെക്കോര്‍ഡ്‌സിലും സൂര്യയുടെ പ്രവര്‍ത്തനങ്ങള്‍ ഇടം നേടി. വിജയദശമി ദിനത്തില്‍ മലയാള മനോരമ നടത്തുന്ന വിദ്യാരംഭം പരിപാടിയില്‍ തിരുവനന്തപുരത്ത് കുരുന്നുകളെ ആദ്യാക്ഷരമെഴുതിക്കുന്ന ഗുരുക്കന്‍മാരിലൊരാള്‍ കൃഷ്ണമൂര്‍ത്തിയായിരുന്നു.

'തിയറ്റര്‍ ഓഫ് ഫ്രീഡം' എന്ന രംഗകലാരൂപത്തിനും സൂര്യ കൃഷ്ണമൂര്‍ത്തി തുടക്കം കുറിച്ചു. ഓണം വാരാഘോഷം എന്ന ആശയം സര്‍ക്കാരിന് മുന്നില്‍ അവതരിപ്പിച്ചതും അദ്ദേഹമായിരുന്നു.

ദേശീയ-സംസ്ഥാന ചലച്ചിത്ര അവാര്‍ഡ് നിര്‍ണയ സമിതി, ഇന്ത്യന്‍ പനോരമ സിലക്ഷന്‍ സമിതി, എന്‍എഫ്ഡിസി സ്‌ക്രിപ്റ്റ് കമ്മിറ്റി, ദൂരദര്‍ശന്‍ ഉപദേശക സമിതി, കേന്ദ്ര സാംസ്‌കാരിക വകുപ്പ് വിദഗ്ധസമിതി എന്നിവയില്‍ അംഗമായിരുന്നു. കാലിക്കറ്റ് സര്‍വകലാശാല ഫൈന്‍ ആര്‍ട്‌സ് വിഭാഗം ബോര്‍ഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷനായും പ്രവര്‍ത്തിച്ചു.

1996-ല്‍ മികച്ച സ്റ്റേജ് ക്രാഫ്റ്റിനും സംവിധാനത്തിനുമുള്ള രാഷ്ട്രപതിയുടെ ബഹുമതി നേടിയ അദ്ദേഹം 1994-ല്‍ കേരള സംഗീത നാടക അക്കാദനി ഫെലോഷിപ് ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി.

അറുപതുകളുടെ അവസാനം സംസ്ഥാന തലത്തിലെ മികച്ച ജൂനിയര്‍ ബാഡ്മിന്റന്‍ താരങ്ങളില്‍ ഒരാളായിരുന്നു കൃഷ്ണമൂര്‍ത്തി. പിന്നീട് അദ്ദേഹത്തിന്റെ അഭിനിവേശവും ഊര്‍ജവും കലാരംഗത്തേക്ക് തിരിഞ്ഞു.

റോക്കറ്റും സാറ്റലൈറ്റും സാങ്കേതികവിദ്യയും നിറഞ്ഞ ഐഎസ്ആര്‍ഒയുടെ ലോകത്തുനിന്ന് വെളിച്ചവും ശബ്ദവും സംഗീതവും നാടകവും സിനിമയും നിറഞ്ഞ കലയുടെ വിശാലമായ ആകാശത്തേക്ക് സ്വയം വിക്ഷേപിച്ച മനുഷ്യന്‍. നാടകത്തിന് വെളിച്ചവും ശബ്ദവും കഥ പറയുന്ന ഭാഷ സൃഷ്ടിച്ചയാള്‍. അദ്ദേഹം വേര്‍പിയുമ്പോള്‍ 'സൂര്യ' എന്ന പേര് കേരളത്തിന്റെ സാംസ്‌കാരിക ചരിത്രത്തില്‍ അസ്തമിക്കാതെ നില്‍ക്കുന്നു.

കോവിഡിന് തൊട്ടുമുന്‍പുവരെ നീണ്ട 43 വര്‍ഷം യേശുദാസ് സൂര്യ ഫെസ്റ്റിവലില്‍ തുടര്‍ച്ചയായി പാടി. സംഗീതം, നൃത്തം, നാടകം, സിനിമ, കവിത, ചിത്രകല തുടങ്ങി വിവിധ കലാരൂപങ്ങളെ ഒരേ വേദിയില്‍ എത്തിക്കുന്ന സാംസ്‌കാരിക ഇടമായി സൂര്യ വളര്‍ന്നു.

സൂര്യ കൃഷ്ണമൂര്‍ത്തിയുടെ കലാജീവിതത്തെ വേറിട്ടുനിര്‍ത്തുന്ന അദ്ധ്യായങ്ങളിലൊന്നാണ് ലൈറ്റ് ആന്‍ഡ് സൗണ്ട് അവതരണങ്ങള്‍. വെളിച്ചവും ശബ്ദവും കഥാപാത്രങ്ങളെപ്പോലെയായി.

(ശേഷം 28-ാം പേജില്‍)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളര്‍ | 95.98 |
| യൂറോ | 109.22 |
| സ്റ്റെര്‍ലിംഗ്പൗണ്ട് | 127.38 |
| സ്വിസ് ഫ്രാങ്ക് | 115.52 |
| സിംഗപ്പൂര്‍ ഡോളര്‍ | 75.08 |
| കനേഡിയന്‍ ഡോളര്‍ | 67.81 |
| ഒമാന്‍ റിയാല്‍ | 249.75 |
| ബഹ്റൈന്‍ ദിനാര്‍ | 254.70 |
| സൗദി റിയാല്‍ | 25.57 |
| യു.എ.ഇ. ദിര്‍ഹം | 26.13 |
| കുവൈത്ത് ദിനാര്‍ | 310.97 |



# ആർച്ച്ബിഷപ് ഫുൾട്ടൺ ഷീൻ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ

സെന്റ് ലൂയിസ്: റേഡിയോ പരിപാടികളിലൂടെയും ടെലിവിഷൻ പരിപാടികളിലൂടെയും ഗ്രന്ഥരചനകളിലൂടെയും ദശലക്ഷക്കണക്കിന് ആളുകളിലേക്ക് സുവിശേഷ സന്ദേശമെത്തിച്ച ആർച്ച്ബിഷപ് ഫുൾട്ടൺ ജെ. ഷീൻ ഇനി വാഴ്ത്തപ്പെട്ടവൻ. അമേരിക്കയിലെ മിസോറി സംസ്ഥാനത്തിൽപ്പെട്ട സെന്റ് ലൂയിസ് നഗരത്തിലെ 'ദ ഡോം അറ്റ് അമേരിക്കാസ്' സെന്ററിൽ നടന്ന ഭക്തിനിർഭരവും പ്രൗഢഗംഭീരവുമായ ചടങ്ങിലായിരുന്നു ചരിത്രപ്രധാനമായ പ്രഖ്യാപനം.



തിരുക്കർമ്മങ്ങളിൽ മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ കാര്യാലയം പ്രോ-പ്രീഫെക്ട് കർദ്ദിനാൾ ലൂയിസ് അന്റോണിയോ ടാഗ്ലെ മുഖ്യകാർമ്മികത്വം വഹിച്ചു. മാർപാപ്പയുടെ സന്ദേശം അദ്ദേഹം ലത്തീൻ ഭാഷയിൽ വായിച്ചു. തുടർന്ന് പിയോറിയ ബിഷപ് ലൂയിസ് റ്റിൽക്ക ഇത് ഇംഗ്ലീഷിൽ വായിച്ചു. അമേരിക്കയിലെയും വിവിധ രാജ്യങ്ങളിലെയും എൺപതോളം ബിഷപ്പുമാരും ആയിരത്തിലധികം വൈദികരും എൺപതിനായിരത്തോളം വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു. ആർച്ച്ബിഷപ് ഷീനിന്റെ ചരമവാർഷിക ദിനമായ ഡിസംബർ ഒൻപത് അദ്ദേഹത്തിന്റെ തിരുനാൾ ദിനമായും മാർപാപ്പ പ്രഖ്യാപിച്ചു.

ജനനസമയത്ത് ഹൃദയമിടിപ്പ് നിലയ്ക്കുകയും 61 മിനിറ്റോളം ജീവന്റെ ലക്ഷണങ്ങൾ ഇല്ലാതിരിക്കുകയും ചെയ്ത ഇല്ലിനോയ് സ്വദേശിയായ ജെയിംസ് ഫുൾട്ടൺ എൻഗ്സ്ട്രോം എന്ന കുഞ്ഞിന് ആർച്ച് ബിഷപ്പിന്റെ മദ്ധ്യസ്ഥതയാൽ ജീവൻ തിരിച്ചുകിട്ടിയത് അത്ഭുത രോഗശാന്തിയായി വത്തിക്കാൻ ഔദ്യോഗികമായി അംഗീകരിക്കുകയായിരുന്നു. പൂർണ ആരോഗ്യവാനായ ജെയിംസ് എൻഗ്സ്ട്രോമും



സെന്റ് ലൂയിസ് നഗരത്തിലെ 'ദ ഡോമ അറ്റ് അമേരിക്കാസ്" സെന്ററിൽ നടന്ന ചടങ്ങിനിടെ വാഴ്ത്തപ്പെട്ട ഫുൾട്ടൺ ഷീനിന്റെ ചിത്രത്തിനു മുന്നിൽ നിൽക്കുന്ന സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ കാര്യാലയം പ്രോ– പ്രീഫെക്ട് കർദ്ദിനാൾ ലൂയിസ് അന്റോണിയോ ടാഗ്ലെ

കുടുംബവുമാണ് തിരുക്കർമ്മങ്ങളിൽ വാഴ്ത്തപ്പെട്ട ഷീനിന്റെ തിരുശേഷിപ്പ് അൾത്താരയിലേക്ക് സംവഹിച്ചത്.

വെറുമൊരു പ്രശസ്തനായ പ്രസംഗകനോ ടെലിവിഷൻ വ്യക്തിത്വമോ ആയതുകൊണ്ടല്ല ഫുൾട്ടൺ ഷീൻ വിശുദ്ധിയുടെ പദവിയിലേക്ക് ഉയർത്തപ്പെടുന്നതെന്നും ഈശോമിശിഹായുമായുള്ള അഗാധമായ ബന്ധവും വിശുദ്ധ കുർബാനയോടുള്ള ഭക്തിയും എളിയവരോടുള്ള കരുണയുമാണ് അദ്ദേഹത്തെ നയിച്ചതെന്നും കർദിനാൾ ടാഗ്ലെ വചനസന്ദേശത്തിൽ പറഞ്ഞു.

തന്റെ പ്രസംഗങ്ങൾ വഴി എത്രപേർ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നുവെന്ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പ ചോദിച്ചപ്പോൾ "ആ കണക്കുകൾ ഞാൻ സൂക്ഷിക്കാറില്ല, അത് എന്റെ കഴിവുകൊണ്ടാണെന്ന അഹങ്കാരം എനിക്കുണ്ടാകാതിരിക്കാൻ" എന്നു മറുപടി നല്കിയ ഫുൾട്ടൺ ഷീന്റെ ലാളിത്യത്തെക്കുറിച്ച് കർദ്ദിനാൾ ഓർമ്മിപ്പിച്ചു.

എമ്മി പുരസ്കാരം നേടിയ 'ലൈഫ് ഈസ് വർത്ത് ലിവിംഗ്' എന്ന ടെലിവിഷൻ പരിപാടിയിലൂടെയും റേഡിയോ സന്ദേശങ്ങളിലൂടെയും ദശലക്ഷക്കണക്കിന് ആളുകളെ സ്വാധീനിച്ച ഫുൾട്ടൺ ഷീൻ, ആധുനിക മാധ്യമ സാങ്കേതിക വിദ്യകളെ ദൈവവചന പ്രഘോഷണത്തിനായി എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്ന് ലോകത്തിനു കാണിച്ചുകൊടുത്തു. റഫറൻസുകളോ ടെലിപ്രോംപ്റ്ററോ ഇല്ലാതെ ഒരു ചോക്ക് ബോർഡ് മാത്രം ഉപയോഗിച്ച് സങ്കീർണമായ തത്വചിന്തകളും ദൈവവചനവും ലളിതമായി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ലോകശ്രദ്ധ നേടിയിരുന്നു.

# നടൻ രവീന്ദ്രൻ ചലച്ചിത്ര അക്കാദമി ചെയർപേഴ്സൺ



തിരുവനന്തപുരം: സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർപേഴ്സണായി നടൻ രവീന്ദ്രനെ സർക്കാർ നിയോഗിച്ചു. പ്രശസ്ത നടിയും സാംസ്കാരിക പ്രവർത്തകയുമായ പ്രിയങ്ക നായരാണ് ചലച്ചിത്ര അക്കാദമിയുടെ വൈസ് ചെയർപേഴ്സൺ. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടൻ പുറത്തിറങ്ങും.

നടൻ സലിം ഹസൻ, യുവസംവിധായകൻ ജോഫിൻ ടി. ചാക്കോ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാകും. ദീപു കരുണാകരൻ, വൈക്കം വിജയലക്ഷ്മി, എം.വി. ഗിരീഷ്കുമാർ, സലിം ഹസൻ, ബി. രാകേഷ്, സജീവൻ അന്തിക്കാട്, ജോഫിൻ ടി. ചാക്കോ, സക്കറിയ, ആർ.എസ്. പണിക്കർ, ധർമജൻ ബോൾഗാട്ടി, വാഴൂർ ജോസ്, എ. കബീർ, സാബു ശങ്കർ ഷെർഗ സന്ദീപ്, അബ്ദുൾ ഹനാൻ എന്നിവരെ ഉൾപ്പെടുത്തി ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുകയും ചെയ്തു.

# അസ്തമിക്കാത്ത 'കലാ സൂര്യൻ'

(27-ാം പേജിൽനിന്നും)

അവയ്ക്കും കഥ പറയാനാകുമെന്ന് അദ്ദേഹം പരീക്ഷണങ്ങളിലൂടെ തെളിയിച്ചു.

ചരിത്രവും പുരാണവും സാമൂഹിക വിഷയങ്ങളും മനുഷ്യവികാരങ്ങളും വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും സാധ്യതകൾ ഉപയോഗിച്ച് വലിയ ദൃശ്യാനുഭവങ്ങളാക്കി മാറ്റി. പിന്നീട് മൊബൈൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോകളിലും 'തിയേറ്റർ ഓഫ് ഫ്രീഡം' എന്ന നാടകാവിഷ്കാരത്തിലും അദ്ദേഹം പരീക്ഷണങ്ങൾനടത്തി.

ജീവിതത്തിന്റെ അവസാനഘട്ടത്തിലും 'സൂര്യ'യുടെ ഭാവിയെക്കുറിച്ച് അദ്ദേഹത്തിന് ആശങ്കയുണ്ടായിരുന്നില്ല. പരിശീലനം നേടിയ യുവാക്കൾ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാനുണ്ടെന്നായിരുന്നു വിശ്വാസം. അദ്ദേഹത്തിന്റെ പേരിൽ മാത്രം ഒതുങ്ങുന്നതല്ല 'സൂര്യ'യുടെ പാരമ്പര്യം.

വേദി തേടിയെത്തിയ കലാകാരന്മാർക്കും കല ആസ്വദിക്കാൻ എത്തിയവർക്കും കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിനും അദ്ദേഹം നൽകിയ ഇടങ്ങളിലൂടെയും അവസരങ്ങളിലൂടെയും ആ സാന്നിധ്യം തുടരും.

# സിനിമാ പുരസ്കാരങ്ങൾ വിതരണം ചെയ്തു



ഗുജറാത്തിലെ കെവാദിയയിൽ നടന്ന ചടങ്ങിൽ മികച്ച നടനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് മമ്മൂട്ടി സ്വീകരിക്കുന്നു



മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം രാഷ്ട്രപതിയിൽ നിന്ന് വൈക്കം വിജയലക്ഷ്മി ഏറ്റുവാങ്ങുന്നു

ഗുജറാത്ത്: മലയാളം വീണ്ടും മാനത്തോളം തലയുയർത്തി. നാട്ടുരാജ്യങ്ങളെ ഒന്നിപ്പിച്ച സർദാർ പട്ടേലിന്റെ നാമത്തിലുള്ള നഗരിയിലെ പ്രൗഢമായ ചടങ്ങിൽ വെള്ളിത്തിരയിലൂടെ കേരളത്തെ കോർത്തിണക്കിയ പ്രതിഭകൾ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് ഏറ്റുവാങ്ങി.

മമ്മൂട്ടി മികച്ച നടനുള്ള നാലാമത് ദേശീയ അവാർഡുമായി കളംപിടിച്ചു. ഇതുവരെ കൂടുതൽ അവാർഡുകൾ വാങ്ങിയ ബോളിവുഡ് ഇതിഹാസം അമിതാബ് ബച്ചന് ഒപ്പമെത്തിയിരിക്കുകയാണ് മലയാളത്തിന്റെ പ്രിയനടൻ.

മമ്മൂട്ടി, വൈക്കം വിജയലക്ഷ്മി, ദാദാ സാഹേബ് പുരസ്കാര ജേതാവ് അനന്ത് നാഗ് എന്നിവർക്ക് രാഷ്ട്രപതി പുരസ്കാരം സമ്മാനിച്ചപ്പോൾ നിറഞ്ഞ കൈയടികളോടെയാണ് സദസ് എഴുന്നേറ്റ് നിന്ന് ആദരം പ്രകടിപ്പിച്ചത്. മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിക്കൊപ്പം ബോളിവുഡ് നടൻ കാർത്തിക് ആര്യനും സ്വീകരിച്ചു.

മികച്ച ഗായികയ്ക്കുള്ള പുരസ്കാരം വൈക്കം വിജയലക്ഷ്മി ഏറ്റുവാങ്ങി. ഷഹനാദ് ജലാൽ (ക്യാമറ), മികച്ച മലയാള ചിത്രമായ ഫെമിനിച്ചി ഫാത്തിമയുടെ സംവിധായകൻ ഫാസിൽ മുഹമ്മദ്, നിർമാതാവ് കെ.



മികച്ച നടനുള്ള പുരസ്കാരം നേടിയ കാർത്തിക് ആര്യനും മമ്മൂട്ടിയും പുരസ്കാര വേദിയിൽ.

വി. താമിർ, ജോഷ് ബെനഡിക്ട് (അനിമേഷൻ ചിത്രം), ആനന്ദ ജ്യോതി (ഡോക്യുമെന്ററി) തുടങ്ങിയവരും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ദേശീയ ജൂറി ചെയർമാൻ സംവിധായകൻ ജയരാജ്, രചനാവിഭാഗം ജൂറി അദ്ധ്യക്ഷൻ എം. ചന്ദ്രശേഖരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# SEEKING BRIDEGROOM

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445.** Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# നിര്യാതരായി

## പി.എ. തോമസ്

**തിരുവല്ല:** റെയിൽവേ റിട്ട. എൻജിനീയർ കുറ്റപ്പുഴ പാറോലിക്കൽ പി.എ. തോമസ് (ബേബി-91) അന്തരിച്ചു. തെള്ളിയൂർ പാറോലിക്കൽ കുടുംബാംഗമാണ്. ഭാര്യ മുണ്ടിയപ്പള്ളി തേരേട്ട് സാലി തോമസ്. മക്കൾ: ശോഭ (യുകെ), ഡോ. കിരൺ തോമസ് (യുഎസ്). മരുമക്കൾ: പള്ളം പള്ളത്ത് ഇടത്തുംപടിക്കൽ ഡോ. ജോൺ മാത്യു (യുകെ), തിരുവനന്തപുരം ആവികോട് ഡോ. നമിത കിരൺ തോമസ് (യുഎസ്).

**സംക്രാന്തി:** നാഗ്പൂർ ഗുഡ് ഇയർ ഇന്ത്യ മുൻ ഉദ്യോഗസ്ഥൻ കരിങ്കുന്നം കണിയാർകുഴിയിൽ കെ.എൽ. ഏബ്രഹാം (88) അന്തരിച്ചു.

**മീനടം:** കിഴക്കേക്കുറ്റ് വർഗീസ് ഐപ്പിന്റെ (ആർപിഎഫ്) ഭാര്യ സോമി വർഗീസ് (54) അന്തരിച്ചു.

## വി.ഐ. ജോർജ്

**പുതുപ്പള്ളി:** വെള്ളുക്കുട്ട വെട്ടത്തായ കൊടിഞ്ഞവയലിൽ വി.ഐ. ജോർജ് (തമ്പി-79) അന്തരിച്ചു. ഭാര്യ കോഴഞ്ചേരി കോയിക്കലേത്ത് വത്സ. മക്കൾ: ദീപ, ദീപു, ദിവ്യ (യുഎസ്). മരുമക്കൾ: പരേതനായ എം.എ. മാത്യു ചെമ്പരത്തിമൂട്ടിൽ തോട്ടയ്ക്കാട്, ജീന ജോസഫ് പിറവം, ലിജു മാത്യു വണ്ടാനത്തുവയലിൽ കങ്ങഴ (യുഎസ്).

**പള്ളം:** കണിയാംപറമ്പിൽ പി.സി. ചെറിയാന്റെ ഭാര്യ റെയ്ച്ചൽ ചെറിയാൻ (കുഞ്ഞുമോൾ-74) അന്തരിച്ചു.

**നെച്ചിപ്പുഴൂർ:** കോട്ടയം ജില്ലാ സഹകരണ ബാങ്ക് റിട്ട. എക്സിക്യൂട്ടീവ് ഓഫീസർ ശ്രീരംഗത്ത് രാമചന്ദ്രകൈമൾ (75) അന്തരിച്ചു.

## അച്ചാമ്മ ജോസഫ്

**തിരുവനന്തപുരം:** ഉള്ളൂർ സൺഹോംസ് മണലൂർ സൂസജ്ജിൽ അച്ചാമ്മ ജോസഫ് (കുഞ്ഞുമോൾ-89) അന്തരിച്ചു. ഭർത്താവ് ജോസഫ് എം. തോമസ്. മക്കൾ: സജു ടി. ജോസഫ് (യുഎസ്), സുജ സൂസൻ (തിരുവനന്തപുരം). മരുമക്കൾ: കോട്ടയം മാങ്ങാനം ഇഞ്ചിക്കാലായിൽ രേണു ജോസഫ് (യുഎസ്), ജോൺ വർഗീസ് (തിരുവനന്തപുരം).

**തൊടുപുഴ:** ഒളമറ്റം കോഴിപ്പിള്ളിൽ ഷിജുവിന്റെയും സിജിയുടെയും മകൾ എസ്. ആൻമരിയ (19) അന്തരിച്ചു.

**ആലപ്പുഴ:** കെഎസ്എസ്പിയു മുൻ ജില്ലാ സെക്രട്ടറിയും റിട്ട. ജില്ലാ ട്രഷറി ഓഫീസറുമായ പഴവീട് ആതിരയിൽ ശശികുമാർ പി. പണിക്കർ (83) അന്തരിച്ചു.

**ഉഴവൂർ ഈസ്റ്റ്:** കാഞ്ഞിരപ്പാറയിൽ ജോസഫ് മത്തായി (83) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** പള്ളിവാതുക്കൽ ജേക്കബ് (ചാക്കോച്ചൻ-85) അന്തരിച്ചു.

## ജോസഫ് മാത്യു അന്ത്രപ്പേർ

**ചേർത്തല:** ചാലക്കുടി അന്ത്രപ്പേർ ഹൗസിൽ ജോസഫ് മാത്യു അന്ത്രപ്പേർ (71)അന്തരിച്ചു. തങ്കി പാർക്ക് ഈസ്റ്റ് വ്യൂ വീട്ടിൽ കുടുംബാംഗമാണ്. ഭാര്യ മുട്ടുചിറ നീരാക്കൽ അന്നമ്മ. മക്കൾ: ജിം (അപ്പോളോ ടയേഴ്സ് ചെന്നൈ), അലക്സ് (യുഎസ്), ലീസ. മരുമക്കൾ: മീര കിഴക്കുംതല (ചാലക്കുടി), മാജ ഒടക്കൽ (ഏഴല്ലൂർ), ഡോൺ കരുത്തുകുളങ്ങര (മണലൂർ).

## ടി.ജെ. തോമസ്

**വടശേരിക്കര:** തയ്യിൽ മേപ്പുറത്ത് ടി.ജെ. തോമസ് (കുഞ്ഞൂട്ടി-87) അന്തരിച്ചു. ഭാര്യ പുല്ലാട് മുണ്ടയ്ക്കൽ ഗ്രെയ്സ് തോമസ്. മക്കൾ: ജാനിസ് തോമസ്, ജെയ്സൻ തോമസ് (യുഎസ്). മരുമക്കൾ: കെ. നന്ദകുമാർ (തിരുവനന്തപുരം), റാന്നി അമ്പാട്ട് പുന്നവേലി മണ്ണാറത്തറ ബിൻസി.

**കളത്തുക്കടവ്:** വിജയവാഡ സേക്രഡ് ഹാർട്ട് കോൺവന്റ് അംഗം സിസ്റ്റർ ജെസ്വിന വലിയമംഗലം (84) അന്തരിച്ചു.

**വൈക്കം:** ടിവിപുരം കൊട്ടുകാപ്പള്ളി തൈത്തറയിൽ മാത്യു വർഗീസിന്റെ ഭാര്യ അന്നമ്മ മാത്യു (54) അന്തരിച്ചു.

## ഏബ്രഹാം വി. ഏബ്രഹാം

**പാമ്പാടി-വെള്ളൂർ:** ഇല്ലിവളവ് വെട്ടിക്കുന്നേൽ ഏബ്രഹാം വി. ഏബ്രഹാം (പാപ്പ-100) അന്തരിച്ചു. ഭാര്യ പുതുപ്പള്ളി കണിയാംപറമ്പിൽ പരേതയായ റെയ്ച്ചൽ ഏബ്രഹാം. മക്കൾ: അന്നമ്മ, മോളമ്മ (യുഎസ്), ഓമന, കുഞ്ഞുമോൻ, തമ്പി, മിനി. മരുമക്കൾ: ജോസഫ് ഓണശേരി തോട്ടത്തിൽ (വടക്കാഞ്ചേരി), പാപ്പച്ചൻ ചക്കാലക്കുഴിയിൽ മീനടം (യുഎസ്), റെജി മരുതനായിൽ (ചെങ്ങളം), ഡെയ്സി, ബിൻസി രെഞ്ചി പൊയ്കയിൽ (വെള്ളൂക്കുട്ട).

**തലയാഴം:** താമരവേലിൽ പരേതനായ ജോസഫിന്റെയും പൊന്നമ്മയുടെയും മകൻ റെസ്റ്റിൻ ജോസഫ് (45) അന്തരിച്ചു.

**പിറവം:** പാഴൂർ പുളിക്കൽ മറിയാമ്മ ഔസേഫ് (86) അന്തരിച്ചു.

**കരിമണ്ണൂർ:** കുറുമ്പാലമറ്റം ഉപ്പൻമാക്കൽ റോസമ്മ (78) അന്തരിച്ചു.

**മൂവാറ്റുപുഴ:** തെക്കൻ മാറാടി പാലക്കാട്ട് ഷെറി സൂരജ് (കൊച്ചുമോൾ-57) അന്തരിച്ചു.

**മണർകാട്:** കുഴിപ്പുരയിടം വാഴപ്പതറയിൽ കാവുംപറമ്പിൽ കെ.കെ.ബേബിയുടെ ഭാര്യ കുഞ്ഞുമോൾ ബേബി (72) അന്തരിച്ചു.

**ഏറ്റുമാനൂർ:** പട്ടിത്താനം ചെറുപറമ്പിൽ റെയ്ച്ചൽ മാത്യൂസ് (53) അന്തരിച്ചു.

**പുഞ്ചവയൽ:** മഠത്തിൽ സാം വർഗീസ് (63) അന്തരിച്ചു.

## ജേക്കബ് സ്കറിയ

**നാലുന്നാക്കൽ:** റിട്ട. ട്രഷറി ഓഫീസർ വലിയ കരിപ്പാൽ ജേക്കബ് സ്കറിയ (കുഞ്ഞുഞ്ഞ്-84) അന്തരിച്ചു. ഭാര്യ ക്രാരിയേലി താഴത്തേത്ത് ടി.വി. മേരി (റിട്ട. ഗവ. സ്കൂൾ അദ്ധ്യാപിക). മക്കൾ: രശ്മി അനിൽ (ആലപ്പുഴ), റയ്സ് ജേക്കബ് (യുഎസ്), ഗീവർഗീസ് ജേക്കബ് (ബഹറിൻ). മരുമക്കൾ: അനിൽ ജോർജ് തുണ്ടത്തിൽ (ആലപ്പുഴ), സുനിത റയ്സ് മുണ്ടപ്ലാമൂട്ടിൽ ചീരംചിറ (യുഎസ്), ബിന്ധ്യ ഗീവർഗീസ് തോണ്ടുകണ്ടത്തിൽ പുതുപ്പള്ളി (ബഹറിൻ).

**കോട്ടയം:** കാരാപ്പുഴ കോടിയാട്ട് പരേതനായ കെ.എ. ജോർജിന്റെ ഭാര്യ മേരി ജോർജ് (കുട്ടിയമ്മ-98) അന്തരിച്ചു.

## അന്നമ്മ വർഗീസ്



**അറ്റ്ലാന്റ:** തൃശൂർ കണ്ണാറവന്മേൽ പരേതനായ വർഗീസിന്റെ ഭാര്യ അന്നമ്മ വർഗീസ് (88) അറ്റ്ലാന്റയിൽ അന്തരിച്ചു. മക്കൾ: ജീമോൻ, മേഴ്സി, ലീല, ലൈസ, ഡെയ്സി, ജോളി, ഷാൻസി. മരുമക്കൾ: സനിത വർഗീസ്, പരേതനായ ചെറിയാൻ കുര്യാക്കോസ്, ഏലിയാസ് മാത്യു, ബാബു ജേക്കബ്, ജയ്മോൻ ജോസഫ്, അബു ജോൺ, അനീഷ് ജോർജ്.

**ഏറ്റുമാനൂർ:** ആനാത്തിൽ പരേതനായ മാത്യുവിന്റെയും റോസമ്മ മാത്യുവിന്റെയും മകൻ ജോൺ മാത്യു (അജി-52) അന്തരിച്ചു.

**മള്ളുശേരി:** പുല്ലരിക്കുന്ന് പുത്തൻപുരയ്ക്കൽ (തറയാനിൽ) പി.വി. വർഗീസ് (അച്ചൻകുഞ്ഞ്-90) അന്തരിച്ചു.

**ഒറവയ്ക്കൽ:** കുന്നംചിറ പരേതനായ കെഎസ്ഇബി റിട്ട. ഓവർസിയർ എം.എ. ജോണിന്റെ ഭാര്യ മറിയാമ്മ ജോൺ (90) അന്തരിച്ചു.

**ചെത്തിപ്പുഴ:** കൂനന്താനം പുറക്കടവ് കല്ലുകളത്തിൽ പരേതനായ കെ.എം. ചാക്കോയുടെ ഭാര്യ മേരിക്കുട്ടി ചാക്കോ (96) അന്തരിച്ചു.

**കൊടുന്തറ:** പത്തനംതിട്ട നഗരസഭ മുൻ കൗൺസിലർ വിളവിനാൽ ഗ്രേസ് ഭവനിൽ ബാബു വിളവിനാൽ (70) അന്തരിച്ചു.

**തിരുവല്ല:** ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹാംഗവും അടിമാലി ബഥനി ധ്യാനകേന്ദ്രത്തിന്റെ സുപ്പീരിയറുമായിരുന്ന ഫാ. ചാൾസ് ഞാറക്കുളത്ത് (77) അന്തരിച്ചു.

## പാസ്റ്റർ ഏബ്രഹാം പി. ജോർജ്

**തിരുവനന്തപുരം:** പുനലൂർ എബനേസർ പോളച്ചിറക്കൽ വീട്ടിൽ ഇന്ത്യ പരൈന്തെക്കോസ്ത് ദൈവസഭ പുനലൂർ സെന്ററിലെ മുൻ ശുശ്രൂഷകനും ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി ന്യൂയോർക്ക് സഭ അംഗവുമായ പാസ്റ്റർ ഏബ്രഹാം പി. ജോർജ് (അനിയച്ചായൻ-69) യുഎസിൽ അന്തരിച്ചു. ഭാര്യ ആനി മാത്യു (ആറ്റുപുരയിൽ തലച്ചിറ). മക്കൾ: എബിനി. ഏബ്രഹാം (യുഎസ്), എബി ഏബ്രഹാം (യുഎസ്), മരുമക്കൾ: ജോർജ് വർഗീസ്, ക്രിസ്റ്റി ജെയിംസ്.

## സി.എം. ജോർജ്

**അതിരമ്പുഴ:** അരി മൊത്ത വ്യാപാരി മണ്ണാർകുന്ന് ചിളുക്കാട്ട് സി.എം. ജോർജ് (89) അന്തരിച്ചു. ഭാര്യ കുറവിലങ്ങാട് ചിങ്ങംതോട്ടത്തിൽ പരേതയായ ഏലിക്കുട്ടി ജോർജ്. മക്കൾ: സിബി ജോർജ് (ചിളുക്കാട്ട് ട്രേഡേഴ്സ് അതിരമ്പുഴ), സജി ജോർജ് (യുഎസ്), സജു ജോർജ് (കാനഡ), ഷാജി ജോർജ് (മാതാ ട്രേഡേഴ്സ് ഏറ്റുമാനൂർ), ഷാന്റി ജോർജ് (അയർലൻഡ്), ഷിജി ജോർജ് (കാനഡ), പരേതനായ ഷിബു ജോർജ്. മരുമക്കൾ: റോസി മാത്യു പല്ലാട്ട് (ഇടമറ്റം), ജോർജ് ജോസഫ് തടത്തിൽ വയലാ (യുഎസ്), ലൈമ ജോസഫ് മുണ്ടമറ്റം അഞ്ചിരി (കാനഡ), സിൽവി തോമസ് വട്ടിഞ്ചയിൽ മരങ്ങാട്ടുപിള്ളി, ബിന്ദു ജോസഫ് കല്ലക്കാവുങ്കൽ ഉദയഗിരി (കാനഡ), കെ.എസ്. ചെറിയാൻ കുതിരവേലിൽ മരങ്ങോലി (അയർലൻഡ്),സോണി പോൾ വെട്ടിയാങ്കൽ കലൂർ (കാനഡ).

**വാകത്താനം:** മുണ്ടൻപടവത്തെ പൂവത്തുംമ്മൂട്ടിൽ പി.സി. ഏബ്രഹാമിന്റെ ഭാര്യ മോളി ഏബ്രഹാം (54) ഭിലായിയിൽ അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ആനക്കല്ല് കിഴക്കേത്തലയ്ക്കൽ (വയലുമുറിയിൽ) ഓമന ആന്റണി (75) അന്തരിച്ചു.

## കെ.ജെ. ഏബ്രഹാം

**പേരൂർ:** കോട്ടയം ടെക്സ്റ്റൈൽസ് റിട്ട. ഉദ്യോഗസ്ഥൻ പുളിക്കാട്ടുമഠത്തിൽ കെ.ജെ. ഏബ്രഹാം (കുഞ്ഞ്-82) അന്തരിച്ചു. ഭാര്യ വടവാതൂർ താനവേലിലായ ചിറയിൽ ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ജിനോ, ജിജോ (ഇരുവരും യുഎസ്), ജിബു (ചെന്നൈ). മരുമക്കൾ: സുമ, ബീന (ഇരുവരും യുഎസ്), ജോളി (ചെന്നൈ).

**കുന്നന്താനം:** റിട്ട. എഎസ്ഐ (കറുകച്ചാൽ പോലീസ് സ്റ്റേഷൻ) തെക്കേകോലായിൽ ടി.വി. തോമസ് (ജോയി-74) അന്തരിച്ചു.

**വേഴപ്ര:** പത്തിൽ പരേതനായ പി.ജെ. സേവ്യറിന്റെ ഭാര്യ മറിയാമ്മ സേവ്യർ (അമ്മിണി-81) അന്തരിച്ചു.

**മീനടം:** ചക്കാലക്കുഴിയിൽ സി.ജെ. ജോൺ (75)അന്തരിച്ചു.

## തങ്കമ്മ കുര്യൻ

**പുതുപ്പള്ളി:** വെട്ടത്ത് തങ്കമ്മ കുര്യൻ (81) അന്തരിച്ചു. കാരാപ്പുഴ പുത്തൻചിറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ബേബി. മക്കൾ: ആൻസി, ബാബു (യുഎസ്), എബി. മരുമക്കൾ: ജോയ് കാഞ്ഞിരക്കാട്ട് (തിരുവല്ല), സോമി (യുഎസ്).

**ഇടപ്പള്ളി:** മരോട്ടിച്ചോട് തോപ്പിൽ റോഡ് സുന്ദർ നഗറിൽ ചേലാപറമ്പത്ത് (തെക്കൻ) സി.കെ. പൗലോസിന്റെ (റിട്ട. ലൈബ്രേറിയൻ കൊച്ചിൻ യൂണിവേഴ്സിറ്റി) ഭാര്യ സ്റ്റേറ്റ് ബാങ്ക് മുൻ ഉദ്യോഗസ്ഥ ആഗ്നസ് പീറ്റർ (72) അന്തരിച്ചു.

**കോട്ടയം:** പാക്കിൽ വലിയപറമ്പിൽ റവ. ജോയ് തോമസ് (നാഷണൽ കോ-ഓർഡിനേറ്റർ നെയ്ബർ ഹോപ് ഇന്ത്യ) ഭാര്യ തിരുവനന്തപുരം മുട്ടട പറയാട്ടുമൂല കുടുംബാംഗം മേരിക്കുട്ടി തോമസ് (70) ന്യൂഡൽഹിയിൽ അന്തരിച്ചു.

## ആലീസ് പോത്തൻ

**ആഞ്ഞിലിത്താനം:** മധ്യപ്രദേശ് ഗവ. റവന്യൂ വിഭാഗം റിട്ട. ഉദ്യോഗസ്ഥ വാലുപറമ്പിൽ ആലീസ് പോത്തൻ (87) അന്തരിച്ചു. കോടുകുളഞ്ഞി പുമുട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് വി.എം. പോത്തൻ. മക്കൾ: മിനു (ജബൽപൂർ), ബിജു (യുഎസ്), പരേതനായ ജോൺസൺ. മരുമക്കൾ: മിനി (ജബൽപൂർ), ഷൈനി (യുഎസ്).

**തൊടുപുഴ:** ഒഡീഷയിലെ ഭുവനേശ്വർ രൂപതാംഗമായ ഫാ. ജോസഫ് പെരുമ്പിൽ (80) അന്തരിച്ചു.

**കോട്ടയം:** പാടത്തുമാപ്പിള കുടുംബാംഗം വാവോലിക്കൽ വീട്ടിൽ പരേതനായ ഡോ. തോമസ് ടി. വാവോലിക്കൽ (റിട്ട. ജോയിന്റ് ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്) ഭാര്യ കോട്ടയം മെഡിക്കൽ കോളജ് റിട്ട. ചീഫ് ലൈബ്രേറിയൻ രാജമ്മ മാത്യു (88) അന്തരിച്ചു.

**കോട്ടയം:** റിട്ട. തഹസിൽദാർ മുള്ളൻകുഴി വെച്ചൂക്കുന്നേൽ മേരി കുര്യൻ (93) അന്തരിച്ചു.

**വാകത്താനം:** മംഗലപ്പള്ളി കുടുംബത്തിലായ ഞാലിയാകുഴി കുമ്മൻകുളത്ത് പരേതനായ ഉതുപ്പിന്റെ ഭാര്യ മേരിക്കുട്ടി ഉതുപ്പ് (93) അന്തരിച്ചു.

**മുംബൈ:** കോൺഗ്രിഗേഷൻ ഓഫ് ജീസസ് സന്യാസ സഭാംഗം സിസ്റ്റർ തിയഡോറ (90) അന്തരിച്ചു.

**നിരണം:** റിട്ട. ഗവ. ജില്ലാ മെഡിക്കൽ ഓഫീസറും(ഹോമിയോപ്പതി) ബിഎഎംഎ ട്രസ്റ്റ് അസോസിയേഷൻ (തുരുത്തിക്കാട്ട്) മുൻ പ്രസിഡണ്ടുമായ മട്ടയ്ക്കൽ വെൺപറമ്പിൽ ഡോ. ഇസ്രയേൽ തോമസ് (77) അന്തരിച്ചു.

**മണർകാട്:** വെണ്ണാശേരി കുന്നുംപുറത്ത് കെ.എസ്. ചെറിയാന്റെ ഭാര്യ ലാലി ചെറിയാൻ (62) അന്തരിച്ചു.

## സി. കുരുവിള തോമസ്

**ചങ്ങനാശേരി:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ റിട്ട. മാനേജർ കിണറ്റുംമൂട്ടിൽ സി. കുരുവിള തോമസ് (മോഹൻ-74) അന്തരിച്ചു. ഭാര്യ പടതോട് മാളിയേക്കൽ ലൈല. മക്കൾ: ടോം കുരുവിള (ഓസ്ട്രേലിയ), ആൻ കോശി (യുഎസ്), ടാൻ കുരുവിള (ബെംഗ്ളൂരു). മരുമക്കൾ: മെയ്സ് ടോം കുരുവിള ചെമ്പകശേരിൽ മാവേലിക്കര (ഓസ്ട്രേലിയ), ടെനി ജോർജ് കോശി പുതുക്കേരിൽ ചെങ്ങന്നൂർ (യുഎസ്), വിനീത് തോമസ് പീടികയിൽ മാങ്ങാനം (ബെംഗ്ളൂരു).

## കുട്ടിയമ്മ തോമസ്

**പാലാ:** കിഴക്കേക്കര പരേതനായ കെ.സി. തോമസിന്റെ ഭാര്യ കുട്ടിയമ്മ (87) അന്തരിച്ചു. തീക്കോയി അങ്ങാടിക്കൽ കുടുംബാംഗമാണ്. മക്കൾ: ഷീല (തുരുത്തിക്കാട്ട്), പരേതയായ മോളി, ബീന, സിബി, ജെസ്സി, സൂസൻ. മരുമക്കൾ: ജോയി തോട്ടത്തിൽ (മൂവാറ്റുപുഴ), ഇമ്മാനുവൽ കൊറ്റനാട്ട് (മുത്തോലപുരം), അഡ്വ. ജോർജുകുട്ടി തുരുത്തിക്കാട്ട് (ഇടപ്പാടി), ജോമോൾ വേഴമ്പശേരി (ഇളംകുളം), ബാബു ചെറിയാൻ (കോതമംഗലം), മാർട്ടിൻ ഇലഞ്ഞിമറ്റം (യുഎസ്).

**ചെത്തിപ്പുഴകടവ്:** നെടുംപറമ്പിൽ (തൈക്കാട്ടുശേരി) എൻ.ജെ. സെബാസ്റ്റ്യൻ (ജോയിച്ചൻ-75) അന്തരിച്ചു.

**ചങ്ങനാശേരി:** സിഎംസി ഹോളി ക്വീൻസ് പ്രോവിൻസ് ചെത്തിപ്പുഴ കാർമൽ വില്ല മഠാംഗം സിസ്റ്റർ മഡോണ (തറമ്മ-95) അന്തരിച്ചു.

## ടി.സി. പരമേശ്വരൻ

**കുടയത്തൂർ:** റിട്ട. ഡിഇ കുടയത്തൂർ മോടംപ്ലാക്കൽ ടി.സി. പരമേശ്വരൻ (78) അന്തരിച്ചു. ഭാര്യ എൻ.കെ. ലീല (റിട്ട. നേഴ്സിങ് സൂപ്രണ്ട്). മക്കൾ: പി. അനു (അദ്ധ്യാപകൻ, ഇടവണ്ണ), ഡോ. മിനു. മരുമക്കൾ: രമ്യ അനു (കനറ ബാങ്ക്), കണ്ണൻ (യുഎസ്).

**തലയോലപ്പറമ്പ്:** വടകര കയ്യാലകാലായിൽ ടി.ജെ. ദാവീദിന്റെ ഭാര്യ റബേക്കാ ദാവീദ് (94) അന്തരിച്ചു.

**വടക്കഞ്ചേരി:** മധ്യപ്രദേശ് സത്ന രൂപത വൈദികൻ കണക്കൻതുരുത്തി ആനക്കുഴിപ്പാടം ഫാ. മാർട്ടിൻ (ബിനോയ്-54) അന്തരിച്ചു.

**ചോറ്റാനിക്കര:** പ്രശസ്ത വയലിനിസ്റ്റ് മുഞ്ഞനാട്ട് ദിലീപ് കുമാർ (60) അന്തരിച്ചു.

**കോട്ടയം:** നീലിമംഗലം ചിറ്റിനാക്കാലായിൽ (കണ്ണാമ്പടം) സി.പി. ഈപ്പന്റെയും ഏലിയാമ്മ ഈപ്പന്റെയും മകൻ സജീവ് സി. ഈപ്പൻ (42) ദുബായിൽ അന്തരിച്ചു.

**ഉഴവൂർ:** പൂവത്തിങ്കൽ ചാക്കോയുടെ ഭാര്യ ത്രേസ്യാമ്മ ചാക്കോ (67) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by:  Firm Believer, Dallas*

## ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by:  Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by:  Firm Believer, Houston*

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by:  Firm Believer, Houston*




# ശ്യാമിൻ ഗിരീഷ് സംവിധാനം ചെയ്ത 'മെഡിക്കൽ മിറക്കിൾ'

'സാമർഥ്യശാസ്ത്രം' എന്ന കരിക്ക് വെബ് സീരീസിലൂടെ ശ്രദ്ധേയനായ ശ്യാമിൻ ഗിരീഷ് സംവിധാനം ചെയ്ത ആദ്യ സിനിമ 'മെഡിക്കൽ മിറക്കിൾ' തിയറ്ററുകളിൽ. അമാനുഷിക കേൾവിശക്തിയുള്ള സൂപ്പർ നായകനായി സംഗീത് പ്രതാപും നായികയായി അഖില ഭാർഗവനും സസ്പെൻസ് വേഷത്തിൽ ഷറഫുദ്ദീനും സ്ക്രീനിലെത്തുന്നു. കരിക്ക് സീരീസുകളുടെ തിരക്കഥാകൃത്തായും ആവാസവ്യൂഹം, 2018, ഓഫീസർ ഓൺ ഡ്യൂട്ടി എന്നിവയിലെ അഭിനേത്രിയായും ശ്രദ്ധനേടിയ നിലീൻ സാന്ദ്രയുടെ രചന. കേൾവിയുടെ മാജിക് അനുഭവം പകരുന്ന സൂപ്പർ നാച്ചുറൽ ഡ്രാമ ത്രില്ലർ. ഡോ. പോൾ വർഗീസും സുജിത് ജെ. നായരുമാണ് നിർമാണം.

സിനിമയിലേക്ക് എത്താനായത് എങ്ങനെയെന്നാൽ കരിക്ക് സീരീസ് ശ്രദ്ധിക്കപ്പെട്ടതിനാൽ നിർമാതാക്കളുമായി കൂടിക്കാഴ്ചയ്ക്കും കഥപറച്ചിലിനുമൊക്കെ എളുപ്പത്തിൽ അവസരമുണ്ടായി. രണ്ടു വർഷത്തോളം ഒരു ബിഗ് ബജറ്റ് സിനിമയ്ക്കു പിന്നാലെ പോയെങ്കിലും അതു നടന്നില്ല. ആരെയും അസിസ്റ്റ് ചെയ്യാത്തതിനാൽ എന്നെ വിശ്വസിച്ച് ആരും അത്തരം പടം ഏൽപ്പിക്കില്ലെന്നും നായകനെ ആവേശം കൊള്ളിക്കുന്ന ചെറിയ ബജറ്റിലുള്ള കഥകളാണു വേണ്ടതെന്നും ഒരു കൂടിക്കാഴ്ചയിൽ നിർമാതാവ് അൻവർ റഷീദ് പറഞ്ഞു. ഇനി എന്തെന്ന ചിന്തയിലായ എന്നോട് വൈഫ് നിലീൻ സാന്ദ്ര പറഞ്ഞ ഒരു സൂപ്പർ ഹീറോ കഥയിൽനിന്നാണ് ഈ സിനിമയുടെ തുടക്കം. എല്ലാ ശബ്ദവും കേൾക്കുന്ന ഒരാളുടെ കഥ. മനോഹരമായ ഫ്രെയിംസ് എന്നാണു പൊതുവേ പറയാറുള്ളത്. ഇതിൽ ശബ്ദത്തിന്റെ സാധ്യതകളിലൂടെ കഥപറയാമെന്നു തോന്നി.

ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു സാധാരണ പയ്യൻ അപകടം പറ്റി കോമയിലാകുന്നു. എല്ലാം കേൾക്കാനാകുന്ന സവിശേഷകഴിവുമായി അയാൾ ജീവിതത്തിലേക്കു തിരിച്ചുവരുന്നു. മറ്റുള്ളവരുടെ ഗൂഢാലോചനകളല്ല, മറിച്ച് ഇയാൾ കാരണം നാട്ടുകാർക്കുണ്ടായ നഷ്ടങ്ങളെക്കുറിച്ച് അവർ മോശമായി പറയുന്നത് ഇയാൾക്കു കേൾക്കേണ്ടിവരുന്നു. ഇതാണ് കഥാപശ്ചാത്തലം. ഒരു സീരിയസ് വിഷയം സിനിമയിലുണ്ട്. മരണത്തിൽനിന്ന് തിരിച്ചുവന്ന പല ആളുകളെയും മെഡിക്കൽ മിറക്കിൾ എന്നൊക്കെ പറയാറുണ്ട്. ആകർഷകമായ ഒരു ടൈറ്റിൽ എന്ന രീതിയിലാണ് ആ പേര് എടുത്തത്.

കാസ്റ്റിംഗിൽ ശ്രദ്ധിച്ചത് എങ്ങനെയെന്നാൽ സംഗീതും ഷറഫുദ്ദീനും അഖിലയുമൊക്കെ നല്ല പൊട്ടൻഷ്യലുള്ള ആക്ടേഴ്സാണ്. ഇവരെ സ്ഥിരം കാണുന്ന ഒരു ഷേഡിലല്ലാതെ വേറൊരു രീതിയിൽ കണ്ടാൽ എങ്ങനെയുണ്ടാകുമെന്നു ചിന്തിച്ചു.

വലിയ നായകപരിവേഷമൊന്നുമില്ലാത്ത, നമ്മളിൽ ഒരാളെന്നു തോന്നിക്കുന്ന ഒരു സാധാരണക്കാരനാണ് പ്രധാന കഥാപാത്രം റൂബെൻ. വളരെ വെല്ലുവിളികളും സാഹസികതയുമുള്ള ചില കാര്യങ്ങൾ ചെയ്താൽ ആളുകൾക്ക് ഇഷ്ടപ്പെടുന്ന ഒരു നടനായിരിക്കണം ആ റോൾ ചെയ്യേണ്ടത്. ഹ്യൂമർ ചെയ്ത് ആളുകൾക്ക് ഇഷ്ടമുള്ള, സാധാരണക്കാരനായ, നെക്സ്റ്റ് ഡോർ ബോയ് ഇമേജ് ഉള്ള ഒരാളാണു സംഗീത്. ആ ഇമേജ് ഈ കഥാപാത്രത്തെ ചില രീതിയിൽ സഹായിക്കുന്നുണ്ട്.

നായികയായി നമുക്കറിയാവുന്ന ഒരു അതിസുന്ദരിയെയല്ല ഈ സിനിമയ്ക്ക് ആവശ്യം. കുറച്ച് ഹെവി ആയ സീൻസ് ചെയ്തു ഫലിപ്പിക്കാൻ പറ്റുന്ന, നമ്മളിൽ ഒരാളെന്നു നമുക്ക് തോന്നുന്ന ഒരു നടിയെയായാണു തേടിയത്. അങ്ങനെ അഖില ഭാർഗവനിലേക്ക് എത്തി. സംഗീത്-അഖില പെയറിങ് മാർക്കറ്റിംഗിനും ഗുണകരമെന്നു തോന്നി. ഇവരുടെ കഥാപാത്രങ്ങൾക്കിടയിൽ പ്രണയത്തിന്റെ ട്രാക്കുമുണ്ട്.

മറുവശത്ത് അത്രയും തന്നെ കരുത്താർന്ന, ജനപ്രീതിയുള്ള മറ്റൊരു കഥാപാത്രമുണ്ട്. പ്രായംകൊണ്ടും ഷറഫിനു ചേരുന്ന കഥാപാത്രം. ആദ്യം അർജുൻ അശോകനെയാണു പരിഗണിച്ചത്. പക്ഷേ, സംഗീതുമായി നിൽക്കുമ്പോൾ കുറച്ചുകൂടി പൊക്കമുള്ള, ശാരീരികമായി കരുത്തുള്ള, ഒരാളെയായിരുന്നു കഥയ്ക്ക് ആവശ്യം. സ്പോയിലർ ആകുമെന്നതിനാൽ കൂടുതൽ പറയുന്നില്ല. സംഗീതിനെ വേറിട്ടുനിർത്തുന്നത് എന്തെന്നാൽ ചെറുപ്പക്കാരനായ ഒരു നടനു കുറച്ച് അസാധ്യമെന്നു പറയാവുന്ന, ഏറെ ബുദ്ധിമുട്ടുള്ള, എല്ലാവർക്കും ചെയ്യാൻപറ്റാത്ത കുറെ കാര്യങ്ങളുണ്ട് ഈ സിനിമയിൽ. അത്രയും ഹെവിയായിട്ടുള്ള കഥാപാത്രമാണു സംഗീതിന്റേത്. ചെവി അനക്കാൻ പഠിക്കുക എന്നതുൾപ്പെടെ കുറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വിഎഫ്എക്സിൽ ചെയ്യണോ വേണ്ടയോ എന്നു നമ്മൾ ചിന്തിച്ച കുറെ കാര്യങ്ങൾ സംഗീത് പരിശ്രമിച്ചു ചെയ്തു. സിനിമ കണ്ടുകഴിയുമ്പോൾ സംഗീത് ഒരു പെർഫോമറാണെന്ന് ആളുകൾ പറയും.

രക്ഷകനായിട്ടല്ല സംഗീതിന്റെ കഥാപാത്രം വരുന്നത്. ഇയാൾ സാധാരണ മനുഷ്യനാണ്. സാധാരണ മനുഷ്യൻ പെർഫെക്ട് അല്ല. ഇയാൾ ചെയ്യുന്നത് പിന്നീടു സമൂഹത്തിനു ഗുണകരമാകുന്നുണ്ട്. മറ്റു സൂപ്പർ ഹീറോ സിനിമകളിൽനിന്ന് വേറിട്ടു നിർത്തുന്നത് ഇതാണ്.

സൂപ്പർ ഹ്യൂമർ സിനിമ ചലഞ്ച് പരിമിതമായ ബജറ്റിൽ ഇങ്ങനെ ഒരു സിനിമ ചെയ്തെടുക്കുക എന്നതുതന്നെ. ഇതു മിന്നൽ മുരളിയല്ല, പത്തോ ഇരുപതോ കോടിയുടെ പടമൊന്നുമല്ല. സംഗീത് എന്ന നടനെ വിശ്വസിച്ചു ചെയ്ത വളരെ ചെറിയ സിനിമയാണ്. ഒരു പുതുമുഖ സംവിധായകന് കിട്ടുന്ന ഏറ്റവും ചെറിയ ബജറ്റിൽനിന്നുകൊണ്ട് മാക്സിമം സ്കെയിൽ രൂപപ്പെടുത്താനായത് 'കരിക്കി'ന്റെ അനുഭവപരിചയത്തിലാണ്.

നിലീൻ സാന്ദ്രയുടെ തിരക്കഥ കേട്ടശേഷമാണ് ഇല്ലാത്ത ഡേറ്റ് ഉണ്ടാക്കി ഷറഫ് അഭിനയിക്കാനെത്തിയത്. ടൈപ്പ് കാസ്റ്റ് ആയിപ്പോകാതെ തന്നിലെ നടനെ മെച്ചപ്പെടുത്താനാകുന്ന, ചെയ്യാൻ ചലഞ്ചിങ് ആയ കുറച്ചു കാര്യങ്ങൾ സ്ക്രിപ്റ്റിലുള്ളതുകൊണ്ടാണ് സംഗീതും വന്നത്. സൂപ്പർ ഹീറോ അഥവാ ഇത്തരം എൻഹാൻസ്ഡ് എബിലിറ്റിയുള്ള ഒരാളുടെ സിനിമ ചെയ്യുമ്പോൾ ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ സാന്ദ്രയുടെ തിരക്കഥയിലൂടെയാണു തരണം ചെയ്തത്.

ടെക്നിക്കൽ സപ്പോർട്ടിനെക്കുറിച്ചു പറഞ്ഞാൽ 'സാമർഥ്യശാസ്ത്ര'ത്തിൽ കാമറാമാനായിരുന്ന അഖിൽ സേവ്യറാണ് ഛായാഗ്രഹണം. എഡിറ്റിംഗ് രാകേഷ് ചെറുമഠം. സംഗീതം മുജീബ് മജീദ്. മിന്നൽ മുരളി, ഫൂട്ടേജ് എന്നിവയിൽ പ്രവർത്തിച്ച നിക്സൺ ജോർജാണ് ഇതിന്റെ സൗണ്ട് ഡിസൈനർ. ഏതുതരം പ്രേക്ഷകർക്കുവേണ്ടിയാണ് ഈ സിനിമ എന്നു ചോദിച്ചാൽ 16 പ്ലസ് ആണ് റേറ്റിംഗ്. യൂത്തിനായിരിക്കും കുറച്ചുകൂടി കണക്റ്റാകുന്നത്. കുടുംബപ്രേക്ഷകർക്കും ഈ കഥ രസിക്കും. ഇതു തിയറ്ററിൽ തന്നെ കാണണം. കാരണം, ശബ്ദത്തിനാണ് ഈ സിനിമയിൽ പ്രാധാന്യം.









സെപ്റ്റംബർ 24–ന് തിലകന്റെ
14–ാം ചരമവാർഷികമായിരുന്നു

# ഓർമ്മയിൽ തിലകൻ



ടി.കെ. രാജീവ്കുമാറിന്റെ കണ്ണെഴുതി പൊട്ടും തൊട്ട് എന്ന സിനിമയിൽ നടേശൻ മുതലാളിയെ (തിലകൻ) ഭദ്ര (മഞ്ജുവാര്യർ) മുതുകിൽ എണ്ണ തേച്ചു തിരുമ്മുന്ന ഒരു രംഗമുണ്ട്. (ഭദ്രയുടെ പ്രതികാരദാഹത്തിന്റെ ഒരു ഭാഗമാണ്) ചൂടുള്ള എണ്ണ ശരീരത്തിൽ തിരുമ്മുന്നതിന്റെ ഗുണങ്ങളെക്കുറിച്ച് വൃദ്ധനായ നടേശൻ മുതലാളി യുവതിയായ ഭദ്രയോട് പറയുന്നത് കേൾക്കാം. '...എന്നാലേ പേശികൾ ചെറുപ്പമായി കിട്ടത്തുള്ളൂ. മനസ് പണ്ടേ ചെറുപ്പമാ...' വളരെ ശക്തിയായി മുതുകത്ത് തിരുമ്മുമ്പോൾ കിടക്കുന്ന ആളുടെ ശബ്ദം ഒരു പ്രത്യേക രീതിയിലാവും പുറത്തുവരിക. ചെറിയൊരു ഞരക്കം കലർന്നാവും വാക്കുകൾ എന്നർത്ഥം. നടേശൻ മുതലാളിയും അങ്ങനെയാണ് സംസാരിക്കുന്നത്.

'ചെറുപ്പമായോന്ന് നോക്കിക്കോട്ടെ' എന്ന് മൂർച്ചയുള്ള ശബ്ദത്തിൽ ഭദ്ര പറയുമ്പോൾ, അത് തിരിച്ചറിയാതെ ആദ്യം 'നോക്കിക്കോ'... എന്നും പിന്നെ 'നോക്കിക്കോടീ...' എന്നും നടേശൻ മുതലാളി. അതുകഴിഞ്ഞാണ് മുതുകത്ത് ഒഴിച്ചിരിക്കുന്ന കറുത്ത എണ്ണയിൽ, 'പ്രാണനാഥൻ എനിക്കു നല്കിയ പരമാനന്ദ രസത്തെ...' എന്ന ചലച്ചിത്രഗാനം ഭദ്ര എഴുതിത്തുടങ്ങുന്നത്. അപ്പോഴേക്കും ഒരു കൈയിൽ തലവച്ച് കിടക്കുന്ന നടേശൻ മുതലാളിയുടെ മുഖത്ത് ശൃംഗാരം കുമിഞ്ഞുകൂടുകയാണ്. ശബ്ദത്തിന്റെ ഞരക്കത്തിന്റെ താളവും മാറുന്നു. പ്രാണനാഥൻ എന്നതിലെ 'ന' ആവുമ്പോഴേക്കും പ്രാണനാഥൻ... എന്നിങ്ങനെ പാടി തുടങ്ങുകയാണ് മുതലാളി. അല്ലേടി... എന്ന് ഒരു വഷളൻ ചിരിയോടെ ചോദിക്കുന്നുമുണ്ട്. മുതുകത്ത് 'എനിക്കു' എന്ന് ഭദ്ര എഴുതുമ്പോൾ പ്രാണനാഥൻ എനിക്കു നല്കിയ... എന്നു കൈകൊണ്ട് താളമിട്ട് അയാൾ പാടുകയാണ്. 'അത് അല്ലേടീ...' എന്ന് ചോദിക്കുന്നുമുണ്ട്. കാമാസക്തി ഒരാളെ കീഴടക്കുമ്പോൾ ഉണ്ടാവുന്ന അലിവും പ്രണയവും ലഹരിയും ആഹ്ലാദവും നടേശൻ മുതലാളിയുടെ മുഖത്ത് തിരയടിക്കുകയാണ്. തല അല്പം ഉയർത്തി 'പരമാനന്ദ രസത്തേ' എന്നു പാടുമ്പോൾ വികാരാവേശത്താൽ നടേശൻ മുതലാളിയുടെ മുഖം വിവർണമാകുന്നു. മനുഷ്യപിശാചായ നടേശന്റെ അവിശ്വസനീയമായ ഒരു ഭാവമാറ്റം!

സ്വന്തം അമ്മയെയും അച്ഛനെയും ക്രൂരമായി കൊലപ്പെടുത്തിയ നടേശൻ മുതലാളിയോട് പ്രതികാരം ചെയ്യാനുള്ള തന്ത്രങ്ങൾ മെനയുന്ന ഭദ്ര പൊള്ളുന്ന എണ്ണ മുതുകത്ത് കോരി ഒഴിക്കുകയാണ്. ആസുരമായ ഒരു ശക്തിയിൽ, കണ്ണിൽ പ്രതികാരത്തിന്റെ ജ്വാലയോടെ നടേശന്റെ ശരീരം ഉഴിയുകയും ചെയ്യുന്നു. അസ്ഥികൾവരെ നുറുങ്ങുന്ന വേദനയിൽ നിലവിളിക്കുന്നുണ്ട് മുതലാളി. എന്നാൽ അടുത്ത നിമിഷത്തിൽ ചിരിച്ചുകൊണ്ട് തല വീണ്ടും കൈത്തണ്ടയിൽ വച്ച് ഒരു ചോദ്യമുണ്ട്. ഒരു പ്രത്യേക ശബ്ദത്തിൽ അല്ലെങ്കിൽ തിലകനു മാത്രം സാധ്യമായ ശൃംഗാരത്തിന്റെ ചിതറുന്ന ഒരു ശബ്ദത്തിൽ 'ഞാൻ ചെറുപ്പമായോടീ...'

കാമാവേശത്തിന്റെ ഈ കാണാതലങ്ങൾ ഇത്രയും സൂക്ഷ്മമായി, സുന്ദരമായി അവതരിപ്പിക്കാൻ മലയാള സിനിമയിൽ ഒരൊറ്റ നടനേയുള്ളൂ, തിലകൻ മാത്രം!

മനസിന്റെ ഒരു പാതിയിൽ ക്രൂരതയുടെ കൊടുംവിഷവും മറുപാതിയിൽ കാമത്തിന്റെയും ശൃംഗാരത്തിന്റെയും മധുരക്കുഴമ്പുമായി ജീവിക്കുന്ന നടേശൻ മുതലാളിയെ അഭിനയിച്ച് ഫലിപ്പിക്കുക എന്നത് ഏറെ പ്രയാസമുള്ള കാര്യം തന്നെയായിരുന്നു. ഈ വെല്ലുവിളിയാണ് അനായാസം തിലകൻ ഏറ്റെടുത്ത് വിജയിപ്പിച്ചത്.

തിരുമ്മൽ രംഗത്തിനു മുമ്പ് വൈദ്യനോട് (പൂജപ്പുര രവി) 'ആ നോട്ടവും മൂളിപ്പാട്ടും... പ്രായമതല്ലേ, ചൂഴ്ന്നിറങ്ങിപ്പോയി മനസിന്റെ ഉള്ളിലേക്ക്' എന്നു ഭദ്രയെക്കുറിച്ച് പറയുമ്പോൾ തിലകന്റെ ശബ്ദവും ഭാവവും മതി ആ അഭിനയമികവ് അളക്കാൻ!

നടേശൻ മുതലാളിയിൽനിന്ന് എത്രദൂരം നടന്നാലാണ് ഭദ്രന്റെ 'സ്ഫടിക'ത്തിലെ ചാക്കോമാഷിൽ നമ്മൾ എത്തിച്ചേരുക. കണിശക്കാരനായ ചിട്ടയും നിഷ്ഠയുമുള്ള ചാക്കോ മാഷിലേക്ക്!

'കച്ചത്തോർത്ത് അലക്കിപ്പിഴിയും പോലെയല്ലേ മകനെ തല്ലിപിഴിഞ്ഞത്' എന്ന് ഭാര്യ മേരി (കെ.പി.എ.സി. ലളിത) കണ്ണീരോടെ പറയുന്നനേരം 'തല്ലിപ്പിഴിഞ്ഞത് പഠിച്ച് മിടുക്കനായി രാജ്യം അറിയുന്നൊരു മാത്തമാറ്റിഷ്യനാവാൻ വേണ്ടിയാണ്' എന്ന് സർ സി.പി. എന്ന് സ്വയം അഭിമാനിക്കുന്ന ചാക്കോ മാഷിന്റെ ഉറച്ച ശബ്ദം. താൻ തല്ലിപ്പഴുപ്പിച്ച് മിടുക്കനാക്കാൻ നോക്കിയ മകൻ തോമസ് ചാക്കോ, ആടു തോമയായി (മോഹൻലാൽ) മാറി മുന്നിൽ നില്ക്കുമ്പോഴും ചാക്കോമാഷ് കുലുങ്ങുന്നില്ല. 'വെറും ഒന്നര ചക്രത്തിന്റെ ഗുണ്ട ആടു തോമ. അതല്ലാതെ എന്താടാ നിന്റെ ഡിഗ്രി' എന്ന് ആക്രോശിക്കുന്ന ചാക്കോമാഷ്. മോഹൻലാലിന്റെതന്നെ അച്ഛനായി, കിരീടത്തിലെ കോൺസ്റ്റബിൾ അച്യുതൻനായരായി എത്തുമ്പോൾ രണ്ട് ധ്രുവങ്ങളിൽ എന്നപോലെ വ്യത്യസ്തനാകുന്നു! മോഹൻലാലിന്റെ സേതുമാധവൻ കീരിക്കാടൻ ജോസിനെ കുത്തിവീഴ്ത്തുന്ന രംഗത്തെ തിലകന്റെ അഭിനയം പ്രേക്ഷകലക്ഷങ്ങളെയാണ് കരയിച്ചത്. തിലകന്റെ ഏറ്റവും ശക്തിയേറിയ അഭിനയമായി, സംഭാഷണമായി പലരും എടുത്തുകാട്ടുന്ന 'മോനേ, കത്തി താഴെയിടടാ... നിന്റെ അച്ഛനാടാ പറയുന്നത്...' എന്നത് മലയാളി സിനിമയിലെതന്നെ ഏറ്റവും വൈകാരിക രംഗമായി കണക്കാക്കാം. കൊലയാളിയായി മാറിയ മകനോട് കോൺസ്റ്റബിളായ അച്ഛൻ പറയുന്ന ഈ വാക്കുകൾക്ക് നമ്മൾ അറിയാത്ത ആഴമുണ്ട്.

'കാട്ടുകുതിര'യെ കൊച്ചുവാവയെപ്പോലെ തന്നെയായിരുന്നു യഥാർത്ഥ ജീവിതത്തിലും സുരേന്ദ്രനാഥ തിലകൻ. എന്നാൽ ധർമസങ്കടങ്ങളുടെ, സ്നേഹാർദ്രതയുടെ ഒരു ഉറവ ആ നെഞ്ചിൽ എവിടെയോ തുടിച്ചുനിന്നിരുന്നു. പല കഥാപാത്രങ്ങളിലേക്കും ഈ ഒരു ആർദ്രത തിലകൻ പകർന്നു നല്കി.

അസൂയകൊണ്ട് മകനെ ഉളിയെറിഞ്ഞ് വീഴ്ത്തിയ തച്ചനെയല്ല അജയൻ സംവിധാനം ചെയ്ത പെരുന്തച്ചനിൽ കണ്ടത്. നിസഹായതകൊണ്ട്, അന്നം നല്കിയ തമ്പുരാനോടുള്ള കൂറുംകൊണ്ട് മകനെ കൊലചെയ്യുന്ന രാമൻ പെരുന്തച്ചന്റെ വേദന.

വീണ്ടും ചില വീട്ടുകാര്യങ്ങളിലെ അച്ഛൻ കൊച്ചുതൊമ്മനിൽ, മൂന്നാംപക്കത്തിലെ മുത്തച്ഛനിൽ, മക്കൾക്കു അതിരുവിട്ട സ്വാതന്ത്ര്യം നല്കുന്ന സന്ദേശത്തിലെ രാഘവൻനായരിൽ, എന്തിനേറെ തിലകന്റെ അവസാന കാലങ്ങളിലെ ശക്തമായ കഥാപാത്രങ്ങളിൽ ഒന്നായ ഇന്ത്യൻ റുപ്പിയിലെ അച്ചുതമേനോനിൽവരെ സ്നേഹത്തിന്റെ ഈ കടലാഴം കാണാം.

വൈവിധ്യമായ വേഷങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവും അപാരം. 'നമുക്കു പാർക്കാൻ മുന്തിരി തോപ്പുകളിലെ' രണ്ടാനച്ഛൻ ആന്റണി പൈലോക്കാരനായി വന്ന് മകളെ (ശാരി) പീഡിപ്പിച്ചപ്പോൾ പ്രേക്ഷകർ ശപിച്ചു തിലകനെ. 'നാടോടിക്കാറ്റിലെ' അനന്തൻനമ്പ്യാരുടെ 'ഓ മൈ ഗോഡ്!' ഇന്നും മലയാളികളെ ചിരിപ്പിക്കുകയും ചെയ്യുന്നു. 'യവനിക'യിലെ വക്കച്ചൻ, 'ചാണക്യനി'ലെ മുഖ്യമന്ത്രി മാധവമേനോൻ, 'മയിൽപ്പീലിക്കാവിലെ' വല്യത്താൻ, 'മണിച്ചിത്രത്താഴിലെ' ബ്രഹ്മദത്തൻ നമ്പൂതിരി, 'ജാതക'ത്തിലെ അപ്പുക്കുട്ടൻ നായർ, 'കൗരവരിലെ' അലിയാർ, 'ഉസ്താദ് ഹോട്ടലിലെ' കരിംഇക്ക... അങ്ങനെ നീളുന്നു തിലകന്റെ കഥാപാത്ര സന്നിവേശങ്ങൾ!



# മഴക്കുറവ്: ഇന്ത്യ വരൾച്ചയിലേക്ക്

തിരുവനന്തപുരം: ഇന്ത്യ കൊടും വരൾച്ചയിലേക്കു നീങ്ങുന്നതായി മുന്നറിയിപ്പ്. 2015-16 കാലത്തെക്കാൾ രൂമായ വരൾച്ചയ്ക്കാണ് 2026-27 സാക്ഷ്യംവഹിക്കുക. മൺസൂൺ പിൻവാങ്ങിത്തുടങ്ങിയതോടെ ഇതുവരെ 15 ശതമാനത്തിലേറെ മഴക്കുറവുണ്ടായി.

വരൾച്ച കേരളത്തെയും സാരമായി ബാധിക്കും. ഐ.ഐ.ടി ഗാന്ധിനഗറിന്റെ സെപ്റ്റംബർ 16-ലെ ഇന്ത്യ ഡ്രോട്ട് മോണിറ്റർ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 52.5 ശതമാനം പ്രദേശത്തും വരൾച്ചാ സാഹചര്യമാണുള്ളത്. ഒരു മാസം മുമ്പ് ഇത് 38.9 ശതമാനമായിരുന്നു. ഒറ്റ മാസത്തിനിടെ 13.6 ശതമാനത്തിന്റെ വർധന. ഇത് അസാധാരണമാണെന്ന് ഐ.ഐ.ടി. ബോംബെയിലെ കാലാവസ്ഥാ പഠനകേന്ദ്രം ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. ഉഷ്ണമേഖലാ പസഫിക് സമുദ്രത്തിൽ എൽ നിനോ ശക്തിപ്രാപിച്ചപ്പോൾ ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ഇതിനകംതന്നെ അസാധാരണ വരൾച്ചയാണ് അനുഭവപ്പെട്ടത്. എൽനിനോ പ്രതിഭാസം പൂർണമായി രൂപപ്പെട്ടുകഴിഞ്ഞു. 2027 ഫെബ്രുവരിവരെ ഇത് തുടരുമെന്നും ലോക കാലാവസ്ഥാ സംഘടനയുടെ മുന്നറിയിപ്പിൽ പറയുന്നു. ഇത് മഴയിലും താപനിലയിലും വലിയ വ്യത്യാസങ്ങൾക്ക് കാരണമായേക്കാമെന്നും റിപ്പോർട്ടുകൾ പറയുന്നു. ജൂൺ ഒന്നുമുതൽ സെപ്റ്റംബർ 22 വരെ ഇന്ത്യയിൽ സാധാരണ ലഭിക്കേണ്ടത് 832.4 മില്ലിമീറ്റർ മഴയാണ്. കിട്ടിയത് 706.9 മില്ലിമീറ്റർ മഴയും. 15 ശതമാനത്തോളം കുറവ്. ഇന്ത്യയിലെ 42 ശതമാനം പ്രദേശത്ത് സാധാരണ മഴ ലഭിച്ചപ്പോൾ 41 ശതമാനം പ്രദേശങ്ങളിലും സീസണിലെ മഴയിൽ കുറവ് രേഖപ്പെടുത്തി. വരണ്ട ഇടവേളകൾ കൂടിയത് കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കി. പടിഞ്ഞാറൻ ഇന്ത്യയിൽ 79 ശതമാനവും തെക്കൻ ഇന്ത്യയിൽ 67 ശതമാനവും വരൾച്ചാ സാഹചര്യത്തിലാണെന്നും റിപ്പോർട്ടിലുണ്ട്. തീരദേശ ആന്ധ്രയിൽ 37 ശതമാനം, റായലസീമയിൽ 43 ശതമാനം, കേരളത്തിൽ 28 ശതമാനം, മറാത്ത്‌വാഡയിൽ 36 ശതമാനം എന്നിങ്ങനെയാണ് മഴയിൽ രേഖപ്പെടുത്തിയ കുറവ്.

മൺസൂൺ കാലത്തെ തുടർച്ചയായ മഴയ്ക്ക് പകരം ഇടവിട്ട് പെയ്യുന്ന മഴയും മഴകൾക്കിടയിലെ ദീർഘമായ വരണ്ട ഇടവേളകളുമായിരുന്നു ഇത്തവണത്തെ മൺസൂണിന്റെ പ്രത്യേകത. ആന്ധ്രപ്രദേശ്, പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, വടക്കൻ കർണാടക, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ ആഴ്ചകളോളം വരണ്ട കാലാവസ്ഥ നിലനിന്നു. ഇന്ത്യയിലെ 55-60 ശതമാനം വരെ കൃഷിയിടങ്ങൾ ജലത്തിനായി മഴയെ ആശ്രയിക്കുന്നതിനാൽ വിളകളുടെ ഉൽപ്പാദനത്തെയും വരാനിരിക്കുന്ന കാർഷിക സീസണിനെയും ഈ വരൾച്ച വലിയ തോതിൽ ബാധിച്ചേക്കാമെന്നും അതേസമയം, ഉഷ്ണമേഖലാ പസഫിക്കിൽ എൽ നിനോ ശക്തിപ്പെടുന്നത് വരും മാസങ്ങളിലും മഴയിലും താപനിലയിലും അസാധാരണമായ വ്യത്യാസങ്ങൾ സൃഷ്ടിക്കുമെന്നും റിപ്പോർട്ടുകൾ പറയുന്നു.

നിലവിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ പിൻവാങ്ങാൻ ആരംഭിച്ചതോടെ കേരളത്തിലും വൻമഴക്കുറവ് ആണ് ഉണ്ടായിരിക്കുന്നത്.

## അലൈഡ് പ്രഫഷണലുകൾ ഇനി പേര് രജിസ്റ്റർ ചെയ്യണം

ന്യൂഡൽഹി: ഫിസിയോതെറപ്പിസ്റ്റുകൾ, ഡയറ്റീഷ്യൻമാർ, ലാബ് ടെക്നോളജിസ്റ്റുകൾ തുടങ്ങിയ അലൈഡ് പ്രഫഷണലുകൾ ഇനി മുതൽ ബന്ധപ്പെട്ട സംസ്ഥാന-കേന്ദ്ര രജിസ്റ്ററുകളിൽ പേരുചേർത്ത് തിരിച്ചറിയൽ നമ്പർ നേടണം. ഇതു സംബന്ധിച്ച വ്യവസ്ഥകൾ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത്കെയർ പ്രഫഷൻസ് (എൻസിഎഎച്ച്പി) വിജ്ഞാപനം ചെയ്തു. താമസിക്കുന്ന സംസ്ഥാനങ്ങളിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. സംസ്ഥാനത്തു കൗൺസിലില്ലെങ്കിൽ കേന്ദ്ര രജിസ്റ്ററിൽ പേരുചേർക്കാം.

പുതിയ മാനദണ്ഡങ്ങൾ പ്രാബല്യത്തിൽ വരുംമുൻപ് സേവനം ആരംഭിച്ചവർ പ്രൊവിഷണൽ രജിസ്ട്രേഷൻ നടത്തണം. അഞ്ച് വർഷത്തിലൊരിക്കൽ 15 മണിക്കൂർ ദൈർഘ്യമുള്ള പ്രഫഷണൽ ഡവലപ്മെന്റ് എജ്യുക്കേഷൻ പ്രോഗ്രാമിൽ പങ്കെടുത്താലേ രജിസ്ട്രേഷൻ പുതുക്കിനൽകൂ.

# കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് പുതിയ നേതൃത്വം

തിരുവനന്തപുരം: കേരളത്തിലെ പ്രമുഖ സാംസ്കാരിക സ്ഥാപനങ്ങൾക്ക് പുതിയ നേതൃത്വം. സാഹിത്യം, സിനിമ, നാടകം, സംഗീതം, ചിത്രകല, നടോടിക്കലകൾ തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരാണ് വിവിധ അക്കാദമികളുടെയും സാസ്കാരിക സ്ഥാപനങ്ങളുടെയും നേതൃത്വത്തിലേക്ക് എത്തുന്നത്.

കേരള സാഹിത്യ അക്കാദമിയുടെ ചെയർമാനായി കവിയും എഴുത്തുകാരനും പ്രഭാഷകനുമായ കൽപറ്റ നാരായണനെ സർക്കാർ നിയോഗിച്ചു. എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ എം.പി. സുരേന്ദ്രനാണ് അക്കാദമിയുടെ പുതിയ സെക്രട്ടറി.

കേരള സംഗീത നാടക അക്കാദമിയുടെ ചെയർമാനായി ഗായകനും സംഗീത സംവിധായകനുമായ ജി. വേണുഗോപാൽ ചുമതലയേൽക്കും. നാടകസാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഹേമന്ത്കുമാറാണ് വൈസ് ചെയർമാൻ. സാംസ്കാരിക സംഘടനാ രംഗത്ത് സജീവമായ എൻ.വി. പ്രദീപ് കുമാറാണ് അക്കാദമിയുടെ പുതിയ സെക്രട്ടറി.

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ ചെയർമാനായി നടൻ പ്രേംകുമാറിനെയും വൈസ് ചെയർമാനായി ആലപ്പി അഷ്റഫിനെയും നിയമിച്ചു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി ചലച്ചിത്ര നിർമാതാവും സംഘാടകനുമായ എം. രഞ്ജിത്തിനെ നിയമിച്ചു. കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ബോർഡ് നേതൃത്വം നൽകും.

കേരള ലളിതകലാ അക്കാദമിയുടെ ചെയർമാനായി രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ ആനിമേറ്ററും പ്രൊഡക്ഷൻ ഡിസൈനറുമായ പ്രഫ. പ്രകാശ് മൂർത്തി ചുമതലയേൽക്കും. ചിത്രകലാരംഗത്ത് ശ്രദ്ധേയനായ ടി.ആർ. ഉദയകുമാർ വൈസ് ചെയർമാനാകും. വൈക്കം എം.കെ. ഷിബുവാണ് അക്കാദമിയുടെ സെക്രട്ടറി.

കേരള ഫോക്‌ലോർ അക്കാദമിയുടെ ചെയർമാനായി നാടോടി കലാ സാംസ്കാരിക രംഗത്തെ പ്രമുഖനും ഗാന്ധിദർശൻ വേദിയുടെ സംസ്ഥാന വൈസ് ചെയർമാനുമായ സുരേഷ് ബാബു എളയാവൂർ സ്ഥാനമേൽക്കും. ഗോത്രവിഭാഗങ്ങളുടെ അവകാശപ്രവർത്തകനും സാംസ്കാരിക പ്രവർത്തകനുമായ ശ്രീരാമൻ കൊയ്യോനാണ് വൈസ് ചെയർമാൻ. അക്കാദമിയുടെ മുൻ സെക്രട്ടറിയായിരുന്ന പ്രദീപ് കുമാർ എം. പയ്യന്നൂർ പുതിയ മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കും.

## ഫോട്ടോഗ്രഫിക്കും ലൈവ് സ്ട്രീമിങ്ങിനും ഹൈക്കോടതിയിൽ വിലക്ക്

കൊച്ചി: കേരള ഹൈക്കോടതി വളപ്പിൽ ഫോട്ടോയെടുക്കൽ, വീഡിയോ റെക്കോഡിങ്, ലൈവ് സ്ട്രീമിങ് എന്നിവയ്ക്കു പൂർണ നിരോധനം. അഭിഭാഷകർ, കക്ഷികൾ, ഇന്റേൺസ്, രജിസ്ട്രി ഉദ്യോഗസ്ഥർ, സർക്കാർ ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, കരാറുകാർ, സന്ദർശകർ തുടങ്ങി ഹൈക്കോടതി വളപ്പിൽ പ്രവേശിക്കുന്നവർക്കെല്ലാം നിയന്ത്രണം ബാധകമാണെന്ന് രജിസ്ട്രാർ ജനറലിന്റെ ഉത്തരവിലുണ്ട്. കോടതി ഹാളുകൾക്കകത്തും ജഡ്ജിമാരുടെ ചേമ്പറിലും രജിസ്ട്രി ഓഫീസുകൾ, സെക്ഷനുകൾ, റെക്കോഡ് റൂമുകൾ, സെക്യൂരിറ്റി കൺട്രോൾ റൂമുകൾ, സെർവർ റൂമുകൾ എന്നിവിടങ്ങളിലും ഔദ്യോഗിക ആവശ്യത്തിനല്ലാതെ ഫോട്ടോ, വീഡിയോ പാടില്ല. ഔദ്യോഗിക ആവശ്യത്തിനുള്ള ഫോട്ടോയും വീഡിയോയും രജിസ്ട്രി അധികാരപ്പെടുത്തുന്ന വ്യക്തികൾക്കോ ഏജൻസികൾക്കോ മാത്രമേ എടുക്കാൻ അനുവാദമുണ്ടാകൂ. രജിസ്ട്രാർ ജനറലിന്റെ അനുമതിയില്ലാതെ അവ പുറത്തുവിടാനും പാടില്ല. കോടതി വളപ്പിൽ നിന്നെടുത്ത ഫോട്ടോയോ വീഡിയോയോ ലൈവ് സ്ട്രീമോ രജിസ്ട്രാർ ജനറലിന്റെ അനുമതിയില്ലാതെ സാമൂഹിക മാധ്യമങ്ങളിലോ ഡിജിറ്റൽ, ഇലക്ട്രോണിക് മീഡിയയിലോ അപ്‌ലോഡ് ചെയ്യാനോ പ്രസിദ്ധീകരിക്കാനോ പ്രചരിപ്പിക്കാനോ പാടില്ല. രജിസ്ട്രാർ ജനറലിന്റെ പ്രത്യേക അനുമതിയോടെ മാത്രമേ ഔദ്യോഗിക ചടങ്ങുകൾക്കടക്കം പരിപാടികൾ മാധ്യമങ്ങൾക്ക് കവർ ചെയ്യാനാവൂ. കോടതി നടപടികൾ ഫോട്ടോയെടുക്കാനും വീഡിയോ റെക്കോഡ് ചെയ്യാനും ലൈവ് ചെയ്യാനും ചീഫ് ജസ്റ്റിസിന്റെ അനുമതി വേണം. ഓഡിറ്റോറിയം, ബാങ്ക്വറ്റ് ഹാൾ, ആട്രിയം തുടങ്ങി സ്ഥലങ്ങളിൽ പരിപാടികൾ നടത്തുമ്പോഴാണ് അനുമതിയോടെ ഫോട്ടോയെടുക്കാനും മറ്റും സാധ്യമാവുക. അനധികൃത ഫോട്ടോയെടുപ്പ് തടയാൻ രജിസ്ട്രി ഉദ്യോഗസ്ഥർക്കും സെക്യൂരിറ്റി വിഭാഗത്തിനും അധികാരമുണ്ടായിരിക്കുമെന്നും ഉത്തരവിലുണ്ട്.

## ലോങ്ജംപിൽ വെള്ളി

(ഒന്നാം പേജിൽ നിന്നും)

2.25 മീറ്ററാണ് ചാടിയത്. ഈ രണ്ട് വിഭാഗങ്ങളിലും ഇന്ത്യ സ്വർണം പ്രതീക്ഷിച്ചിരുന്നു. ഇതോടെ, അത്‌ലറ്റിക്സിൽ ഇത്തവണത്തെ ആദ്യസ്വർണത്തിനായുള്ള കാത്തിരിപ്പ് തുടരുകയാണ്. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ പാരുൾ ചൗധരി (ഒൻപത് മിനിറ്റ് 8.67 സെക്കൻഡ്), ഡെക്കാത്‌ലണിൽ തേജസ്വിൻ ശങ്കർ (7934 പോയിന്റ്), വനിതകളുടെ 200 മീറ്ററിൽ ഹരിത ഭദ്ര (23.20 സെക്കൻഡ്) എന്നിവർ വെങ്കലം നേടി സ്ക്വാഷിൽ പുരുഷവിഭാഗത്തിൽ ഇന്ത്യയുടെ അഭയ് സിങ്ങും വനിതാവിഭാഗത്തിൽ അനാഹത് സിങ്ങും വെള്ളി നേടി.

## നിയമസഭാ കയ്യാങ്കളി കേസ്

(ഒന്നാം പേജിൽ നിന്നും)

കേസ് പിൻവലിക്കാൻ എൽഡിഎഫ് ഭരണത്തിലിരുന്നപ്പോൾ തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയെയും ഹൈക്കോടതിയെയും സമീപിച്ചെങ്കിലും ഹർജികൾ അനുവദിച്ചില്ല.

തുടർന്ന് 2021 ജൂലൈയിൽ സുപ്രീംകോടതിയും കേസ് പിൻവലിക്കാനുള്ള സർക്കാരിന്റെ അപ്പീൽ തള്ളിയിരുന്നു. കേസുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിന്റെ തുടരന്വേഷണം പൂർത്തിയാക്കി 81 ദിവസത്തിനകം റിപ്പോർട്ട് നല്കിയെങ്കിലും പുതിയ വിവരങ്ങളില്ലാത്തതിനാൽ മുൻപ് സമർപ്പിച്ച കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാകും വിചാരണ നടപടികൾ തുടരുക.

## കോടതിയെ സമീപിക്കാൻ ഒരുക്കം

(ഒന്നാം പേജിൽ നിന്നും)

പൂരിപ്പിച്ചു നൽകുന്നത്? ഭരണഘടന പ്രകാരം ഞാൻ യോഗ്യനാണെങ്കിൽ, വോട്ടറായി പേരുചേർക്കാൻ എന്റെമേൽ മറ്റു നിബന്ധനകളൊന്നും വെക്കാനാകില്ല." മുൻ തെരഞ്ഞെടുപ്പ് കമ്മീഷണർ അശോക് ലവാസ പറഞ്ഞു.

വോട്ടവകാശത്തെ അട്ടിമറിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ ബിജെപി നേതൃത്വവുമായി ചേർന്നു നടത്തിയ ഇടപെടലുകളെക്കുറിച്ചു കൂടുതൽ വെളിപ്പെടുത്തലുകൾ ഉടനുണ്ടാകുമെന്ന മുന്നറിയിപ്പുമായി രാഹുൽ ഗാന്ധി. ഇന്ത്യയ്ക്കെതിരായ വലിയ കുറ്റമാണ് നടക്കുന്നതെന്നും അവയെക്കുറിച്ചു വ്യക്തമായ വിവരമുണ്ടെന്നും രാഹുൽ അവകാശപ്പെട്ടു.

'പൗരന്റെ വോട്ടവകാശം ഇല്ലാതാക്കുകയും ജനാധിപത്യ സ്ഥാപനങ്ങളെ നശിപ്പിക്കുകയും ചെയ്തതിലൂടെ രാജ്യദ്രോഹമാണ് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ചെയ്തത്. ഇന്ത്യയോടു ചെയ്തതിനു മോദിയും അമിത് ഷായും ഉറപ്പായും അന്വേഷണം നേരിടേണ്ടിവരും. ഈ ഒന്നാം നമ്പർ രാജ്യദ്രോഹികൾ ശിക്ഷിക്കപ്പെടും. തെളിയിക്കാൻ പോന്ന രേഖകൾ ഞങ്ങളുടെ പക്കലുണ്ട്. അതു വെളിപ്പെടുത്താൻ പോവുകയാണ്' - രാഹുൽ പറഞ്ഞു.

ഭരണവിരുദ്ധവികാരത്തെ നരേന്ദ്ര മോദിയും അമിത് ഷായും കൂട്ടരും വോട്ടുവെട്ടി അട്ടിമറിച്ചെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാർ ഇതിനു കൂട്ടുനിന്നുവെന്നും തെരഞ്ഞെടുപ്പു കമ്മീഷനെതിരെ പത്രസമ്മേളനത്തിൽ 'കുറ്റപത്രം' അവതരിപ്പിച്ചു രാഹുൽ പറഞ്ഞു.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പദവിയിൽനിന്ന് നീക്കണമെന്നും നിയമനടപടികൾ സ്വീകരിക്കണമെന്നും മുസ്‌ലിം ലീഗ് ദേശീയ നേതൃയോഗം ആവശ്യപ്പെട്ടു. ന്യൂനപക്ഷ വിഭാഗങ്ങളിലെ വോട്ടർമാരെ പ്രത്യേകിച്ച് ബാധിക്കുന്ന തരത്തിലാണ് ഇത്തരം നടപടികൾ ഉണ്ടാകുന്നതെന്ന് മുസ്‌ലിം ലീഗ് ആരോപിച്ചു.

ഇന്ത്യാമുന്നണിയിലെ ഘടകകക്ഷികളുമായി ആലോചിച്ച് വിഷയത്തിൽ നിയമപരവും രാഷ്ട്രീയവുമായ ശക്തമായ ഇടപെടലുകൾ നടത്തുമെന്ന് മുസ്‌ലിം ലീഗ് ദേശീയ രാഷ്ട്രീയകാര്യ സമിതി ചെയർമാൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ. പ്രസിഡന്റ് കെ.എം. ഖാദർ മൊയ്തീൻ, ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർ അറിയിച്ചു.

## ഇഡി കത്തിൽ എഫ്ഐആർ

(3-ാം പേജിൽനിന്നും)

പിണറായിക്കും റിയാസിനുമെതിരെ കേസെടുക്കണമെന്ന് ഇഡി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. മാസപ്പടി ആരോപണത്തിൽ വിജിലൻസും ഹവാല ഇടപാടിൽ ക്രൈം ബ്രാഞ്ചും പ്രാഥമകാന്വേഷണം നടത്താമെന്നായിരുന്നു അഡ്വക്കറ്റ് ജനറൽ ജാജു ബാബുവിന്റെ നിയമോപദേശം.

ഇഡിയുടെ കത്തിൽ അഴിമതിനിരോധന നിയമം, ബിഎൻഎസ്എസ്, അടക്കം ചുമത്തി കേസെടുക്കാവുന്ന കുറ്റകൃത്യങ്ങളുണ്ട്. വിജിലൻസിന് വിട്ടാൽ മറ്റു കുറ്റകൃത്യങ്ങൾ അന്വേഷിക്കാനാകില്ലെന്നും എല്ലാ ആരോപണങ്ങളും അന്വേഷിക്കണമെന്നും ആഭ്യന്തരമന്ത്രി നിലപാടെടുത്തു. ക്രൈംബ്രാഞ്ച് അന്വേഷണത്തിനുശേഷം ക്രിമിനൽ, അഴിമതിക്കേസുകൾ രജിസ്റ്റർ ചെയ്യാനുമാകും. ഇതോടെയാണ് അന്വേഷണത്തിന് പോലീസ് മേധാവിയെ ചുമതലപ്പെടുത്താൻ തീരുമാനമായത്.

സിഎംആർഎല്ലുമായി 2017 മാർച്ച് നാലിനും 2019 മേയ് 18-നുമിടയിൽ വീണ നടത്തിയ 3.28 കോടിയുടെ പണമിടപാടുകളിൽ പിണറായിയെ ബന്ധിപ്പിക്കാനുള്ള തെളിവുകൾ ഇഡിയുടെ കത്തിൽ ഡിജിപി അറിയിച്ചത്. അന്വേഷണ ശേഷം തെളിവ് ലഭിച്ചാൽ തുടരന്വേഷണം നടത്താം.

# സെന്റ് പോൾസ് മെൻസ് ഫെലോഷിപ്പിന്റെയും സെന്റ് മേരീസ് വിമൻസ് ലീഗിന്റെയും സംയുക്ത റീജിണൽ മീറ്റിംഗ് ചിക്കാഗോയിൽ നടന്നു

വർഗീസ് പാലമലയിൽ

ചിക്കാഗോ: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ കീഴിലുള്ള ഭക്തസംഘടനകളായ സെന്റ് പോൾസ് മെൻസ് ഫെലോഷിപ്പിന്റെയും സെന്റ് മേരീസ് വിമൻസ് ലീഗിന്റെയും ഒരു സംയുക്ത റീജിനൽ മീറ്റിംഗ് സെപ്റ്റംബർ 26-ന് ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ഓക്ക് പാർക്കിലുള്ള സെ. ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വെച്ച് നടന്നു.





രാവിലെ പത്തിന് പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രാർത്ഥനയ്ക്ക് നോർത്ത് ലെയിക്ക് സെ. പീറ്റേഴ്സ് പള്ളി വികാരി വന്ദ്യ കോർ എപ്പിസ്കോപ്പ സ്കറിയ തേലപ്പിള്ളിൽ, ഓക്ക് പാർക്ക് സെ. ജോർജ് പള്ളി സഹവികാരി വന്ദ്യ കോർ എപ്പിസ്കോപ്പ മാത്യു കരുത്തലയ്ക്കൽ, ഓക്ക് പാർക്ക് പള്ളി വികാരി റവ.ഫാ. ലിജു പോൾ, സെ. പീറ്റേഴ്സ് പള്ളി സഹവികാരി റവ.ഫാ. അനീഷ് സ്കറിയ എന്നിവർ നേതൃത്വം നല്കി.

റെജി സേവ്യർ ആയിരുന്നു കീനോട്ട് സ്പീക്കർ. 'ആകയാൽ ഇപ്പോൾ ക്രിസ്തുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1) എന്നുള്ളതായിരുന്നു ഈ റിട്രീറ്റിന്റെ ചിന്താവിഷയം.

തദവസരത്തിൽ ശെമ്മാശന്മാരായ കുര്യൻ പി. ജോർജും, ജോർജ് വർഗീസും ആനുപാതികമായി വിശുദ്ധനായ സെന്റ് പോൾസിനെപ്പറ്റിയും മഹാപരിശുദ്ധയായ കന്യകാമറിയാമിനെപ്പറ്റിയും പ്രസംഗങ്ങൾ നടത്തി. സെന്റ് മേരീസ് വിമൻസ് ലീഗിന്റെ റീജിനൽ കോ-ഓർഡിനേറ്റർ മേഴ്സി സ്കറിയ യോഗത്തിൽ സന്നിഹിതരായിരുന്ന ഏവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ഗിരി റോയി ബൈബിൾ റീഡിംഗ് നടത്തി. തദവസരത്തിൽ ഭദ്രാസന കൗൺസിൽ അംഗം ഷെവലിയർ ജെയ്മോൻ സ്കറിയ, ഡീക്കൻ നവീൻ ജീവൻ എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തിൽ സെന്റ് പീറ്റേഴ്സ് പള്ളി അംഗങ്ങളും സെന്റ് ജോർജ് പള്ളി അംഗങ്ങളും കർണ്ണാനന്ദകരമായ ഗാനങ്ങൾ ആലപിച്ചു. തദവസരത്തിൽ റെജി സേവ്യറിന് റീജിയണിന്റെ സ്നേഹോപഹാരം നല്കി. ചെറിയാൻ തോമസ്, സിൻസി വർഗീസ്, മേഴ്സി ജോർജ് എന്നിവർ ഫുഡ് കോ-ഓർഡിനേറ്റർമാരായിരുന്നു. സെന്റ് പോൾസ് മെൻസ് ഫെലോഷിപ്പിന്റെ റീജിണൽ കോ-ഓർഡിനേറ്റർ വർഗീസ് പാലമലയിൽ യോഗത്തിൽ സന്നിഹിതരായിരുന്ന ഏവർക്കും നന്ദി രേഖപ്പെടുത്തി.







വൈകുന്നേരം നാലു മണിക്കുള്ള ലഘുഭക്ഷണത്തോടെ യോഗം സമാപിച്ചു.

# ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയ്ക്ക് ഡാളസ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള വരവേല്പ്

ഷാജി രാമപുരം

ഡാളസ്: പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ നിറവിലായിരിക്കുന്ന മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തയും റാന്നി നിലയ്ക്കൽ ഭദ്രാസനാധിപനുമായ ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തായ്ക്ക് ഡാളസ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള വരവേല്പ് നല്കി.

റവ. ഏബ്രഹാം വി. സാംസൺ, റവ. ജസ്റ്റിൻ പാപ്പച്ചൻ ജേക്കബ്, പി. ടി. മാത്യു, ബാബു സി. മാത്യു, ഷാജി എസ്. രാമപുരം, ചെറിയാൻ അലക്സാണ്ടർ, ഈശോ മാളിയേക്കൽ, ജോൺ മാത്യു, പി.എം. ഏബ്രഹാം, ആൻഡ്രൂസ് അഞ്ചേരി എന്നിവർ കാനഡയിൽ നിന്നും ഡാളസിൽ എത്തിച്ചേർന്ന സഫ്രഗൻ മെത്രാപ്പോലീത്തയെ സ്വീകരിക്കുവാൻ എയർപോർട്ടിൽ എത്തിയിരുന്നു.



ഡാളസിലെ റിച്ചാർഡ്സണിലുള്ള കോട്ടയം അഞ്ചേരി സ്വദേശി ബാബു സി. മാത്യുവിന്റെ ഭവനത്തിൽ വെച്ച് നടന്ന സ്വീകരണ സമ്മേളനത്തിൽ അനേകം വൈദികശ്രേഷ്ഠരും അത്മായ നേതാക്കളും സംബന്ധിച്ചു.

TRAVANCORE FOUNDATION®
Senior Care at its Best

# THE LEGACY OF CARE




## Invest in Senior Living with Travancore Foundation

TOTAL AND DIVERSE RANGE OF SENIOR CARE SERVICES

MEMBER

Christian Medical Association of India

ASLI Association of Senior Living India
Empowering Senior Living and Care in India

SLAK SENIOR LIVING ASSOCIATION OF KERALA

TERCA TRAVANCORE EDUCATION AND RESEARCH CENTRE ON AGEING PVT. LTD.

Great Place To Work. Certified FEB 2026-FEB 2027 INDIA

SWI - ASLI 2022-25

www.travancorefoundation.com +91 97784 28525, 95447 17070

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**